# സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും

(Volume VIII)

കോറെപ്പിസ്കോപ്പ കെ. മാണി രാജൻ

J. S. C. Publications
Patriarchal Centre
Puthencruz

2017

**സുറിയാനി സഭയിലെ**
**രക്തസാക്ഷികളും പരിശുദ്ധന്മാരും**
**മേലദ്ധ്യക്ഷന്മാരും**
(Volume VIII)

By
Corepiscopo (Dr.) K. Mani Rajan

First Edition : 2017

Copyright @ Author

*All rights reserved . No reproduction or translation in whole or part is allowed without written permission from the author.*

Layout: Megapixel Graphics, Kottayam

Printed at: Mor Julios Press, Puthencruz

Published By:
J. S. C. Publications
MD Church Centre, Patriarchal Centre
Puthencruz, Kerala, India

Phone: + 91 484 2255581, 3299030

Copies: 1000

Price Rs. 75/-

# ഉള്ളടക്കം


അവതാരിക ..................... v

ആമുഖം ..................... vii

1. അർമേനിയായിലെ വിശുദ്ധ ഗ്രിഗോറിയോസ് ..................... 1
2. രക്തസാക്ഷിയായ മോർ അത്താനാസിയോസ് ദെൻഹൊ ദ് ബെത്ത് റൂമി ..................... 4
3. രക്തസാക്ഷിയായ വിശുദ്ധ അർത്തിമിയസ് ..................... 6
4. സന്യാസിയായ വിശുദ്ധ ആഹൊ ..................... 8
5. മോർ ഫിലക്സിനോസ് യൂഹാനോൻ ദൊലബാനി ..................... 13
6. രക്തസാക്ഷിയായ വിശുദ്ധ മെനാസ്സ് ..................... 16
7. രക്തസാക്ഷികളായ സെനോബിയസും സഹോദരി സെനോബിയയും ..................... 18
8. സന്യാസിയായ നൈട്രിയായിലെ വിശുദ്ധ പാംബോ ..................... 20
9. ട്രാജൻ ചക്രവർത്തിയുടെ മകളായ ദ്രോസിസ് ..................... 24
10. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ദീവന്നാസിയോസ് തൽമഹറെ ..................... 27
11. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ യൂഹാനോൻ IX ബർശൂശാൻ ..................... 29
12. രക്തസാക്ഷികളായ ബഹനാമും സഹോദരി സാറായും ..................... 31
13. എത്യോപ്യനായ വിശുദ്ധ മോശ ..................... 34
14. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ഇഗ്നാത്തിയോസ് നൂഹ് (നോഹ) ..................... 38
15. ഉറഹായിലെ മെത്രാപ്പോലീത്ത മോർ യൂളോജിയസ് ..................... 40
16. മഹാനായ വിശുദ്ധ അർസേനിയസ് ..................... 43

17. സെനൊ ചക്രവർത്തിയുടെ
മകളായ വിശുദ്ധ ഹിലാരിയ ........ 46

18. സന്യാസിയും എഴുത്തുകാരനുമായ എവാഗ്രിസ് ........ 49

19. രക്തസാക്ഷിയായ വിശുദ്ധ യൂജിനിയ ........ 52

20. രക്തസാക്ഷിയായ വിശുദ്ധ മമ്മാസ് ........ 55

21. രക്തസാക്ഷിയായ വിശുദ്ധ ഈറിനി ........ 58

22. ഹെരാക്ലിയയിലെ മോർ തോമ ........ 60

23. റ്റെല്ലയിലെ മോർ യൂഹാനോൻ ........ 62

24. മർദ്ദീനിലെ മോർ യൂഹാനോൻ ........ 64

25. രക്തസാക്ഷിയായ തിയോഡോറ്റസ് ........ 66

26. ബെസന്റിയൻ രാജ്ഞിയായ തിയഡോറാ ........ 68

27. ഏകാന്തവാസിയായിരുന്ന മോർ പലേഡിയസ് ........ 72

28. ഏതൻസിലെ വിശുദ്ധ
ദീവന്നാസിയോസ് അറിയൊപാഗൈറ്റ് ........ 75

29. രക്തസാക്ഷിയായ ഇസിദോർ ........ 78

30. എഡേസ്സായിലെ മോർ പൗലോസ് ഒന്നാമൻ ........ 79

References ........ 83

Name Index - Volume VIII ........ 89

General Index - Volume I - VII ........ 91

Other Books by the author ........ 99

ഗ്രന്ഥകർത്താവ് ........ 103

# അവതാരിക

ഭൂമിയിലെ വിശുദ്ധന്മാരോ അവർ എനിക്ക് പ്രസാദമുള്ള ശ്രേഷ്ഠന്മാർ തന്നെ (സങ്കീ:16:3). ഈ ശ്രേഷ്ഠതയുടെ പാരമ്യത്തിൽ അവർ ദൈവിക സഹവാസത്തിൽ എത്തിച്ചേരുന്നു. വിശുദ്ധ സഭ പഠിപ്പിക്കുന്ന പ്രകാരം അവരുടെ ആത്മാക്കളിൽ പിതാവാം ദൈവവും, അവരുടെ അസ്ഥികളിൽ പുത്രനാം ദൈവവും വസിക്കുന്നു. ആകയാൽ അവരുടെ ഓർമ്മ അനുഗ്രഹീതവും തന്നെ (സദൃ:10:7). ഈ അനുഗ്രഹം പ്രാപിക്കേണ്ടവർ അവരെപ്പറ്റി അറിയുകയും അവരുടെ വിലയേറിയ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും വേണം. ഇത്തരം അറിവുകൾ വിശുദ്ധ സഭാ മക്കൾക്കു ലഭ്യമാകുന്നതാണ് വന്ദ്യ മാണി രാജൻ കോറെപ്പിസ്കോപ്പായുടെ ഈ പുസ്തക പരമ്പര. ഇതിലെ എട്ടാം വാല്യമാണീ ഗ്രന്ഥം. ഇതിൽ പ്രതിപാദിച്ചിരിക്കുന്ന 30 പേരുൾപ്പെടെ വന്ദ്യ കോറെപ്പിസ്കോപ്പയുടെ 8 വാല്യങ്ങൾ വഴി 240 പിതാക്കന്മാരെ നമുക്കു പരിചയപ്പെടുത്തുന്നു. ലളിതസുന്ദരമായ ഭാഷാശൈലി കോറെപ്പിസ്കോപ്പയ്ക്ക് സ്വതസിദ്ധമാണ്. വായനക്കാർക്ക് യാതൊരുവിധ മുഷിപ്പുകളും ഉണ്ടാകുന്നില്ല എന്ന് മാത്രമല്ല പരിശുദ്ധ പിതാക്കൻമാരുടെ വിവരണങ്ങൾ ഒന്നിനു പുറകെ ഒന്നായി വായിച്ചു തീർക്കുവാൻ അനുവാചകർക്ക് ഉൾപ്രേരണ നൽകുന്നതു തന്നെ. ആഗോളതലത്തിലുള്ള വിശുദ്ധ സഭാ മക്കൾക്ക് പ്രയോജനപ്പെടുവാൻ തക്കവണ്ണം ഈ വാല്യങ്ങൾ മുഴുവന്റേയും ഇംഗ്ലീഷ് വിവർത്തനങ്ങളും പ്രസിദ്ധീകരിക്കുവാൻ വന്ദ്യ കോറെപ്പിസ്കോപ്പ ശ്രദ്ധിക്കുന്നുമുണ്ട്.

വിശുദ്ധരെ ആദരിക്കുന്നവർ ദൈവത്തെയാണ് ബഹുമാനിക്കുന്നത്. വിശുദ്ധരേയും, രക്തസാക്ഷികളെയും, ശ്രേഷ്ഠാചാര്യന്മാരെയും ഒക്കെ ബഹുമാനിക്കുകയും അവരുടെ മദ്ധ്യസ്ഥതയിൽ അഭയം പ്രാപിക്കുകയും അതിനായി അവരുടെ അസ്ഥികളോ ഇതര തിരുശേഷിപ്പുകളോ ദൈവാലയങ്ങളിൽ സൂക്ഷിക്കുകയും ചെയ്യുന്ന പതിവ് നമ്മുടെ സഭയിലുണ്ടല്ലോ. ഇതിന് വിശുദ്ധ സഭാമക്കളെ പ്രേരിപ്പിക്കുകയും സഹായിക്കുകയും ചെയ്യുന്ന വിലപ്പെട്ട ഈ പ്രവർത്തനം അത്യന്തം ശ്ലാഘനീയം തന്നെ. വന്ദ്യ കോറെപ്പിസ്കോപ്പ വിശുദ്ധ സഭയ്ക്കു നൽകുന്ന സുഗന്ധ വാഹിയായ ഒരു പൂച്ചെണ്ടാണിത്. ഇതിൽ നിന്നും 240 തരം സുഗന്ധങ്ങളാണ് പുറപ്പെടുന്നതും. ഈ പരിമളം ആസ്വദിച്ച് ധന്യത പ്രാപിക്കുവാൻ വിശുദ്ധ സഭാമക്കളെ വിനീതമായി ആഹ്വാനം ചെയ്യുന്നു.

**തിരുവനന്തപുരം** — **ഫാ. ഡോ. സി. എ. നൈനാൻ**
**9 ഡിസംബർ 2016** — M. Sc., Ph. D., Th. D., D. D., D. Litt.

# ആമുഖം

സുറിയാനി സഭയിലെ രക്തസാക്ഷികളും പരിശുദ്ധന്മാരും മേലദ്ധ്യക്ഷന്മാരും എന്ന പുസ്തകത്തിന്റെ എട്ടാം വാല്യമാണ് ഇപ്പോൾ പ്രസിദ്ധീകരിക്കുന്നത്. മുൻ വാല്യങ്ങളിലേതുപോലെ 30 ജീവചരിത്രങ്ങളാണ് ഇതിലുൾപ്പെടുത്തിയിരിക്കുന്നത്.

കഴിഞ്ഞ രണ്ട് പതിറ്റാണ്ടുകളിലായി എഴുതിയ എട്ടു വാല്യങ്ങളും ഒരു വാല്യമായി പ്രസിദ്ധീകരിക്കണമെന്നാഗ്രഹമുണ്ട്. സുറിയാനി സഭയിലെ രക്തസാക്ഷികളുടെയും, പിതാക്കന്മാരുടെയും ജീവചരിത്രങ്ങൾ ജനുവരി ഒന്നു മുതൽ ഡിസംബർ 31 വരെയുള്ള തീയ്യതികളിൽ സുറിയാനി സഭാ കലണ്ടറനുസരിച്ച് ക്രമീകരിക്കുവാനാണ് പരിശ്രമിക്കുന്നത്. ഇപ്രകാരമുള്ള ഒരു പുസ്തകം ലഭ്യമല്ല എന്ന വസ്തുത ദു:ഖകരമാണ്.

സഭാ പിതാക്കന്മാരെയും സന്യാസ ശ്രേഷ്ടരുടെയും, രക്തസാക്ഷികളുടെയും ത്യാഗങ്ങളും ജീവിതരീതികളും പഠിക്കുമ്പോൾ അവരോടുള്ള ആദരവ് പതിന്മടങ്ങ് വർദ്ധിക്കുക തന്നെ ചെയ്യും. അവരുടെയെല്ലാം മദ്ധ്യസ്ഥതയാലാണ് ദൈവമായ കർത്താവ് ഈ എളിയവനെ ഈ വാല്യങ്ങളെല്ലാം എഴുതുന്നതിന് ശക്തനാക്കിയത്.

പുണ്യശ്ലോകനായ അന്ത്യോഖ്യാ പ്രതിനിധിയായിരുന്ന മോർ യൂലിയോസ് ഏലിയാസ് ബാവായുടെ മഹാനിര്യാണത്തിന്റെ 55-ാം ശ്രാദ്ധത്തിനോടനുബന്ധിച്ച് ഈ പുസ്തകം പ്രസിദ്ധീകരിക്കുവാൻ കഴിയുന്നതിൽ ത്രിയേക ദൈവത്തെ മഹത്വപ്പെടുത്തുന്നു.

കുന്നംകുളം **കോറെപ്പിസ്കോപ്പ മാണി രാജൻ**
19 ഫെബ്രുവരി 2017

# 1. അർമേനിയായിലെ വിശുദ്ധ ഗ്രിഗോറിയോസ്

**(AD 257 ? - AD 331 ?)**

ഗ്രിഗോറിയോസ് (ഗ്രിഗറി) ഉദ്ദേശം AD 257ൽ അർമേനിയയിൽ ജനിച്ചു (https://orthodoxwiki.org /Gregory _the_Enlightener). ഇദ്ദേഹത്തെ അർമേനിയയുടെ അപ്പോസ്തോലൻ എന്നും കാവൽപിതാവെന്നും 'അർമേനിയയുടെ സൂര്യൻ' എന്നും അറിയപ്പെടുന്നു (Smith & Wace, 1880, Vol. II). റോമിന്റെയും പേർഷ്യയുടെയും അതിർത്തി പ്രദേശമായിരുന്നു അർമേനിയ.

ഗ്രിഗോറിയോസിന്റെ പിതാവായ അനാക്ക് (പ്രഭു) ഒരു പാർത്ഥ്യനായിരുന്നു. സസ്സാമിഡ് അർദ്ദാഷിറിന്റെ പ്രേരണയാൽ ഒരു രാഷ്ട്രീയ വൈരാഗ്യത്തിന്റെ പേരിൽ അനാക്ക്, കൊസറോവ് ഒന്നാമൻ രാജാവിനെ കൊലപ്പെടുത്തി. ആ സമയത്ത് ഗ്രിഗോറിയോസ് ഒരു ബാലനായിരുന്നു. ഓടി രക്ഷപെടുന്നതിന് ശ്രമിച്ച അനാക്കും കുടുംബവും (രണ്ടു മക്കളൊഴികെ) അരാക്സസിൽ മുങ്ങി മരിച്ചു. രക്ഷപെട്ട രണ്ടു മക്കളിൽ ഒരാൾ പേർഷ്യയിലേക്ക് പോയി. ഗ്രിഗറിയെ വളർത്തമ്മയായ മേരി കപ്പദോക്യയിലെ കൈസര്യയിലേക്ക് (ആധുനിക കേസരി, ടർക്കി) കൊണ്ടുപോയി. അവിടെ ഗ്രിഗറി ഒരു ക്രിസ്ത്യാനിയായി വളർന്നു.

വിവാഹിതനായ ഗ്രിഗോറിയോസിന് രണ്ട് മക്കളുണ്ടായിരുന്നു. ഒർത്താനസ് (ബർദാനസ്/വെർട്ടാനസ്) എന്നു പേരുള്ള മകൻ പിന്നീട് പുരോഹിതനായി. അരിസ്റ്റേജസ് (അരിസ്റ്റേക്കസ്) എന്നു പേരുള്ള മകൻ സന്യാസിയാകുകയും പിന്നീടു മെത്രാപ്പോലിത്തയായ

ശേഷം AD 325 ൽ നിഖ്യാ സുന്നഹദോസിൽ സംബന്ധി ക്കുകയും ചെയ്തു.

റ്റിറിഡേറ്റസ് എന്നു പേരുള്ള കൊസറോവ് രാജാവിന്റെ മകൻ വധത്തിൽ നിന്ന് രക്ഷപെടുകയും റോമൻ പട്ടാളത്തിലെ പരിശീലനത്തിനു ശേഷം പേർഷ്യക്കാരെ ഓടിക്കുന്നതിനും അർമേനിയൻ സാമ്രാജ്യം പുന:സ്ഥാപി ക്കുന്നതിനായി മടങ്ങി വരുകയും ചെയ്തു (http://www.newadvent.org /cathen/07023a .htm). ഉദ്ദേശം AD 280 ൽ കൊല ചെയ്യപ്പെട്ട കൊസറോവ് രാജാവിന്റെ മകനായ റ്റിറിഡേറ്റസ് മൂന്നാമൻ രാജാവിന്റെ കാലത്ത് ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്നപ്പോൾ ഗ്രിഗോറിയോസ് അർമേനിയയിലേക്ക് മടങ്ങിവന്നു.

റ്റിറിഡേറ്റസ് രാജാവ് ബിംബങ്ങളെ തീഷ്ണതയോടെ സംരക്ഷിക്കുകയും ക്രിസ്ത്യാനികളോട് അസഹിഷ്ണത പുലർത്തുകയും ചെയ്തിരുന്നു. ഗ്രിഗോറിയോസ് ക്രിസ്തീയ വിശ്വാസം ത്യജിക്കണമെന്ന് റ്റിറിഡേറ്റസ് ആവശ്യപ്പെട്ടെങ്കിലും ഗ്രിഗോറിയോസ് അത് നിരാകരിച്ചു. തുടർന്ന് ഗ്രിഗോറിയോസിനെ ഒരു കല്ലറയിൽ (വിഷപാമ്പുകളുള്ള കുഴിയിൽ) പതിമൂന്നുവർഷം തടവിലാക്കി. ഈ കാലഘട്ടത്തിൽ റ്റിറിഡേറ്റസിന് ഒരു കഠിന രോഗം ബാധിക്കുകയും ശരീരഭാഗം വിരൂപമാകുകയും ചെയ്തു. ഗ്രിഗോറിയോസിന്റെ പ്രാർത്ഥനയാൽ രാജാവിന്റെ രോഗം സൗഖ്യമാക്കുകയും AD 297 ൽ ഗ്രിഗോറിയോസിനെ തടവിൽ നിന്ന് മോചിപ്പിക്കുകയും ചെയ്തു.

തടവിൽ നിന്ന് മോചിതനായശേഷം ഗ്രിഗോറിയോസ് എഴുപതുദിവസം ഉപവാസം അനുഷ്ഠിച്ചു. തുടർന്ന് വിഗ്രഹാരാധന ഉപേക്ഷിക്കുന്നതിനും ക്രിസ്തുവിനെ അനുകരിക്കുന്നതിനുംവേണ്ടി സുവിശേഷവേല ചെയ്തു. റ്റിറിഡേറ്റസ് രാജാവ് അനുതപിക്കുകയും അർമേനിയയിലെ ഭൂരിഭാഗം ജനങ്ങളും ക്രിസ്തുമതം സ്വീകരിക്കുന്നതിനുള്ള ഗ്രിഗോറിയോസിന്റെ ആഹ്വാനം സ്വീകരിക്കുകയും ചെയ്തു. AD 301 ൽ റ്റിറിഡേറ്റസിനെ

ഗ്രിഗോറിയോസ് സ്നാനം കഴിപ്പിച്ചു. അതേവർഷം തന്നെ റ്റിറിഡേറ്റസ് അർമേനിയ രാജ്യത്തിന്റെ മതം ക്രിസ്തുമത മായി അംഗീകരിച്ചു. അർമേനിയയിലെ ക്ഷേത്രങ്ങൾക്ക് പകരം ദൈവാലയങ്ങൾ പണിതുയർത്തി. ഡയോക്ലിഷ്യൻ ചക്രവർത്തിയുടെ കാലഘട്ടത്തിലാണ് (AD 284-305) ഇത് സംഭവിച്ചത്. കുസ്തന്തിനോസ് ഒന്നാമന് ഇരുപതു വർഷം മുൻപ് ക്രിസ്തുമതം ജനങ്ങളുടെമേൽ അടി ച്ചേൽപ്പിച്ച ആദ്യത്തെ ഏകാധിപതിയാണ് റ്റിറിഡേറ്റസ്. കുസ്തന്തിനോസ് ചക്രവർത്തി ക്രിസ്തുമതം സ്വീകരിച്ച പ്പോൾ അദ്ദേഹത്തെ അഭിനന്ദിക്കുന്നതിനായി എഴുപതി നായിരം പട്ടാളക്കാരോടുകൂടെ ഗ്രിഗോറിയോസും റ്റിറി ഡേറ്റസും പോകുകയുണ്ടായി.

AD 302 ൽ ഗ്രിഗോറിയോസ് അർമേനിയയുടെ മെത്രാപ്പോലിത്തയായി വാഴിക്കപ്പെട്ടു. അദ്ദേഹത്തിന്റെ ആസ്ഥാനം റ്റാറോണിലെ അഷ്റ്റിഷാറ്റ് എന്ന സ്ഥലത്താ യിരുന്നു. AD 303 ൽ അറാറത്ത് മലയുടെ അടുത്ത് ഗ്രിഗോ റിയോസ് ഒരു കത്തീഡ്രൽ പണികഴിപ്പിച്ചു. AD 318 ൽ മോർ ഗ്രിഗോറിയോസ് തന്റെ മകനായ അരിസ്റ്റാജസിനെ പിൻഗാമിയായി നിയമിച്ചു. കക്കാസൂസിലും അനറ്റോ ലിയയിലും സുവിശേഷം പ്രചരിപ്പിക്കുന്നതിന് കൊച്ചു മകനായ ഗ്രിഗോറിയോസിനെ ചുമതലപ്പെടുത്തി.

AD 331 നോടടുത്ത് സെബൂഹ് മലക്കരികിലുള്ള ഒരു ആശ്രമത്തിൽ വിശ്രമം ജീവിതം നയിച്ചു വരവെ കാലം ചെയ്യുകയും തൊർട്ടാനിൽ കബറടക്കുകയും ചെയ്തു. (www.britannica.com/biography/Saint-Gregory-the-Illuminator, https://orthodoxwiki.org/Gregory_the_Enlightener; http://www.newadvent.org/cathen/07023a.htm). അർമേനിയയിലെ ഗ്രിഗോറിയോ സിന്റെ ഓർമ്മ സെപ്തംബർ 30-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 2. രക്തസാക്ഷിയായ മോർ അത്താനാസിയോസ് ദെൻഹൊ ദ് ബെത്ത് റൂമി

## (AD 1836 - AD1915)

മോർ അർത്താനാസിയോസ്, ദെൻഹൊ അൻപോൻ എന്ന് ഗ്രാമത്തിൽ AD 1836 ൽ ജനിച്ചു. റൂമി കുടുംബ ത്തിൽ ദൈവഭക്തരായ മാതാപിതാക്കളുടെ ശിക്ഷണ ത്തിൽ ദെൻഹൊ വളർന്നു. ദെൻഹൊ ഒരു ആശ്രമത്തിൽ താമസിക്കുന്നതിനു തീരുമാനിക്കുകയും സന്യാസിയാ ക്കുകയും പിന്നീട് പുരോഹിതനാകുകയും ചെയ്തു.

പുരാഹിതനായ ദെൻഹൊ AD 1882 സിവറാക്ക്, ഗറാഗർ ഭദ്രാസനത്തിന്റെ മെത്രാപ്പോലിത്തയായി മോർ അത്താനാസിയോസ് എന്ന പേരിൽ വാഴിക്കപ്പെട്ടു. AD 1915ൽ കുർദുകൾ ഭദ്രാസന ആസ്ഥാനം ആക്രമിക്കു കയും മോർ അർത്താനാസിയോസ് ദെൻഹൊ മെത്രാപ്പോ ലിത്തയെ ബന്ധിച്ച് തടവിലാക്കുകയും ചെയ്തു. തടവിൽ നിന്ന് മെത്രാപ്പോലിത്ത ഓടി രക്ഷപെടാൻ ശ്രമിച്ചെങ്കിലും കല്ലെറിഞ്ഞ് കൊല്ലപ്പെട്ടു. മോർ അത്താനാസിയോസ് ദെൻഹൊ മെത്രാപ്പോലിത്തയോടുകൂടെ യാക്കോബ്, ജോസഫ് എന്നീ രണ്ടു പുരോഹിതന്മാരും ഏതാണ്ട് അറുപത് കുടുംബത്തിലെ ആളുകളും കൊല്ലപ്പെട്ടു.

മോർ അത്താനാസിയോസ് ദെൻഹൊ മെത്രാപ്പോ ലിത്തായുടെ കൈകുരിശ് അഡിയമ്മാനിലെ വിശുദ്ധ പത്രോസ് പൗലോസ് ശ്ലീഹന്മാരുടെ നാമത്തിലുള്ള ദൈവാലയത്തിൽ സൂക്ഷിച്ചിട്ടുണ്ട്.

**കുറിപ്പ്:** ആസിസ് ദ് ബെത്ത് അമോനൊ മല്പാൻ സുറിയാനിയിൽ തയ്യാറാക്കിയ ജീവചരിത്രം ഡോ. ഗീവർഗീസ് അസീസ് ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്തതിൽ നിന്നാണ് ഈ വിവരങ്ങൾ ലഭ്യമായിട്ടുള്ളത്.

# 3. രക്തസാക്ഷിയായ വിശുദ്ധ അർത്തിമിയസ്

**(AD? - AD 363)**

മഹാനായ കുസ്തന്തിനോസ് ചക്രവർത്തിയുടെ പട്ടാളത്തിലെ അംഗമായിരുന്നു അർത്തിമിയസ്. ഇദ്ദേഹത്തെയായിരുന്നു ഈജിപ്തിലെ ചുമതലകൾക്കായി നിയമിച്ചിരുന്നത്. ഈ ഉത്തരവാദിത്വങ്ങൾ നിർവ്വഹിക്കുന്നതിന് അർത്തിമിയസ് ഒരു പീഢകനും ഒരു വേദപിപരീതിയും ആകണമായിരുന്നു. അറിയോസ് പക്ഷക്കാരനായ കോൺറ്റാൻഷ്യസിന്റെ ഒത്താശയോടെ കപ്പദോക്യക്കാരായ ജോർജ്ജ്, അലക്സന്ത്രിയയിലെ അപ്പോസ്തോലിക സിംഹാസനത്തിൽ കടന്നു കയറിയപ്പോൾ മോർ അത്തനാസിയോസ് പാലായനം ചെയ്തു. മോർ അത്തനാസിയോസിനെ കണ്ടുപിടിക്കുന്നതിനുള്ള ചുമതല അർത്തിമിയസിനായിരുന്നു. അർത്തിമിയസ് അത്യുത്സാഹത്തോടെ ആശ്രമങ്ങളിലും ഈജിപ്തിലെ മരുഭൂമിയിലെ സന്യാസകേന്ദ്രങ്ങളിലും മോർ അത്താനാസിയോസിനെ അന്വേഷിച്ചു (Thurston & Attwater, 1990, Vol. IV).

അർത്തിമിയസ് ക്ഷേത്രങ്ങളും വിഗ്രഹങ്ങളും നശിപ്പിക്കുകയും വിഗ്രഹാരാധനക്കാരെ ശക്തിയോടെ എതിർക്കുകയും ചെയ്തു. എന്നാൽ വിശ്വാസത്യാഗിയായ ജൂലിയാൻ ചക്രവർത്തിയായപ്പോൾ പീഢകനായ അർത്തിമിയസ് പീഢിപ്പിക്കപ്പെട്ടു (Smith & Wace, 1877, Vol. I). അർത്തിമിയസിനെതിരെ വിഗ്രഹങ്ങൾ തകർത്തതുൾപ്പെടെ ചക്രവർത്തിയുടെ അടുക്കൽ ധാരാളം ആരോപണങ്ങൾ ഉന്നയിക്കപ്പെട്ടു. അതിനാൽ അർത്തിമിയസിന്റെ സ്വത്തുകൾ കണ്ടുകെട്ടുകയും ശിരഛേദനം ചെയ്യുകയും ചെയ്തു.

അപ്പോസ്തോലനായ അന്ത്രയോസിന്റെയും സുവിശേഷകനായ ലൂക്കോസിന്റെയും തിരുശേഷിപ്പുകൾ അച്ചായിയയിൽ നിന്ന് കുസ്തന്തിനോസ് പോലിസിലേക്ക് കൊണ്ടുപോകുന്നതിന് അർത്തിമിയസിനെ കോൺസ്റ്റാൻഷ്യസ് രണ്ടാമൻ ചക്രവർത്തി നിയമിച്ചിരുന്നതായി അറിയോസ് പക്ഷക്കാരാനായ ഫിലോസ്റ്റോർജിയസ് എന്ന് നാളാഗമ ചരിത്രകാരൻ രേഖപ്പെടുത്തിയിട്ടുണ്ട്.

വിശുദ്ധ അർത്തിമിയസ് രക്തസാക്ഷിയുടെ ഓർമ്മ സുറിയാനി സഭ ഒക്ടോബർ 20-ാം തീയതി ആചരിക്കുന്നു.

# 4. സന്യാസിയായ വിശുദ്ധ ആഹൊ

**(c. AD 419 - AD 524)**

ആഹൊ ഉദ്ദേശം AD 419 ൽ നിസിബിന് തെക്കു കിഴക്കുള്ള റിഷ് ഐനൊ പട്ടണത്തിൽ ജനിച്ചു. ഉബെയ്ദൊയുടെ മൂന്നു മക്കളിൽ ഒരാളായിരുന്നു ആഹൊ. ആഹൊയ്ക്ക് പന്ത്രണ്ട് വയസ്സുള്ളപ്പോൾ ആ പ്രദേശത്തെ ഒരു സന്യാസിയുടെ ശിഷ്യനാകുകയും വളരെ സമർത്ഥനായ വിദ്യാർത്ഥിയായി തീരുകയും ചെയ്തു (http://www.soc-wus.org/ ourchurch/St.%20Aho.htm).

ഉദ്ദേശം AD 439 ൽ റിഷ് ഐനൊ പേർഷ്യക്കാർ ആക്രമിക്കുകയും പട്ടാളം നുസെയ്ബിനിൽ വരികയും അവിടെയുള്ളവരെ ഹാരാനിലേക്ക് ഓടിക്കുകയും ചെയ്തു. ഈ സന്ദർഭത്തിൽ ഉബെയ്ദൊ ആഹൊയോട് പറഞ്ഞു: ‘‘മകനെ, കണ്ടാലും നമ്മുടെ ഗ്രാമവാസികൾ പട്ടണത്തിനുപുറത്ത് വാതിൽക്കൽ കാത്തിരിക്കുകയാണ്. നിന്റെ മാതാവും സഹോദരന്മാരും അവരോട് കൂടെയുണ്ട്. എഴുന്നേറ്റ് നമുക്കും അങ്ങോട്ടു പോകാം.’’ ആഹൊ സമ്മതിച്ച് ഉബെയ്ദൊയുടെ കൂടെ പോയി. അവർ യാത്ര ചെയ്ത് യൂഫ്രട്ടീസ് പാലം കടന്നപ്പോൾ തിക്കിലും തിരക്കിലും പെട്ട് ഇരുനൂറോളം പേർ മരണമടഞ്ഞു. ഇത് കണ്ട ആഹൊ മടങ്ങിപ്പോരുകയും എന്നാൽ പിതാവും, മാതാവും സഹോദരങ്ങളും യാത്ര തുടരുകയും ചെയ്തു. ഉബെയ്ദൊ വഴിയിൽ വെച്ച് നിര്യാതനായി.

ആഹൊ, റിഷ് ഐനൊയിൽ മടങ്ങിവന്ന് സമപ്രായക്കാരനായ ഒരാളോടുകൂടെ നുബെയ്സിനിലേക്ക് യാത്ര ചെയ്തു. പേർഷ്യൻ പട്ടാളക്കാർ രണ്ടുപേരെയും ബന്ധനത്തിലാക്കി. ഏതാണ്ട് ഏഴായിരത്തോളം ആളുകൾ ഇപ്രകാരം ബന്ധനത്തിലായി നുസെയ്ബിനിൽ കഴിഞ്ഞി

രുന്നു. അടിമവേല ചെയ്യിക്കുന്നതിനായി ആഹൊയെ മിഖായേൽ എന്ന ക്രിസ്ത്യാനിയായ ഒരു പട്ടാളക്കാരനെ ഏല്പിച്ചു. ആഹൊ ക്രിസ്ത്യാനിയാണെന്ന് മനസ്സിലാക്കിയ മിഖായേൽ ആഹൊയെ രാജാവിന്റെ (യസ്ദാഗ്രിഡ് രണ്ടാമൻ?) അടുക്കൽ കൊണ്ടുപോകുകയും അമ്മയുടെ ചാർച്ചയിൽപ്പെട്ട സഹോദരനാണെന്നും പരിചയപ്പെടുത്തുകയും ചെയ്തു. അങ്ങനെ ആഹോയെ ഒരു പട്ടാളക്കാരനായി രജിസ്റ്റർ ചെയ്യുകയും ചെയ്തു.

മിഖായേലും ആഹൊയും പേർഷ്യൻ പട്ടാളത്തിൽ പതിനെട്ടുവർഷം സേവനം അനുഷ്ഠിച്ചു. ഉദ്ദേശം AD 458 ൽ രണ്ടുപേരും കർത്താവിന്റെ പാത പിൻതുടരുന്നതിന് തീരുമാനം ചെയ്തു. അവർ ഒരു സ്വപ്നം കണ്ടു, അതിൻ പ്രകാരം അവർ പടിഞ്ഞാറോട്ടു യാത്ര ചെയ്യുകയും നിസിബിസിലെത്തി അവിടെ നിന്ന് ദാര എന്ന ഗ്രാമത്തിൽ പ്രവേശിക്കുകയും ചെയ്തു. അവിടെ തിയോഡോറോസ് എന്ന ഒരാൾ അവരെ സ്വീകരിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ മകനായ ഹേവോറൊ ജന്മനാ മൂകനും ബധിരനുമായിരുന്നു. മിഖായേലിന്റെയും ആഹൊയുടെയും പ്രാർത്ഥനയാൽ ഹേവോറൊ സൗഖ്യം പ്രാപിച്ചു. അവർക്കുവേണ്ടി തിയോഡോറോസ് കെസാറിൽ ഒരു ആശ്രമം പണികഴിപ്പിച്ചു. ആ ആശ്രമത്തിൽ വേറെ ഇരുപതു സന്യാസികൾ അവരോടുകൂടെ ചേർന്നു. ആ ആശ്രമത്തിനു സമീപത്തുള്ള സമോർട്ടോ (ക്ഫാർ സമോറോ) ഗ്രാമത്തിലെ ഒരു മുത്തിരിത്തോട്ടം മോർ ആഹൊയ്ക്കും മേർ മിഖായേലിനുമായി നൽകപ്പെട്ടു. സമോട്ടോയിൽ ഹോബേൽ എന്ന ഒരാളിൽ നിന്നും മോർ ആഹൊ ഒരു പിശാചിനെ പുറത്താക്കി.

മോർ മിഖായേൽ അഞ്ചു വർഷത്തിനുശേഷം ആ സമൂഹംവിട്ട് നിനുവയിലേക്ക് പോകുകയും അവിടെ ഒരു ആശ്രമം പണിയുകയും ചെയ്തു. AD 463 ൽ കാലം ചെയ്യുന്നതുവരെ മിഖായേൽ അവിടെ ഒരു തൂണിലിരുന്നു തപസനുഷ്ഠിച്ചു. ഏതാണ്ട് ഈ സമയത്തു മോർ ആഹൊ യരുശലേമിലേക്ക് ഒന്നരവർഷം നീണ്ടുനിന്ന

ഒരു യാത്ര നടത്തുകയുണ്ടായി. തിരികെ യാത്ര ചെയ്ത് അക്ക എന്ന സ്ഥലത്തുനിന്ന് കയറിയ കപ്പൽ സ്വന്തം സഹോദരന്മാരുടേതായിരുന്നു. മോർ ആഹൊ അന്ത്യോഖ്യായിൽ കപ്പലിറങ്ങി. മാതാവിനെ അക്കയിൽ മടങ്ങി ചെന്ന് കാണുന്നതിന് സഹോദരന്മാർ നിർബന്ധിച്ചെങ്കിലും ആഹൊ അതിനു സമ്മതിച്ചില്ല. ഈ വിവരം ആഹൊയുടെ മാതാവറിഞ്ഞ് അന്ത്യോഖ്യയിലേക്ക് യാത്ര ചെയ്ത് ആഹൊയെ കണ്ടുമുട്ടി. AD 474 ൽ അമ്മ മരിക്കുന്നതുവരെ ഒൻപതു വർഷത്തോളം ആഹൊ അമ്മയുടെ സമീപത്തു തന്നെ താമസിച്ചു.

ഈ കാലഘട്ടത്തിൽ തിയോഡോറോസ് തന്റെ മകനായ ഹേവോറയുടെ നാമത്തിൽ മോർ ആഹൊയ്ക്കുവേണ്ടി തുറബ്ദീനിൽ മറ്റൊരു ആശ്രമം പണികഴിപ്പിച്ചു. തേവോദോറാസിന്റെയും ആഹൊയുടെ അമ്മയുടെയും നിര്യാണത്തിനുശേഷം ആഹൊ ആ സമൂഹം വിട്ട് ഹദാസ് എന്ന ഗ്രാമത്തിലെത്തുകയും അവിടെ ഡോർസെല, മക്സിമസ് എന്നിവരുടെ ഭവനത്തിൽ അത്ഭുതം പ്രവർത്തിക്കുകയും ചെയ്തു.

AD 480 ൽ ആഹൊ യാത്ര ചെയ്ത് ഏതൻസിലെത്തുകയും അവിടെ അഞ്ചുവർഷം ചിലവഴിക്കുകയും ചെയ്തു. തുടർന്ന് കുസ്തന്തീനോസ് പോലിസിലേക്കും അവിടെ നിന്നു ഹദാസിലേക്കും യാത്ര ചെയ്തു. ഹദാസിൽ ഡോർസെല മക്സിമസ് ദമ്പതികൾ അവരുടെ ഏഴ് മക്കളിൽ മൂത്തവനായ റൂമാനോസിനെ മോർ ആഹൊയുടെ ശിഷ്യനായി നൽകി. മോർ ആഹൊ ആ ഗ്രാമത്തിൽ രണ്ടു വർഷം താമസിച്ചു.

പിന്നീട് മോർ ആഹൊ അർമേനിയയിലേക്ക് പോയി. അവിടെ അയൂസ് എന്ന ഗ്രാമത്തിൽ ഒരു വലിയ മരത്തിൽ ദൈവമുണ്ടെന്ന് വിശ്വസിച്ച് ആഘോഷം നടത്തുന്നവരെ എതിരിടുകയും ചെയ്തു. ജീവാപായം സംഭവിക്കുമെന്ന് ഭയപ്പെട്ട് ദൈവത്തോട് പ്രാർത്ഥിച്ചു. തുടർന്ന് ഒരു കൊടുംങ്കാറ്റ് ഉണ്ടാകുകയും ആ മരം കടപുഴകി ഒരു

മൈൽ ദൂരമുള്ള ഒരു നദിയിൽ പതിക്കുകയും ചെയ്തു. ജനമെല്ലാം മോർ ആഹൊയെ കൊല്ലുന്നതിനായി ആരവമുണ്ടാക്കി. കാരണം 'യേശു ക്രിസ്തുവാണ് എന്റെ ദൈവമെന്ന്' ആഹൊ പറഞ്ഞിരുന്നു. കടപുഴകിയ മരം അതിലെ ദൈവത്തോട് കൂടെ തിരികെ കൊണ്ടുവരണമെന്ന് അവർ ആവശ്യപ്പെട്ടു. മറ്റൊരു കൊടുങ്കാറ്റുണ്ടാകുകയും രണ്ടു മണിക്കൂർ നേരം അന്ധകാരം പരക്കുകയും ചെയ്തു. തുടർന്ന് ആ വിഗ്രഹാരാധനക്കാരെല്ലാം മോർ ആഹൊയുടെ വിശ്വാസം സ്വീകരിച്ചു.

ഉദ്ദേശം AD 508 ൽ മോർ ആഹൊ അവിടെ ഒരു ദൈവാലയം പണിയുകയും മിലിറ്റിനിലെ മോർ കുരിയാക്കോസ് മെത്രപ്പോലിത്ത അങ്ങോട്ടു വരുന്നതിന് അപേക്ഷിക്കുകയും ചെയ്തു. മോർ കുരിയാക്കോസ് മെത്രപ്പോലിത്ത അവിടെ വരുകയും അനേകരെ മാമോദിസമുക്കുകയും പുരോഹിതന്മാരേയും ശെമ്മാശന്മാരെയും വാഴിച്ചാക്കുകയും ചെയ്തു. അവിടെ ഒരു ആശ്രമം പണിതു ഇരുപത്തിരണ്ടു വർഷം അവിടെ താമസിക്കുകയും ചെയ്തു.

മോർ ആഹൊ മരണാസന്നനായി എന്നറിഞ്ഞ ഗ്രാമവാസികൾ ആഹൊയുടെ ചുറ്റും കൂടിനിന്നു സങ്കടപ്പെടാൻ തുടങ്ങി. ആഹൊ പറഞ്ഞു: ''സഹോദരന്മാരെ ഇതാണ് എല്ലാ മനുഷ്യരുടെയും അന്ത്യം.'' കൂടി നിന്നവർ മറുപടിയായി പറഞ്ഞു: ''കരുണയുടെയും സമാധാനത്തിന്റേയും പിതാവെ! ഞങ്ങൾ അങ്ങയെ കാണുന്നതിന് ഇനി എവിടെ പോകും. അങ്ങയെപോലെ ഒരു നേതാവായി ഞങ്ങൾക്കിനി ആരുണ്ട്? അങ്ങയുടെ വലതു കരം നീട്ടി അങ്ങയുടെ മക്കളായ ഞങ്ങളെ അനുഗ്രഹിച്ചാലും. ഞങ്ങൾക്കു സമാധാനം നൽകി അങ്ങ് സമാധാനത്താലെ പോയാലും, സന്തോഷങ്ങളുടെ സ്ഥലത്തേക്ക് അങ്ങ് പോയാലും . . . അങ്ങയുടെ ആടുകൾക്ക് ഇടയനില്ലാതായിരിക്കുന്നു. ഞങ്ങളെ കടിച്ചുകീറുന്ന നായ്ക്കളിൽ നിന്ന് അങ്ങാണ് ഞങ്ങളെ രക്ഷിച്ചത്.''

വിശുദ്ധ ആഹൊ സ്ലീബായുടെ അടയാളത്താൽ അവരെ അനുഗ്രഹിച്ചു. ആഹൊ തിരിഞ്ഞ് മുട്ടുകുത്തി പ്രാർത്ഥിച്ചു: ''വിശുദ്ധനും ബലവാനുമായ ദൈവമായ കർത്താവെ, നിന്റെ ദാസനായ ഞാൻ ഈ നാഴിക യിൽ നിങ്കൽ സമർപ്പിക്കുന്ന അപേക്ഷയെ കേൾക്കണ മെ. ഇവർക്ക് സമാധാനത്തിന്റെ കാലങ്ങളും അനുഗ്ര ഹത്തിന്റെ കാലങ്ങളും നൽകണമെ . . . എല്ലാ നന്മകളിലും ഉത്സാഹികളായിരിപ്പാനും നിന്നെ ധ്യാനിച്ച് അവർ ചെയ്യുന്ന അപേക്ഷകളിൽ ഉറ്റിരിപ്പാനും കൃപചെ യ്യണമെ, നിന്റെ നാമത്തിലും ഈ നിന്റെ ദാസന്റെ നാമ ത്തിലും അപേക്ഷിക്കുന്നവരിൽ നിന്ന് പട്ടിണി, ക്ഷാമം, വെട്ടുക്കിളി, പ്ലേഗ് എന്നിവ നിരോധിക്കണമെ.'' പിന്നീട് കൂടിവന്നവരുടെ നേരെ തിരിഞ്ഞിട്ട് പറഞ്ഞു, ''എന്റെ നാഴിക വന്നിരിക്കുന്നു.'' തന്റെ ആത്മാവിനെ സൃഷ്ടാവി ങ്കൽ ഭരമേല്പിച്ചിട്ട് നിത്യ വിശ്രമത്തിലേക്ക് പ്രവേശിച്ചു. അദ്ദേഹത്തിന്റെ മുഖം സൂര്യനെപ്പോലെ പ്രകാശിച്ചു. ആ ദേശമെല്ലാം മൂന്നുദിവസം വിലാപവും പ്രാർത്ഥനകളും നടത്തി.

മോർ ആഹൊ കാലം ചെയ്യുമ്പോൾ 105 വയസ്സ് പ്രായ മുണ്ടായിരുന്നു. മോർ ആഹൊയുടെ ഓർമ്മ ഏപ്രിൽ 19, ഒക്ടോബർ 1 എന്നി തീയതികളിൽ സുറിയാനി സഭ ആചരിക്കുന്നു.

# 5. മോർ ഫിലക്സിനോസ് യൂഹാനോൻ ദൊലബാനി

## (AD 1885 - AD 1969)

യൂഹാനോൻ AD 1885 ഒക്ടോബർ 10–ാം തീയതി തുറബ്ദീനിലെ ക്യുലെത്ത് എന്ന അസ്സീറിയൻ ഗ്രാമത്തിൽ ജനിച്ചു. ഇരുപത്തിരണ്ടാം വയസ്സിൽ കുർക്കുമ ദയറായിൽ ചേർന്ന് സന്യാസിയായി AD 1933ൽ പരിശുദ്ധ അഫ്രേം പ്രഥമൻ ബർസൗം (AD 1933 - 1957) പാത്രിയർക്കീസ് ബാവ വന്ദ്യ യൂഹാനോൻ ദൊലബാനി റമ്പാനെ മർദ്ദീനിലെയും ചുറ്റുമുള്ള പ്രദേശങ്ങളിലേക്കും പാത്രിയർക്കാ പ്രതിനിധിയായി നിയമിച്ചു.

AD 1947 മെയ് 4–ാം തീയതി യൂഹാനോൻ റമ്പാച്ചനെ സിറിയയിലെ ഹോംസിൽ വച്ച് പരിശുദ്ധ പാത്രിയർക്കിസ് ബാവ ഫിലക്സിനോസ് എന്ന് പേരിൽ മർദ്ദീനിലേയും ചുറ്റുമുള്ള പ്രദേശങ്ങളിലേയും മെത്രാപ്പോലിത്തയായി വാഴിച്ചു. അസ്സീറിയക്കാരിൽ മഹാനെന്നറിയപ്പെട്ട ഫീലക്സിനോസ് യൂഹാനോൻ ദൊലബാനി ഒരു ശോഭിതനായ സഭാ പിതാവും ടർക്കിയിലെ ഭരണാധികാരികളുടെ വിദ്വേഷപരമായ സമീപനത്തെ എതിർക്കുകയും ചെയ്തിരുന്നു (http://bethnahrin.de /2007/08/19/a-man-of-god-and-assyria/).

അസ്സീറിയൻ യൂത്ത് ഫെഡറേഷനും (AYF) സ്വീഡനിലെ അസ്സീറിയൻ ഫെഡറേഷനും 2007 മാർച്ച് മാസത്തിൽ മോർ യൂഹാനോൻ ദൊലബാനിയുടെ ജീവചരിത്രവും എഴുത്തുകളും ഉൾപ്പെടുത്തി ഒരു പുസ്തകം പ്രസിദ്ധീകരിച്ചു. '*The Biography of Yuhanon Dolabani and Other Writings*' അസ്സീറിയൻ ഭാഷയിൽ പ്രസിദ്ധീകരിച്ചിരിക്കുന്ന ഈ പുസ്തകത്തിന്റെ രത്ന ചുരുക്കും ശ്രീ തോമസ്

ഐസക്ക് ഇംഗ്ലീഷിൽ വിവർത്തനം ചെയ്തതിൽ നിന്നുമാണ് ഈ വിവരങ്ങൾ എടുത്തിരിക്കുന്നത്.

മേൽപറഞ്ഞ എഴുഭാഗങ്ങളുള്ള പുസ്തകത്തിന്റെ ആദ്യഭാഗത്ത് മോർ ഫീലക്സിയോസ് യൂഹാനോൻ ദൊലബാനി തിരുമേനിയുടെ ജീവചരിത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. രണ്ടാം ഭാഗത്ത് കുർക്കുമ ദയറായിൽ വച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവയും വട്ടശ്ശേരിൽ മോർ ദിവന്നാസിയോസ് ഗീവർഗീസ് തിരുമേനിയും തമ്മിൽ നടത്തിയ സംഭാഷണത്തിന്റെ വിശദാംശങ്ങളാണ്. ആറ് ഏഴ് ഭാഗങ്ങളിൽ തിരുമേനി രചിച്ച നൂറോളം കവിതകളുടെയും മറ്റു പുസ്കങ്ങളുടെയും പട്ടിക ഉൾപ്പെടുത്തിയിട്ടുണ്ട്.

'സെയ്ഫൊ' (വാൾ) എന്നറിയപ്പെടുന്ന AD 1915 ലെ കൂട്ടകൊലയുടെ ചരിത്രം വിവരിക്കുന്ന മേൽപറഞ്ഞ പുസ്തകത്തിൽ 'സെയ്ഫൊ' ക്കു മുൻപും പിൻപും അനറ്റോലിയയിലെ അസ്സീറിയക്കാരുടെ സാഹചര്യങ്ങൾ വിവരിക്കുന്നുണ്ട്. അസ്സീറിയക്കാർ അനുഭവിച്ച പീഢയും ഭയാനകമായ കൂട്ടക്കൊലയും വിവരിക്കുന്ന പുസ്തകം അസ്സീറിയക്കാരുടെ ചരിത്രത്തിന്റെ ഒരു വിടവ് നികത്തുന്നതിന് സഹായകമാണ്.

'സെയ്ഫോ' കൂട്ടക്കുരുതി അതിജീവിച്ച അഥേന പട്ടണത്തിലെ കുഞ്ഞുങ്ങളെ ഒരു അസ്സീറിയൻ വിദ്യാലയത്തിലാണ് സംരക്ഷിച്ചിരുന്നത്. ഈ 'ദ റ്റാവ് മീം സെമ്കത്ത്' സ്കൂളിലെ അനാഥരായ കുട്ടികളെ പഠിപ്പിക്കുന്ന ചുമതലയായിരുന്നു യൂഹാനോൻ ദൊലബാനി റമ്പാൻ നിർവ്വഹിച്ചിരുന്നത്. ആ കാലഘട്ടത്തിലാണ് ദൊലബാനി റമ്പാൻ കവിതകളിലധികവും രചിച്ചത്. താമസിയാതെ അഥേനയിലെ അനാഥശാല അടച്ചുപൂട്ടുന്നതിന് സുറിയാനി സഭ നിർബന്ധിതമായി. എന്നാൽ AD 1922 ൽ ദൊലബാനി റമ്പാൻ 'ദ റ്റാവ് മീം സെമ്കത്ത്' സ്കൂൾ ബെയ്റൂട്ടിൽ പുന:രാരംഭിക്കുകയുണ്ടായി, അത് അനാഥരായവർക്ക് വിദ്യാഭ്യാസം നൽകുന്നതിൽ വിജയിച്ചു

(https://en.wikipedia.org/wiki/Philoxenos_Yuhanon_Dolabani).

മോർ അത്താനാസിയോസ് യൂഹാനോൻ ദൊലബാനി തിരുമേനി ഒരു സുവിശേഷകനായിരുന്നു. തിരുമേനി സന്യാസികളേയും പുരോഹിതന്മാരേയും ശെമ്മാശന്മാരേയും വാഴിച്ചാക്കുകയും പുരോഹിതന്മാരെല്ലാം നഷ്ടപ്പെട്ട് പോയതിനാൽ ക്രിസ്ത്യാനികളുടെ ജിവിതചര്യകളും ആരാധനകളും മറന്നുപോയ ആളുകൾ താമസിക്കുന്ന ഒറ്റപ്പെട്ട പ്രദേശങ്ങളിലേക്ക് (ബിറ്റ്ലിസ്, വാൻ എന്നിവടങ്ങളിലേക്ക്) അയക്കുകയും ചെയ്തു. അൽമേനികളുടെ വസ്ത്രം ധരിച്ച ഇവർ അനേകം സുറിയാനിക്കാർക്കും പുരോഹിതന്മാരില്ലാതിരുന്ന അർമേനിയൻ ക്രിസ്ത്യാനികൾക്കും മാമോദിസാ നൽകി (Johnson, 2006, pp. 12-14).

മോർ ഫിലക്സിനോസ് യൂഹാനോൻ ദൊലബാനി കാലം ചെയ്യുന്നതിന് ഒരാഴ്ച മുൻപ് തന്റെ അവസാന ലേഖനം പാത്രിയർക്കാ മാഗസിനിൽ കണ്ട പിതാവ് ഇപ്രകാരം പറഞ്ഞു: ‘‘മരണം എന്റെ പേന തകർക്കുന്നത് ഞാൻ ഇഷ്ടപ്പെടുന്നില്ല: കാരണം സഭയ്ക്കും നമ്മുടെ യുവാക്കൾക്കും ഇനിയും ഈ പേന ആവശ്യമുണ്ട്, എന്നാൽ ദൈവ ഇഷ്ടം നടക്കട്ടെ.’’

മോർ ഫിലക്സിനോസ് യൂഹാനോൻ ദൊലബാനി AD 1969 നവംബർ രണ്ടാം തീയതി കാലം ചെയ്ത് കുർക്കുമ ദയറായിൽ കബറടക്കി. ഈ പിതാവിന്റെ ഓർമ്മ സുറിയാനി സഭ നവംബർ 2-ാം തീയതി ആചരിക്കുന്നു.

# 6. രക്തസാക്ഷിയായ വിശുദ്ധ മെനാസ്സ്

**(AD? - c. AD 304)**

ഈജിപ്തിൽ ജനിച്ച മെനാസ് റോമൻ സൈന്യത്തിലെ ഒരു പട്ടാളക്കാരനായിരുന്നു (Thurston & Attwater, 1990, Vol. IV) ഡയോക്ലിഷൻ ചക്രവർത്തിയുടെയും (AD 284 - 305) മക്സിമിയാന്റെയും (AD 305 - 311) കാലഘട്ടത്തിൽ ശതാധിപനായ ഫിർമിലിയന്റെ കീഴിൽ ഫ്രൈജിയത്തിലെ കോട്ടിയം എന്ന സ്ഥലത്ത് മെനാസ്സ് സേവനമനുഷ്ഠിച്ചിരുന്നു. ഈ ചക്രവർത്തിമാർ ക്രിസ്ത്യാനികളെ പീഡിപ്പിക്കാൻ തുടങ്ങിയപ്പോൾ മെനാസ് അവരെ സേവിക്കുന്നത് മതിയാക്കുകയും ഒരു മലയിലേക്ക് പിൻവാങ്ങി ഉപവാസത്തിലും പ്രാർത്ഥനയിലും സന്യാസ ജീവിതം നയിച്ചു (http: https://oca.org/saints/lives/0577/11/11/ 103277- martyr-menas-of-egypt).

ഒരിക്കൽ ഒരു ജാതികളുടെ ഉത്സവ സമയത്ത് മെനാസ് പട്ടണത്തിൽ വരികയുണ്ടായി. മെനാസ് ക്രിസ്തുവിലുള്ള വിശ്വാസം പ്രസംഗിക്കുകയും ക്രിസ്തു ലോകരക്ഷകനാണെന്ന് പ്രഘോഷിക്കുകയും ചെയ്തു. വിചാരണ ചെയ്യപ്പെടുന്നതിനായി മെനാസിനെ പിറസ്സിനടുത്തേക്ക് കൊണ്ടുവന്നപ്പോൾ അദ്ദേഹം ധൈര്യത്തോടെ വിശ്വാസം ഏറ്റുപറയുകയും അസത്യമായതിനെ തള്ളിപറയുന്നതിനാണ് താൻ വന്നിരിക്കുന്നതെന്ന് പറയുകയും ചെയ്തു. തുടർന്ന് മെനാസ് അറസ്റ്റുചെയ്യപ്പെട്ടു.

ജാതികളുടെ ദൈവത്തിന് ബലികഴിക്കാമെങ്കിൽ മുൻപുണ്ടായിരുന്ന മെനാസിന്റെ പദവി തിരിച്ചുതരാമെന്ന് വാഗ്ദാനം ചെയ്തു. അത് നിരസിച്ചിതിനാൽ

മെനാസിനെ ക്രൂരപീഡനങ്ങൾക്കും വിധേയനാക്കുകയും ഒടുവിൽ ശിരഛേദനം ചെയ്യുകയും ചെയ്തു. ഇത് AD 304 ൽ ആണെന്നും അതല്ല AD 312 ൽ ആണെന്നും രണ്ടഭിപ്രായങ്ങളുണ്ട്. ക്രിസ്ത്യാനികൾ മെനാസിന്റെ ഭൗതികശരീരമെടുത്ത് പീഡയുടെ കാലം കഴിയുന്നതു വരെ ഒളിപ്പിച്ചുവയ്ക്കുകയും പിന്നീട് അലക്സന്ത്രിയ യുടെ തെക്കുപടിഞ്ഞാറുള്ള ദൈവാലയത്തിൽ കൊണ്ടു വന്നു കബറടക്കുകയും ചെയ്തു.

ആവശ്യക്കാരെ സഹായിക്കുന്നതിനും അത്ഭുത ങ്ങൾ പ്രവർത്തിക്കുന്നതിനും വിശുദ്ധ മെനാസിന് ദൈവ ത്തിൽ നിന്ന് കൃപ ലഭിച്ചിരുന്നു. യുദ്ധങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനും, ഭൂതബാധിതരെ വിടുവിക്കുന്ന തിനും, വിവിധ രോഗബാധിതർക്ക് സൗഖ്യം കൊടുക്കു ന്നതിനും മെനാസിന് കഴിയുമായിരുന്നു.

വിശുദ്ധ മെനാസിന്റെ ഓർമ്മ സുറിയാനി സഭ ഒക്ടോബർ 22, നവംബർ 11 എന്നീ ദിവസങ്ങളിൽ ആച രിക്കുന്നു.

# 7. രക്തസാക്ഷികളായ സെനോബിയസും സഹോദരി സെനോബിയയും

**(AD ? - AD 290?))**

സെനോബിയസും സഹോദരി സെനോബിയയും ടർക്കിയിലെ ഐെഗയിൽ ജനിച്ചു. അവരെ മാതാപിതാക്കന്മാർ ക്രിസ്തീയ വിശ്വാസത്തിൽ വളർത്തുകയും അവർ നിർമ്മലമായ ജീവിതം നയിക്കുകയും ചെയ്തു. അവർ തങ്ങൾ ആർജ്ജിച്ച സ്വത്തു മുഴുവനും ദരിദ്രർക്കായി ഭാഗിച്ചുകൊടുത്തു.

സെനോബിയസ് ദൈവത്തിന്റെ ശക്തിയാൽ ധാരാളം ആളുകളെ സുഖപ്പെടുത്തി. സെനോബിയസ് സിലിസിയയിലെ മെത്രാപ്പോലിത്തയായി തെരഞ്ഞെടുക്കപ്പെട്ടു. സെനോബിയസ് അത്യുത്സാഹത്തോടെ ക്രിസ്തീയ വിശ്വാസം ജാതികളുടെ ഇടയിൽ പ്രചരിപ്പിച്ചു. ഡയോക്ലിഷ്യൻ ചക്രവർത്തി (AD 284 -305) ക്രിസ്ത്യാനികളെ പീഢിപ്പിക്കുന്നതിനാരംഭിച്ചപ്പോൾ സെനോബിയസ് മെത്രാപ്പോലിത്ത ബന്ധനത്തിലാക്കപ്പെടുകയും ഗവർണറായ ലിസിയസിന്റെ മുൻപാകെ വിചാരണക്കായി ഹാജരാക്കുകയും ചെയ്തു (http://www.goarch.org/chapel/saints_view?contentid=263; http://www.antiochian.org/node/16782&gws_rd=cr&ei= WtQBWKnDG8 WAvwTXvpo4).

ലിസിയസ് പറഞ്ഞു: ‘‘ഞാൻ വളരെ കുറഞ്ഞവാക്കുകളിൽ മാത്രമെ നിന്നോട് സംസാരിക്കുകയുള്ളു. നീ ഞങ്ങളുടെ ദൈവത്തെ ആരാധിക്കുമെങ്കിൽ നിനക്കു ജീവനും അല്ലെങ്കിൽ മരണവും ലഭിക്കും.’’ സെനോബിയസ് ഉത്തരമായി പറഞ്ഞു: ‘‘ക്രിസ്തുവിനെ കൂടാതെയുള്ള ഈ ജീവിതം മരണമാണ്. ഈ ജീവിതത്തിനുവേണ്ടി അവനെ

ഉപേക്ഷിക്കുകയും പിന്നീട് പാതാളത്തിലെ നിത്യദണ്ഡനത്തിന് വിധേയനാകുന്നതിലും നല്ലത് എന്റെ സൃഷ്ടാവിനുവേണ്ടി ഈ കഷ്ടതകൾ സഹിക്കുന്നതും അതുവഴിയായി അവനോടുകൂടെ നിത്യതയിൽ ജീവിക്കുകയും ചെയ്യുന്നതാണ്.''

ലിസിയസിന്റെ കല്പനപ്രകാരം സെനോബിയസ് കുരിശിൽ ആണികളാൽ തറക്കപ്പെടുകയും ദണ്ഡിപ്പിക്കപ്പെടുകയും ചെയ്തു. ഈ സഹനം കണ്ടു നിന്ന സഹോദരി സെനോബിയ ക്രിസ്തുവിലുള്ള അവളുടെ വിശ്വാസം ഗവർണറുടെ മുൻപിൽ ഏറ്റു പറഞ്ഞു. അവളും പിഢനങ്ങളേറ്റു ഒടുവിൽ രണ്ടുപേരെയും ശിരഛേദനം ചെയ്തു. അവരുടെ മൃതശരീരം ഹെർമോജസ് എന്ന പുരോഹിതൻ കബറടക്കി. രക്തസാക്ഷികളായ സെനോബിയസിന്റെ സഹോദരി സെനോബിയയുടെയും ഓർമ്മ ഒക്ടോബർ 30-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 8. സന്യാസിയായ നൈട്രിയായിലെ വിശുദ്ധ പാംബോ

**(AD 315 - AD 358?)**

വിശുദ്ധ പാംബോ ഈജിപ്റ്റിലെ നൈട്രിയയിൽ ജീവിച്ചിരുന്ന ഒരു സന്യാസിയാണ് (Smith & Wace, 1887, Vol. IV). നിത്യവും സന്ധ്യവരെയുള്ള ഉപവാസം, മൗനം, കൈത്തൊഴിൽ ചെയ്യുന്നതിലുള്ള നിഷ്ഠ എന്നിവ അദ്ദേഹത്തിന്റെ ജീവിതത്തിലെ സ്വഭാവ വൈശിഷ്ഠ്യങ്ങളായിരുന്നു. അലസത വെടിയുന്നതിനും മനസ്സിന്റെ ഊർജ്ജസ്വലത നിലനിർത്തി ആത്മീയ വ്യായാമത്തിനും ദേഹാദ്ധ്വാനം അത്യാവശ്യമാണെന്ന് വിശുദ്ധ അന്തോണിയോസ് തന്റെ ശിഷ്യരെ പഠിപ്പിക്കുമായിരുന്നു (Palladius, 1898; Butler, 1866; https://oca.org/saints/lives /2010/07/18/102051-venerable-pambo-the-hermit-of-egypt).

പാംബോ തന്റെ യൗവ്വനത്തിൽ ഈജിപ്റ്റിലെ മരുഭൂമിയിൽ വിശുദ്ധ ആന്റണിയെ സന്ദർശിക്കുകയും അദ്ദേഹത്തിന്റെ ശിഷ്യഗണത്തിൽ ചേർക്കപ്പെടുന്നതിനാഗ്രഹിക്കുകയും ചെയ്തു. വിശുദ്ധ അന്തോണിയോസ് ഇപ്രകാരം പറഞ്ഞു: ''നിന്റെ നാവിന് കഠിഞ്ഞാൺ ഇട്ട് നിയന്ത്രിക്കുകയും പാപത്തെക്കുറിച്ച് അനുതപിക്കുകയും, നീ നിന്റെ വിശപ്പിനെ നിയന്ത്രിക്കുകയും ചെയ്യണം'' (Palladius, 1898). നോമ്പിനാലും ഉപവാസത്താലും പാംബോ അക്കാലത്തെ എല്ലാ സന്യാസികളേക്കാൾ ഉന്നതനായി തീർന്നു. വിശപ്പിനേയും നാവിനേയും നിയന്ത്രിക്കുന്നതിൽ പാംബോ വിജയിച്ചു. ഒരിക്കൽ തന്റെ ഒരു ആത്മീയ സഹോദരനോട് ഒരു ഉപദേശം തേടുന്നതിനാഗ്രഹിച്ചു. അദ്ദേഹം മുപ്പത്തിയൊൻപതാം സങ്കീർത്തനം ഉദ്ധരിച്ചു: 'നാവുകൊണ്ട് പാപം ചെയ്യാതിരിപ്പാൻ ഞാൻ എന്റെ വഴികളെ സൂ

ക്ഷിക്കും' (സങ്കീ. 39:1). ഉടനെ തന്നെ രണ്ടാമത്തെ വാക്യം കേൾക്കുന്നതിനു മുൻപ് പാംബോ തന്റെ ഇടുങ്ങിയ മുറിയിലേയ്ക്ക് മടങ്ങിക്കൊണ്ട് പറഞ്ഞു: 'ഒരു പാഠത്തിന് ഇത് ധാരാളം മതി.' പാംബോ അത് ജീവിതത്തിൽ പ്രാവർത്തികമാക്കാൻ ശ്രമിച്ചുകൊണ്ടിരുന്നു. തുടർച്ചയായി മൗനം പാലിച്ചുകൊണ്ടിരുന്ന പാംബോ നല്ലതുപോലെ ചിന്തിച്ചുമാത്രമേ എന്തെങ്കിലും സംസാരിക്കുമായിരുന്നുള്ളൂ. ആരെങ്കിലും സംശയനിവാരണത്തിനായി എന്തെങ്കിലും ചോദിച്ചാൽ ഏറെ ദിവസത്തെ ആലോചനയ്ക്കുശേഷമേ ഉത്തരം പറയുമായിരുന്നുള്ളു.

പാംബോ വിശുദ്ധ അന്തോണിയോസ് സന്യാസി വസിച്ചിരുന്ന സ്ഥലം വിട്ട് നൈട്രിയയിലെ ഒരു മലയിലെ ആശ്രമത്തിൽ താമസമുറപ്പിച്ചു. AD 374ൽ റൂഫിനസ് വിശുദ്ധ പാംബോയുടെ അനുഗ്രഹം വാങ്ങുന്നതിനായി പാംബോയെ സന്ദർശിക്കുകയുണ്ടായി. വിശുദ്ധ മെലാനിയ നൈട്രിയയിൽ പാംബോയെ സന്ദർശിച്ചപ്പോൾ അദ്ദേഹം പായ് ഉണ്ടാക്കിക്കൊണ്ടിരിക്കയായിരുന്നു. മെലാനിയ പാംബോയ്ക്ക് മുന്നൂറ് റാത്തൽ വെള്ളി നൽകുകയും നൈട്രിയയിലെ സന്യാസികളുടെ ആവശ്യത്തിനായി അത് സ്വീകരിക്കുന്നതിനഭ്യർത്ഥിക്കുകയും ചെയ്തു. പാംബോ അത് സ്വീകരിച്ച് അവളെ നോക്കുകയോ പായ് നെയ്ത്ത് നിർത്തുകയോ ചെയ്യാതെ ഇപ്രകാരം പറഞ്ഞു: 'നിന്റെ ദാനധർമ്മത്തിന് ദൈവം പ്രതിഫലം നൽകട്ടെ.'

പാംബോ തന്റെ ശിഷ്യനായ ഒറിഗനോടായി പറഞ്ഞു: 'ഈ വെള്ളിയെടുത്ത് ലിബിയായിലും ദ്വീപിലുമായി താമസിക്കുന്ന സഹോദരന്മാർക്ക് ഇതു വിതരണം ചെയ്യണം. അവർക്കാണിതേറ്റവും അവശ്യമായിരിക്കുന്നത്. ഈജിപ്റ്റിലുള്ളവർ സമ്പന്നരും ധാരാളം ഉള്ളവരുമാണ് അവർക്ക് ഒന്നും കൊടുക്കേണ്ടതില്ല.' മെലാനിയ, പാംബോ തന്നെ ആദരിക്കുമെന്നും പുകഴ്ത്തുമെന്നും പ്രതീക്ഷിച്ച് അവിടെ തന്നെ നിന്നു. എന്നിട്ട് മെലാനിയ പറഞ്ഞു: 'പിതാവെ ഇത് മുന്നൂറ് റാത്തൽ വെള്ളിയാണ് എന്ന് അങ്ങേക്ക് അറിയാമൊ?' വെള്ളിയടങ്ങിയ പെട്ടി ശ്രദ്ധി

ക്കാതെ പാംബോ മറുപടി പറഞ്ഞു: 'എന്റെ കുട്ടി നീ ഇത് ആർക്കുവേണ്ടിയാണോ കൊണ്ടുവന്നത് അദ്ദേഹ ത്തിനു തൂക്കി നോക്കേണ്ട ആവശ്യമില്ല. തൂക്കിനോ ക്കാതെ തന്നെ അതിന്റെ ഭാരം കൃത്യമായി അറിയാം. ഇത് എനിക്കുവേണ്ടിയാണ് തന്നതെങ്കിൽ നീ ഈ പറ യുന്നത് ശരിയാണ്. എന്നാൽ ദൈവത്തിനാണ് നീ കൊടുത്തതെങ്കിൽ വിധവയുടെ രണ്ടു വെള്ളികാശിനെ മറ്റു ധനവാന്മാരുടേതിനേക്കാൾ വിലമതിച്ച ദൈവത്തിന് അതറിയാം നീ അതെപറ്റി ഇനിയൊന്നും പറയേണ്ട' (Butler, 1866; Palladius, 1898).

ഒരിക്കൽ വിശുദ്ധ അത്താനാസിയോസ്, പാംബോ മരുഭൂമിവിട്ട് അലക്സന്ത്രിയായിലേക്കു വരണമെന്നാ ഗ്രഹിച്ചു. യേശുക്രിസ്തുവിന്റെ ദൈവത്വത്തെകുറിച്ച് സാക്ഷ്യം പറയുന്നതിനും അറിയോസ് പക്ഷക്കാരെ നേ രിടുന്നതിനും വേണ്ടിയായിരുന്നു അപ്രകാരം ആവശ്യ പ്പെട്ടത്. ആ പട്ടണത്തിൽ ഒരു സ്റ്റേജ് ഷോയ്ക്കുവേണ്ടി ഒരുങ്ങിയ നടിയുടെ വേഷവിതാനം കണ്ട പാംബോ കയ്പോടെ കരഞ്ഞു. അദ്ദേഹം കരയുന്നതിന്റെ കാര ണത്തെപ്പറ്റി ചോദിച്ചപ്പോൾ പാംബോ പറഞ്ഞു: 'മനു ഷ്യരെ കെണിയിലാക്കുന്നതിന് ആ സ്ത്രീ എത്രമാത്രം പങ്കപ്പാടും ഒരുക്കവും നടത്തുന്നു. ഞാനോ ദൈവിക ശുശ്രൂഷയിൽ എത്രയൊ അലസനാണ്.'

ഒരിക്കൽ തിയൊഡോർ സന്യാസി പാംബോയോട് ആത്മീയ നിർദ്ദേശമെന്നരീതിയിൽ ഏതാനും വാക്കു കൾ പറയുന്നതിന് ആവശ്യപ്പെട്ടു. പാംബോ പറഞ്ഞു: 'നീ പോയി എല്ലാ മനുഷ്യർക്കും കരുണയും ദാനധർമ്മ ങ്ങളും ചെയ്ക. മറ്റുള്ളവരോടുള്ള കരുണ ദൈവസന്നി ധിയിൽ ആത്മവിശ്വാസം നൽകും.'

പാംബോയുടെ അന്ത്യനാളുകളിൽ അടുത്ത് നിന്നി രുന്ന പുരോഹിതനായ ഒറിഗനോടും അമ്മോണിയോ സിനോടും മറ്റു സഹോദരന്മാരോടുമായി ഇപ്രകാരം പറഞ്ഞു: ''ഞാൻ ഈ ദേശത്തു ഈ മരുഭൂമിയിൽ വന്ന്

ഈ ചെറിയ മുറിയിൽ താമസമാക്കിയനാൾ മുതൽ എന്റെ കൈകൊണ്ടു സമ്പാദിക്കാതെ ഒരിക്കലും അപ്പം ഭക്ഷിച്ചിട്ടില്ല. ഈ നാഴികവരെ ഞാൻ സംസാരിച്ച ഏതെങ്കിലും വാക്കിനെ പ്രതി എനിക്ക് പശ്ചാത്തപിക്കേണ്ടിവന്നിട്ടില്ല. ഒരു നിർമ്മലജീവിതം ഇതേവരെ ആരംഭിച്ചിട്ടില്ലാത്തവനെപോലെ ഞാൻ ദൈവത്തിങ്കലേക്ക് പോകുകയാണ്.'' കൊട്ട നെയ്തുകൊണ്ടിരുന്നപ്പോൾ രോഗമോ, വേദനയോ, മറ്റു ദുഃഖങ്ങളോ ഇല്ലാതെ എഴുപതാമത്തെ വയസ്സിൽ പാംബോ ഈ ലോകത്തുനിന്നും യാത്രയായി. മെലാനിയ പാംബോയുടെ കബറടക്കകാര്യങ്ങൾ നിർവ്വഹിച്ചു. വിശുദ്ധ പാംബോയുടെ ഓർമ്മ സുറിയാനി സഭ ജൂൺ 17-ാം തീയതി ആചരിക്കുന്നു.

# 9. ട്രാജൻ ചക്രവർത്തിയുടെ മകളായ ഡ്രോസിസ്

**(AD ? - AD 104?)**

ക്രിസ്ത്യാനികളെ പീഡിപ്പിച്ചുകൊണ്ടിരുന്ന ട്രാജൻ ചക്രവർത്തിയുടെ (AD 98-117) മകളായിരുന്ന ഡ്രോസിസ്. AD 99ൽ ട്രാജൻ ഒരു പഴയ നിയമം പുന:സ്ഥാപിച്ചു. അതിൻപ്രകാരം രഹസ്യമായ കൂടിവരവുകൾ നിരോധിക്കുകയുണ്ടായി. ക്രിസ്ത്യാനികൾക്കെതിരായ പരോക്ഷമായ ഒരു നീക്കമായിരുന്നു അത്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർക്കെതിരായി AD 104ൽ ട്രാജൻ ഒരു പുതിയ ഉത്തരവിറക്കുകയുണ്ടായി.

അക്കാലത്ത് രക്തസാക്ഷികളായ ക്രിസ്ത്യാനികളുടെ മൃതശരീരങ്ങൾ കബറടക്കാതെ ഇടുകയും അതുവഴി അവരെ അവഹേളിക്കുകയും ചെയ്യുമായിരുന്നു. എന്നാൽ അഗ്ലേയ്ഡ, അപ്പോളിനിയാറിയ, ദാരിയ, മംത്തുസാ, തായിസ് എന്നീ അഞ്ച് കന്യകമാർ വിശുദ്ധ രക്തസാക്ഷികളുടെ മൃതശരീരമെടുത്ത് സുഗന്ധവർഗ്ഗങ്ങൾ പുരട്ടി, ശീലയിൽപൊതിഞ്ഞ് കബറടക്കുകയുണ്ടായി. രഹസ്യമായി ക്രിസ്തുമതം സ്വീകരിച്ചിരുന്ന ഡ്രോസിസ് മാമ്മോദീസ സ്വീകരിച്ചിരുന്നില്ലെങ്കിലും ആ അഞ്ച് കന്യകമാരോട് ചേർന്ന് പ്രവർത്തിച്ചു.

അഡ്രിയാൻ എന്ന ഉദ്യോഗസ്ഥൻ രക്തസാക്ഷികളുടെ മൃതശരീരങ്ങൾക്ക് കാവൽ ഏർപ്പെടുത്തുന്നതിനും മൃതശരീരങ്ങൾ കബറടക്കുന്നതിന് ഉദ്യമിക്കുന്നവരെ അറസ്റ്റ് ചെയ്യുന്നതിനും ഉത്തരവിറക്കി. തുടർന്ന് ഡ്രോസിസും അഞ്ച് കന്യകമാരും പിടിക്കപ്പെട്ടു. പിടിക്കപ്പെട്ടവരിൽ തന്റെ മകളും ഉണ്ടെന്നറിഞ്ഞ ട്രാജൻ,

ദ്രോസിസിന് മനംമാറ്റം ഉണ്ടാകട്ടെ എന്നു കരുതി അവളെ വേറിട്ട ഒരു മുറിയിൽ സൂക്ഷിക്കുന്നതിന് കല്പ നയായി.

കന്യകമാരെയെല്ലാം ഒരു ചെമ്പു ചൂളയിൽ ചുട്ടു ചാമ്പലാക്കി. അവർ രക്തസാക്ഷിത്വ കിരീടം പ്രാപിച്ചു. അതിനുശേഷം ട്രാജൻ ചക്രവർത്തി ഒരു സ്വപ്നം കണ്ടു. അതിൽ അഞ്ചു കന്യകമാരും പറുദീസായിൽ വിശ്രമി ക്കുന്നതായും ദ്രോസിസിനേയും യഥാസമയം പറുദീ സായിലേക്കു കൊണ്ടുവരുമെന്നും നല്ലവനും ദയാലുമാ യവൻ പറയുന്നതായും കേട്ടു. ഉറക്കമുണർന്ന ട്രാജൻ ചക്രവർത്തി രണ്ട് വലിയ ചൂളകൾക്ക് തീ കൂട്ടുന്നതി നുത്തരവായി. അവിടെ ഒരു രാജകീയ വിളബരം പ്ര സിദ്ധപ്പെടുത്തി: 'ക്രൂശിതനായവനെ ആരാധിക്കുന്നവർ ദേവന്മാർക്ക് ബലിയർപ്പിക്കണം. അങ്ങനെ ചെയ്യുന്നില്ലെ ങ്കിൽ അങ്ങനെയുള്ളവർ സ്വന്തമനസ്സോടെ ഈ ചൂള യിൽ ചാടട്ടെ.' ധാരാളം ക്രിസ്ത്യാനികൾ ഇപ്രകാരം രക്തസാക്ഷികളായി.

മേൽ പറഞ്ഞ വിളംബരത്തെ കുറിച്ച് അറിഞ്ഞ ദ്രോസിസും രക്തസാക്ഷിത്വം വരിക്കുന്നതിനു തീരുമാനി ച്ചു. തടവിലായിരുന്ന ദ്രോസിസ് തടവിൽ നിന്നും മോചി തയാകുന്നതിന് നാഥനോടു പ്രാർത്ഥിച്ചു. കാവൽക്കാർ നിദ്രയിലാകുകയും ദ്രോസിസ് രക്ഷപെടുകയും ചെയ്തു. ചൂളയിലേക്കു നടന്നടുത്തപ്പോൾ അവൾ ചിന്തിച്ചു: ''വിവാഹ വസ്ത്രമില്ലാതെ (മാമോദീസ ഏൽക്കാതെ) ഞാനെങ്ങനെ ദൈവത്തിങ്കലേക്കു പോകും. രാജാധിരാ ജാവും നാഥനുമായ യേശുക്രിസ്തുവെ! നിന്റെ രാജ്യ ത്തിൽ ഏറ്റവും താഴ്ന്ന സ്ഥാനത്ത് ഞാൻ ആയിരിക്കു ന്നതിന് ഞാൻ എന്റെ രാജപദവി ഉപേക്ഷിക്കുന്നു.''

മേൽവിവരിച്ച വിധം പ്രാർത്ഥിച്ചശേഷം പിതാവി ന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമ ത്തിൽ കർത്തൃദാസിയായ ദ്രോസിസ് മാമോദീസ മുങ്ങുന്നു എന്നു പറഞ്ഞുകൊണ്ട് മൂന്നു തവണ വെള്ള

ത്തിൽ മുങ്ങി. ഏഴുദിവസത്തേക്ക് ദ്രോസിസ് പ്രാർത്ഥന യിലും ഉപവാസത്തിലും ഒളിവിൽകഴിഞ്ഞു. ക്രിസ്ത്യാനികൾ ദ്രോസിസിനെ കണ്ടെത്തുകയും അവളിൽ നിന്ന് സംഭവിച്ചതെല്ലാം ഗ്രഹിക്കുകയും ചെയ്തു. എട്ടാം ദിവസം ദ്രോസിസ് അവളുടെ ശരീരം ചൂളയിൽ സമർപ്പിച്ച് രക്തസാക്ഷിയായി (www.oca.org; http://www.johnsanidopoulos.com/2011/03/saint-drosis-daughter-of-emperor-trajan.html). രക്ത സാക്ഷിയായ ദ്രോസിസിന്റെ ഓർമ്മ സുറിയാനി സഭ നവംബർ 9-ാം തീയതി ആചരിക്കുന്നു

# 10. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ദീവന്നാസിയോസ് തൽമഹറെ

**(AD ? - AD 845)**

എഴുപതാമത്തെ അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ദീവന്നാസിയോസ്, തൽമഹറെ എന്ന സ്ഥലത്ത് ജനിച്ചു. കെന്നശ്രിൻ ദയറായിൽ ചേർന്നു സന്യാസിയാകുകയും തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിക്കുകയും ചെയ്തു. ഒരു സന്യാസിയായി ഏറെനാൾ കഴിയുന്നതിനു മുൻപ് എഡി 818ൽ സഭയിലെ നാൽപത്തിഎട്ടു മെത്രാപ്പോലീത്തമാർ ചേർന്ന് ഏക അഭിപ്രായമായി ഇദ്ദേഹത്തെ അന്ത്യോഖ്യാപാത്രിയർക്കീസായി തെരഞ്ഞെടുത്തു (Aphrem I, 2003).

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ എന്ന നിലയിൽ 27 വർഷം (AD 818-845) വിശ്വസ്തതയോടെ സഭാ ഭരണം നിർവ്വഹിച്ചു. മോറാൻ ദീവന്നാസിയോസിന്റെ കാലഘട്ടത്തിൽ മൂന്നു സുന്നഹദോസുകൾ കൂടുകയുണ്ടായി. അവ AD 818ൽ കാലിനിക്കസിലും AD 828ൽ ഔസ്ഫോലിസിലും, AD 834ൽ തിക്രിത്തിലും ആയിരുന്നു. മഹാനായ മോറാൻ മീഖായേൽ റാബൊ (AD 1126-1199) ഇദ്ദേഹം വാഴിച്ച നൂറ് മെത്രപ്പോലീത്തന്മാരുടെ പേരുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

ബാഗ്ദാദിലും ഈജിപ്റ്റിലുമുള്ള കാലിഫ് അൽ മമുനെയും മുട്ടാസിമ്മിനെയും മൂന്നു തവണ സന്ദർശിക്കുകയും അവർ മോറാന്റെ കഴിവ് തിരിച്ചറിഞ്ഞ് ഒരു രാഷ്ട്രീയ ദൗത്യത്തിനായി നിയോഗിക്കുകയും ചെയ്തു. ദാരയിലെ മെത്രാപ്പോലീത്തയായ യൂഹാനോന്റെ അപേക്ഷപ്രകാരം AD 583 മുതൽ AD 843 വരെയുള്ള കാല

ഘട്ടത്തിലെ പ്രധാന സംഭവങ്ങൾ ഇദ്ദേഹം ക്രോഡിക രിച്ചിട്ടുണ്ട്. മോറാൻ മീഖായേൻ റാബൊ എഴുതിയ ചരിത്രത്തിൽ മോറാൻ ദീവന്നാസിയോസ് തൽമഹറെയുടെ മേല്പറഞ്ഞ രേഖ ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

മോറാൻ ദീവന്നാസിയോസ് തൽ മഹറെ AD 845 ആഗസ്റ്റ് 22-ാം തീയതി കാലം ചെയ്തു. ഇദ്ദേഹത്തിന്റെ ഓർമ്മ സുറിയാനി സഭ ആഗസ്റ്റ് 22-ാം തീയതി ആചരിക്കുന്നു.

# 11. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ യൂഹാനോൻ IX ബർശൂശാൻ

**(AD ? - AD 1073)**

യേശു എന്നും ബർശൂശാൻ എന്നു വിളിക്കപ്പെട്ട യൂഹാനോൻ ടർക്കിയിലെ മെലിറ്റിനിൽ (മലാറ്റിയ) ജനിച്ചു. അവിടെ തത്വശാസ്ത്രവും ദൈവശാസ്ത്രവും പഠിച്ച് സന്യാസിയാകുകയും മോറാൻ യൂഹാനോൻ എട്ടാമന്റെ കീഴിൽ പരിശീലനം നേടുകയും ചെയ്തു.

AD 1063ൽ യൂഹാനോൻ എന്ന പേരിൽ പാത്രിയർക്കീസായി വാഴിക്കപ്പെട്ടത് അത്താനാസിയോസ് അഞ്ചാമനു (AD 1058-1063) ശേഷമാണ്.

വളരെ മനോഹരമായ കൈയ്യക്ഷരമായിരുന്നു ബർശൂശാന്റേത്. പൂർത്തിയാക്കപ്പെട്ടില്ലെങ്കിലും മോർ അഫ്രേമിന്റെയും മോർ ഇസഹാക്കിന്റെയും മെമ്രാകൾ ഒരു വാല്യമായി ക്രോഡീകരിച്ചു. മോർ ഇസഹാക്കിന്റെ മെമ്രാകൾ അദ്ധ്യായങ്ങളായി തിരിക്കുകയും അവയ്ക്ക് വ്യാഖ്യാനങ്ങൾ എഴുതുകയും ചെയ്തു. സത്യവിശ്വാസത്തെ അധികരിച്ചും സഭയുടെ ആചാരങ്ങൾക്കു വിരുദ്ധമായി അർമേനിയൻ സഭയിൽ കടന്നുകൂടിയ തെറ്റായ രീതികളെ പരാമർശിച്ചും അർമേനിയൻ കാതോലിക്കയായ ഗ്രിഗറി രണ്ടാമന് (AD 1065-1069) ഒരു ലേഖനം അയക്കുകയുണ്ടായി. 'നന്മയുടെയും സ്നേഹത്തിന്റെയും ഉറവയായ' എന്നു തുടങ്ങുന്ന ഒരു വിശുദ്ധ കുർബ്ബാന തക്സായും, പത്തുപേജുള്ള ഒരു ചെറിയ മാമോദീസ ക്രമവും, ക്രിസ്തുമസ്സിനു മുൻപുള്ള ഞായറാഴ്കളിലേക്കായി ഏഴ് ഹൂസോയൊ പ്രാർത്ഥനകളും, മോർ സേവേറിയോസിന്റെ ഓർമ്മ നടത്തുമ്പോൾ

സന്ധ്യയിലും പ്രഭാതത്തിലും ഉപയോഗിക്കുന്നതിനുള്ള പ്രത്യേക പ്രാർത്ഥനകളും നോമ്പിന്റെ ആദ്യത്തെ നാലു ബുധനാഴ്കളിലുപയോഗിക്കാനുള്ള ഹൂസോയൊകളും മറ്റും ഇദ്ദേഹം രചിച്ചിട്ടുണ്ട് (Aphrem I, 2003).

മോറാൻ യൂഹാനോൻ AD 1058 ൽ മെലിറ്റീനിലുണ്ടായ നാശത്തെക്കുറിച്ച് നാല് പദ്യങ്ങൾ രചിച്ചിട്ടുണ്ട്. സാരൂഗിലെ മോർ യാക്കോബിനെ പ്രശംസിച്ചുകൊണ്ട് എഴുതിയത് ആരംഭിക്കുന്നതിപ്രകാരമാണ്: ‘‘യേശുവെ നിന്റെ പ്രകാശം ഭൂമിയിലെല്ലാവർക്കും സന്തോഷത്തെ പ്രദാനം ചെയ്തു.’’ സുറിയാനിക്കാർ വിശുദ്ധ കുർബ്ബാനയപ്പം ഉണ്ടാക്കുന്നതിന് പുളിപ്പും, ഉപ്പും, എണ്ണയും ചേർക്കുന്നതിനെ വിമർശിച്ചവർക്കു മറുപടി നൽകികൊണ്ട് കോപ്റ്റിക് പാത്രിയർക്കീസായിരുന്ന ക്രിസ്റ്റോഡോലസിന് അയച്ച കത്തും ഇദ്ദേഹത്തിന്റെ എഴുത്തുകളിൽ ഉൾപ്പെടുന്നു.

അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ യൂഹാനോൻ ഒൻപതാമൻ ബർശൂശാന്റെ ഓർമ്മ സുറിയാനി സഭ നവംബർ 6-ാം തീയതി ആചരിക്കുന്നു.

# 12. രക്തസാക്ഷികളായ ബഹനാമും സഹോദരി സാറായും

**(AD ? - AD 388?)**

പേർഷ്യൻ രാജാവായ സെൻഹരീബ് നിനുവ ഭരിച്ചിരുന്നു. രാജകുമാരനായ ബഹനാമിന് നാല്പത് ആയുധധാരികളായ പടയാളികളുണ്ടായിരുന്നു. ബഹനാമിന്റെ സഹോദരിയായ സാറാ കുഷ്ടരോഗിയായിരുന്നു.

ഒരിക്കൽ ബഹനാം നായാട്ടിനു പോകുകയും ഒരു വലിയ മൃഗത്തെ വേട്ടയാടുന്നതിനായി അതിനെ പിന്തുടർന്നതിനാൽ കൂട്ടംതെറ്റിപോകുകയും ചെയ്തു. ആ രാത്രിയിൽ ഏകനായി കിടന്നുറങ്ങിയ ബഹനാം ഒരു സ്വപ്നം കണ്ടു. ആ സ്വപ്നത്തിൽ മത്തായി എന്ന ഒരാൾ ആ മലമ്പ്രദേശത്തു താമസിക്കുന്നുണ്ടെന്നും അദ്ദേഹം സാറായ്ക്കുവേണ്ടി പ്രാർത്ഥിക്കുമെന്നും അവൾ സുഖം പ്രാപിക്കുമെന്നും പറയുന്നതായി കേട്ടു.

അടുത്ത പ്രഭാതത്തിൽ ബഹനാം തന്റെ സഹായികളെ കണ്ടെത്തുകയും അവർ മലയിലെ ഒരു ഗുഹയിൽ മത്തായി എന്ന വിശുദ്ധനെ അന്വേഷിച്ച് കണ്ടെത്തുകയും ചെയ്തു. ബഹനാം വിശുദ്ധന്റെ മുൻപിൽ മുട്ടുകുത്തി സ്വപ്നത്തിൽ കണ്ട കാര്യങ്ങൾ അറിയിച്ചു. തന്നോടുകൂടെ പട്ടണത്തിലേക്കു വരണമെന്നും സാറായെ കാണണമെന്നും അപേക്ഷിച്ചു.

വിശുദ്ധ മത്തായിയെ കാണുന്നതിന് രാജ്ഞി സാറായെ അനുവദിച്ചു. വിശുദ്ധ മത്തായി പ്രാർത്ഥിക്കുകയും സാറാ സുഖപ്പെടുകയും ചെയ്തു. തുടർന്നു വിശുദ്ധ മത്തായി നാഥനായ യേശുക്രിസ്തുവിനെക്കുറിച്ച് അവരോട് സംസാരിച്ചു. ക്രിസ്തു തന്റെ മരണം വഴിയായി നമുക്കു നൽകിയ രക്ഷയെക്കുറിച്ചും മരണ

ത്തിന്മേലും രോഗത്തിന്മേലും നൽകിയ അധികാരത്തെക്കുറിച്ചും പ്രതിപാദിച്ചു. തുടർന്ന് ബഹനാമും സാറായും വിശ്വസിക്കുകയും വിശുദ്ധ മത്തായി അവരെ പിതാവിന്റെയും പുത്രന്റെയും പരിശുദ്ധാത്മാവിന്റെയും നാമത്തിൽ മാമോദീസ നൽകുകയും ചെയ്തശേഷം തന്റെ ഗുഹയിലേക്ക് മടങ്ങിപോയി.

രോഗസൗഖ്യം പ്രാപിച്ച മകളെ കണ്ട് സെൻഹരീബ് അതിശയിക്കുകയും സന്തോഷിക്കുകയും ചെയ്തു. സംഭവിച്ചകാര്യങ്ങളെല്ലാം സാറാ പിതാവിനോട് വിവരിക്കുകയും ബഹനാമും താനും ക്രിസ്ത്യാനികളാണെന്ന് അറിയിക്കുകയും ചെയ്തു. ക്രിസ്ത്യാനികളായി എന്നറിഞ്ഞ സെൻഹരീബ് കുപിതനാകുകയും വിശ്വാസം ത്യജിച്ചില്ലെങ്കിൽ കടുത്തശിക്ഷ നടപ്പാക്കുമെന്ന് ഭീഷണിപ്പെടുത്തുകയും ചെയ്തു. ക്രിസ്തീയ വിശ്വാസം ത്യജിക്കുന്നതിന് വിസമ്മതിച്ച ബഹനാമും സാറായും ഏതാനും കൂട്ടുകാരോടുകൂടി രക്ഷപ്പെടുന്നതിന് ശ്രമിച്ചെങ്കിലും പട്ടാളക്കാർ രണ്ടു പേരെയും പിടികൂടുകയും വധിക്കുകയും ചെയ്തു.

പിന്നീട് സെൻഹരീബിനെ ഒരു അശുദ്ധാത്മാവു ബാധിക്കുകയും ആ ബാധയാൽ ഭയപ്പെടുകയും വേദന അനുഭവിക്കുകയും ചെയ്തു. മകളെ സുഖപ്പെടുത്തിയ വിശുദ്ധ മത്തായിയുടെ വചനം കേട്ട് സെൻഹരീബും രാജ്ഞിയും ക്രിസ്തുവിൽ വിശ്വസിക്കുകയും മാമോദീസ സ്വീകരിക്കുകയും ചെയ്തു (http://st-takla.org/books/en/church/synaxarium/04-keyahk/14-kiahk-behnam.html). സെൻഹരീബ് രാജാവ് വിശുദ്ധ മത്തായിക്കുവേണ്ടി ഒരു ആശ്രമം പണിയുകയും അതിൽ ബഹനാമിന്റെയും സാറായുടെയും ഭൗതികശരീരം കബറടക്കുകയും ചെയ്തു. നിരവധി അത്ഭുതങ്ങളും രോഗസൗഖ്യങ്ങളും ഈ തിരുശേഷിപ്പുകളിൽ നിന്നും ലഭ്യമായിട്ടുണ്ട്. വിശുദ്ധന്മാരായ ബഹനാമിന്റെയും സാറായുടെയും ഓർമ്മ ഏപ്രിൽ 27-ാം തീയതിയും ഡിസംബർ 10-ാം തീയതിയും സുറിയാനി സഭ ആചരിക്കുന്നു.

**കുറിപ്പ്:** 2014 ജൂലൈ മാസത്തിൽ ഐസിസ് (ISIS - Islamic State of Iraq and Syria) ഭീകരർ ഇറാക്കിലുള്ള വിശുദ്ധ മത്തായിയുടെ ആശ്രമത്തിൽ എത്തുകയും അവിടെയുണ്ടായിരുന്ന ദയറാക്കാരെയെല്ലാം പുറത്താക്കുകയും 2015 മാർച്ച് 19-ാം തീയതി വിശുദ്ധ ബഹനാമിന്റെയും സാറായുടെയും കല്ലറകൾ ഐസിസ് ഭീകരർ വെടിമരുന്നുകൾ ഉപയോഗിച്ചു തകർക്കുകയും ചെയ്തു (http://hyperallergic.com/216393/another-treasure-lost-in-iraq-the-story-of-mar-behnam-monastery/;http://www.suscopts.org/mightyangels/vol2_no3/ stbehnam&sarah.pdf).

# 13. എത്യോപ്യനായ വിശുദ്ധ മോശ

## (നാലാം നൂറ്റാണ്ട്)

എത്യോപ്യൻ വംശജനായ മോശ നാലാം നൂറ്റാണ്ടിൽ ഈജിപ്റ്റിൽ ജീവിച്ചിരുന്ന ഒരു സന്യാസിയാണ്. ഈജിപ്റ്റിലെ ഒരു ഉദ്യോഗസ്ഥന്റെ അടിമയൊ വേലക്കാരനൊ ആയിരുന്നു മോശ (Thurston & Attwater, 1990, Vol. III). ഭീമാകാരനായിരുന്ന മോശ ഒരു കൊലപാതകം നടത്തിയതിനാൽ യജമാനൻ മോശയെ പുറത്താക്കി (നാടുകടത്തി). മോശ ഒരു കവർച്ചാസംഘത്തിൽ ചേർന്നു. മോശയുടെ അസാധാരണമായ കായിക ശക്തി മനസ്സിലാക്കിയ സംഘാംഗങ്ങൾ മോശയെ അവരുടെ നേതാവാക്കി. ഈ കൊള്ള സംഘം നിരവധി അതിക്രമങ്ങൾ ചെയ്യുകയും മോശയുടെ പേരുകേൾക്കുമ്പോൾ ജനം ഭയപ്പെടുകയും ചെയ്യുമായിരുന്നു (https://oca.org/saints/lives/2015/08/28/102414-venerable-moses-the-ethiopian-of-scete).

ഒരിക്കൽ ആടുകളെ മോഷ്ടിക്കുന്നതിനുള്ള പദ്ധതി ഒരു നായ കുരച്ചതിനാൽ വിഫലമായി. അതിന്റെ പ്രതികാരമെന്നവിധം മോശ നൈൽ നദി നീന്തികടന്ന് നാല് ആടുകളെ കൊല്ലുകയും അവയെ കൊന്ന് (നല്ല ഭാഗങ്ങൾ) പാകം ചെയ്ത് ഭക്ഷിക്കുകയും ചെയ്തു. ആടിന്റെ തോൽ വിറ്റ് മദ്യം വാങ്ങുകയും ദീർഘദൂരം നടന്ന് കവർച്ചക്കാരുടെ സംഘത്തോട് ചേരുകയും ചെയ്തു. ഏറെ സംവത്സരങ്ങൾ മോശ പാപകരമായ ജീവിതം നയിച്ചു. ദൈവത്തിന്റെ അളവറ്റ കരുണയാൽ അനുതപിക്കുകയും കവർച്ചാ സംഘത്തെ ഉപേക്ഷിച്ചും സ്കീറ്റ് താഴ്വരയിലെ ആശ്രമത്തിലെത്തി ചേരുകയും ചെയ്തു. മോശ അനുതാപത്തിന്റെ കണ്ണുനീരൊഴുക്കുകയും മറ്റു സന്യാസിമാരോട് അത്യന്തം അനുസരണയിൽ ജീവി

ക്കുകയും ചെയ്തു. പിന്നീട് മോശ ഏകാന്തമായി ഒരു ഇടുക്കു മുറിയിൽ പ്രാർത്ഥനയിലും ഉപവാസത്തിലും കഴിച്ചുകൂട്ടി.

മോശ തന്റെ ജഡമോഹങ്ങളിൽ നിന്ന് പെട്ടന്ന് സ്വതന്ത്രനായില്ല. വല്ലപ്പോഴും ഇസിദോർ സന്യാസിയുടെ അടുക്കൽ ഉപദേശം തേടുന്നതിനായി പോകുമായിരുന്നു. ഒരിക്കൽ ജഡമോഹങ്ങളിൽ നിന്നും വിടുവിക്കപ്പെടുവാൻ എന്തുചെയ്യണമെന്ന് മോശ ഇസിദോർ സന്യാസിയോടു ചോദിച്ചു. സന്യാസ ജീവിതത്തിൽ ഏറെ അനുഭവമുണ്ടായിരുന്ന ഇസിദോർ പറഞ്ഞു: 'ഒരിക്കലും അമിത ആഹാരം കഴിക്കരുത്, ഭാഗീകമായി വിശന്നിരിക്കുകയും നിയന്ത്രണം പാലിക്കുകയും ചെയ്യണം.' എന്നിരുന്നാലും മോശ സ്വപ്നത്തിൽ മോഹങ്ങളാൽ പ്രലോഭിപ്പിക്കപ്പെട്ടിരുന്നു.

മോശ പഴയ ജീവിത രീതികളിലേക്ക് മടങ്ങുന്നതിന് പിശാചുക്കൾ എപ്പോഴും പ്രലോഭിപ്പിച്ചുകൊണ്ടിരുന്നു. മോശ, ഇസിദോർ സന്യാസിയുടെ അടുക്കൽ പോയി തന്റെ സങ്കടം ഉണർത്തിച്ചു. മോശ പറഞ്ഞു: ''ഞാൻ കാണുന്ന സ്വപ്നങ്ങളാൽ എന്റെ ആത്മാവ് എന്റെ കാര്യകാരണ ചിന്തകളെ അന്ധകാരപ്പെടുത്തുന്നു. ഞാൻ എന്തു ചെയ്യണം?'' ഇസിദോർ സന്യാസി മറുപടിയായി പറഞ്ഞു: 'നീ നിന്റെ മനസ്സിനെ അങ്ങനെയുള്ള കാര്യങ്ങൾ കാണുന്നതിൽ നിന്ന് പിൻമാറ്റിയിട്ടില്ല, അതുകൊണ്ടാണ് അവ കാണുന്നത് നീ തുടർന്നുകൊണ്ടിരിക്കുന്നത്. നീ പ്രാർത്ഥനയിലും, ജാഗരണത്തിലും, ഉപവാസത്തിലും ഉറ്റിരുന്നാൽ പെട്ടെന്ന് നീ അവയിൽ നിന്ന് വിടുവിക്കപ്പെടും.' ഈ ഉപദേശം സ്വീകരിച്ച് മോശ തന്റെ മുറിയിൽ കയറി രാത്രി മുഴുവനും ഉറങ്ങാതെയും മുട്ടുമടക്കാതെയും ജാഗരിച്ച് ആറു വർഷം ചിലവഴിച്ചു. എന്നിട്ടും വിജയിക്കാതിരുന്ന മോശ മറ്റൊരു കാര്യം ചെയ്യുന്നതിനു തീരുമാനിച്ചു. വൃദ്ധരായ സന്യാസികളുടെ മുറിയിൽ രാത്രിയിൽ ചെന്ന് അവരുടെ വെള്ളം ശേഖരിക്കുന്ന പാത്രം കൊണ്ടുപോയി ദൂരെ സ്ഥലങ്ങ

ളിൽ നിന്നും വെള്ളം ശേഖരിച്ചുകൊണ്ടുവന്നു കൊടുക്കുമായിരുന്നു.

മോശ സന്യാസ ജീവിതം തെരഞ്ഞെടുത്തശേഷവും നിരവധി തവണ തന്റെ പഴയ ജീവിതരീതിയിലേക്ക് മടങ്ങുന്നതിന് പ്രേരണയുണ്ടാകുകയും അതിനെ അതിജീവിക്കുന്നതിന് കഠിന പരിശ്രമം ചെയ്യുകയും ചെയ്തു. ഒരിക്കൽ മോശ മുറിയിൽ ഏകനായിരിക്കുമ്പോൾ നാല് കവർച്ചക്കാർ തന്നെ ആക്രമിച്ചു. മോശ അവരെ ബന്ധിച്ച് തന്റെ തോളിൽ ചുമന്ന് പള്ളിയുടെ തറയിൽ കൊണ്ടുവന്നിട്ടു. എന്നിട്ട് അവരെ ഉപദ്രവിക്കുന്നത് ക്രീസ്തീയമല്ലാത്തതിനാൽ എന്തുചെയ്യണമെന്ന് ചോദിച്ചു. കവർച്ചക്കാർ അത് മോശയാണെന്ന് തിരിച്ചറിയുകയും അനുതപിച്ച് ആ സന്യാസ സമൂഹത്തിലെ അംഗങ്ങളായി ചേരുകയും ചെയ്തു (Palladius, 1898; Thurston & Attwater, 1990, Vol. III).

ഏറെ വർഷത്തെ സന്യാസ ജീവിതത്തിനുശേഷം മോശയെ ശെമ്മാശനാക്കി. വെള്ളവസ്ത്രം ധരിപ്പിച്ചശേഷം മെത്രാപ്പോലീത്ത പറഞ്ഞു: 'ഇപ്പോൾ മോശ പൂർണ്ണമായും വെളുത്തതാണ്.' മോശ മറുപടിയായി പറഞ്ഞു: 'ഞാൻ ബാഹ്യമായി വെളുത്തതാണ്, എന്നാൽ എന്റെ ഉള്ളം ഇപ്പോഴും കറുത്തതാണെന്ന് ദൈവം അറിയുന്നു.' പരീക്ഷിക്കുന്നതിനായി മെത്രാപ്പോലീത്ത ഒരിക്കൽ പുരോഹിതന്മാരോടായി പറഞ്ഞു: 'നിങ്ങൾ മോശയെ യോഗ്യനല്ലാത്ത എത്യോപ്യൻ എന്നാക്ഷേപിച്ച് മദ്ബഹായിൽ നിന്ന് പുറത്താക്കണം.' വിനയാന്വിതനായ മോശ ആ അവഹേളനം സ്വീകരിച്ചു. അതിനുശേഷം അലക്സന്ത്രിയായിലെ മെത്രാപ്പോലീത്ത മോർ തെയോഫീലോസ് മോശയെ വൈദികനായി പട്ടം കൊടുത്തു. വൈദികനായ മോശ പതിനഞ്ചുവർഷം വൈദീക ശുശ്രൂഷകൾ നിർവ്വഹിച്ചു. മോശക്ക് ധാരാളം ശിഷ്യന്മാരുണ്ടായിരുന്നു.

വിശുദ്ധ മോശക്ക് എഴുപത്തിയഞ്ച് വയസ്സ് പ്രായമായപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു. കവർച്ചക്കാർ

വന്ന് സ്കീറ്റിലുള്ളവരെ കൊലചെയ്യുമെന്നും അതിനാൽ സന്യാസികൾ അക്രമിക്കപ്പെട്ട് മരിക്കാതിരിക്കുന്നതിന് ആശ്രമം വിട്ടുപോകണമെന്നും നിർദ്ദേശിച്ചു. ശിഷ്യൻമാരോടുകൂടെ മോശയും ആശ്രമം ഉപേക്ഷിച്ചുവരണമെന്നവർ യാചിച്ചെങ്കിലും മോശ മറുപടിയായി പറഞ്ഞു: 'നമ്മുടെ നാഥനായ യേശുക്രിസ്തുവിന്റെ വചനങ്ങൾ സാക്ഷാൽകരിക്കപ്പെടുന്നതിന് ഞാൻ ദീർഘ സംവത്സരങ്ങളായി കാത്തിരിക്കുകയായിരുന്നു. വാളെടുക്കുന്നവനെല്ലാം വാളാൽ നശിക്കും' (മത്തായി 26:52). അതിനുശേഷം വിശുദ്ധ മോശയുടെ കൂടെ ഏഴ് സന്യാസി സഹോദരന്മാർ അവിടെ താമസിച്ചു. ആ ഏഴ്പേരിൽ ഒരാൾ ഒളിച്ചിരിക്കുകയും കവർച്ചക്കാർ ആക്രമിക്കുകയും മോശയേയും കൂടെയുണ്ടായിരുന്ന ആറുപേരെയും കൊല്ലുകയും ചെയ്തു. ഇത് ഉദ്ദേശം എഡി 400ൽ ആണെന്ന് അഭിപ്രായമുണ്ട് (http://incommunion.org/2011/12/07/st-moses-the-black-a-patron-saint-of-non-violence-by-pieter-dykhorst/).

വിശുദ്ധ മോശയെ അൽ ബറാമസ് ദയറായിൽ കബറടക്കി (Thurston & Attwater, 1990, Vol. III). വിശുദ്ധ മോശയുടെ ഓർമ്മ സുറിയാനി സഭ ജൂൺ 18, ആഗസ്റ്റ് 28 എന്നീ തീയതികളിൽ ആചരിക്കുന്നു.

# 14. അന്ത്യോഖ്യാ പാത്രിയർക്കീസായ മോറാൻ ഇഗ്നാത്തിയോസ് നൂഹ് (നോഹ)

**(AD 1451 - AD 1509)**

നൂഹ് (നോഹ) ദമസ്ക്കോസ്കാരനായ ജോർജ്ജിന്റെ മകനായി AD 1451ൽ ലബനോനിലെ (ട്രിപോളിയിലെ) ഗ്രാമമായ ബക്കുഫയിൽ ജനിച്ചു. സിറിയയിലെ മെത്രാപ്പോലീത്തയായ മോർ ദിയസ്ക്കോറോസിന്റെ പ്രവർത്തന ഫലമായി നൂഹും, സഹോദരനും മാറൊനൈറ്റ് വിശ്വാസത്തിൽ നിന്ന് ഓർത്തഡോക്സ് വിശ്വാസത്തിലേക്കു വന്നു.

നൂഹ് സുറിയാനി ഭാഷയും ദൈവശാസ്ത്രവും ഹോംസിലെ തോമ എന്ന പുരോഹിതന്റെ കീഴിൽ പഠിച്ചു. തുടർന്ന് വൈദികനാകുകയും AD1480ൽ സിറിൽ എന്ന പേരിൽ ഹോംസിലെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുകയും ചെയ്തു. AD 1489ൽ കിഴക്കിന്റെ മഫ്രിയാനയായി വാഴിക്കപ്പെട്ടു. AD 1493ൽ (കുദോശീത്തൊ ഞായറാഴ്ച) ഇഗ്നാത്തിയോസ് എന്ന പേരിൽ അന്ത്യോഖ്യാ പാത്രിയർക്കീസായി സ്ഥാനാരോഹണം ചെയ്തു (Aphrem I, 2003). ഹോംസിലെ ദൈവാലയത്തിൽ വച്ചു എഡി 1506ൽ പരിശുദ്ധ ബാവ വിശുദ്ധ മുറോൻ കൂദാശ നിർവ്വഹിക്കുകയുണ്ടായി.

പാത്രിയർക്കീസ് മോറാൻ നൂഹ് തൊണ്ണൂറ്റിരണ്ട് പേജുള്ള പദ്യസമാഹാരം രചിച്ചിട്ടുണ്ട്. അവ അനുതാപത്തെക്കുറിച്ചും അപേക്ഷകളെക്കുറിച്ചും, ആത്മാവിന്റെ അവസ്ഥയെക്കുറിച്ചും അതിനെ നിയന്ത്രിക്കുന്നതിനെക്കുറിച്ചും അനീതിയുള്ള (കുർദ്ദ്) ഭരണാധികാരികളെക്കുറിച്ചുമുള്ളവയാണ്. മോറാൻ നൂഹിന്റെ ഗുരുവായ

ഹോംസിലെ സന്യാസിയായ തോമ എന്ന വൈദികനെ ശ്ലാഘിച്ചു കൊണ്ടുള്ള കൃതിയും അതിൽ ഉൾപ്പെടുന്നു. ഒരു രചനയിൽ നാഥൻ ജീവനാകുന്നുവെന്നും അവനിൽ വിശ്വസിക്കുന്നവന് ആ ജീവൻ വാഗ്ദാനം ചെയ്തിരിക്കുന്നുവെന്നും പ്രസ്താവിക്കുന്നു. ടർക്കിയിലെ (മദാനിലെ) മെത്രാപ്പോലിത്തയായ മോർ മൽക്കെയുടെ അപേക്ഷപ്രകാരം സാർവ്വത്രികവും, പ്രത്യേകവുമായ സ്വഭാവങ്ങളെ സംബന്ധിച്ച് നൂറ്റിമുപ്പത്തിയാറ് വരികൾ രചിച്ചിട്ടുണ്ട്. അത് കൂടാതെ ഭംഗിയുള്ള സ്വന്തം കൈപടയിൽ എഴുതിയിട്ടുള്ള ഏതാനും കൈയെഴുത്തു പ്രതികളും കന്യകയെ സംബന്ധിച്ച് എഴുതിയിരിക്കുന്ന ഒരുപാട്ടും ഒരു സംക്ഷിപ്ത ചരിത്ര ലഘുലേഖയും അദ്ദേഹത്തിന്റെതായിട്ടുണ്ട്.

മോറാൻ ഇഗ്നാത്തിയോസ് നൂഹ് പാത്രിയർക്കീസ് ബാവ (AD 1493–1509) പതിമൂന്ന് മെത്രാപ്പോലീത്തന്മാരെ വാഴിച്ചിട്ടുണ്ട്. AD 1509 ജൂലൈ 28-ാം തീയതി കാലം ചെയ്ത ബാവായുടെ ഓർമ്മ സുറിയാനി സഭ ജൂലൈ 28-ാം തീയതി ആചരിക്കുന്നു.

# 15. ഉറഹായിലെ മെത്രാപ്പോലീത്ത മോർ യൂളോജിയസ്

**(നാലാം നൂറ്റാണ്ട്)**

വാലൻസ് ചക്രവർത്തി (AD 364-378) അറിയോസിന്റെ വേദവിപരീതം പ്രചരിപ്പിക്കുന്നതിനാഗ്രഹിക്കുകയും ഓർത്തഡോക്സ് വിശ്വാസികളെ ക്രൂരമായി പീഡിപ്പിക്കുകയും ചെയ്തു (Smith & Wace, 1880, Vol. II). സുറിയാനി സഭയിലെ മെത്രാപ്പോലീത്തയായിരുന്ന ബാർസിസിനെ വാലൻസ് ചക്രവർത്തി നാടുകടത്തുകയും അറാദ് ദ്വീപിൽ ബന്ധനത്തിലാക്കുകയും ചെയ്തു. എന്നാൽ അവിടുത്തെ വിശ്വാസികൾ മെത്രാപ്പോലീത്തയെ വലിയ ആദരവോടെ സ്വീകരിച്ചു. തുടർന്ന് ഈജിപ്റ്റിലെ പട്ടണമായ ഓക്സിറിൻകോസിലേക്കും, തിനോണിലേക്കും നാടുകടത്തി. ക്ഷീണിതനായ ബാർസസ് മെത്രാപ്പോലീത്ത തിനോണിൽ വച്ച് കാലം ചെയ്തു.

മേൽപ്പറഞ്ഞ പീഡനത്തിന്റെ കാലഘട്ടത്തിൽ ഉറഹായുടെ ഭരണചുമതലയുണ്ടായിരുന്ന മൊഡസ്റ്റസ്, അറിയോസ് പക്ഷക്കാരനായ ലൂപ്പസ് മെത്രാപ്പോലീത്തയുമായി സഹകരിക്കുന്നതിനും ചക്രവർത്തിയുടെ കല്പന അനുസരിക്കുന്നതിനും സത്യവിശ്വാസികളെ നിർബ്ബന്ധിച്ചു (https://oca.org/saints/lives/2011/08/25/102395-st-eulogius-the-bishop-of-edessa-and-confessor). എന്നാൽ ഉറഹായിലെ വിശ്വാസികൾ അറിയോസ് പക്ഷക്കാർ കൈയ്യടക്കിയ പള്ളികളിൽ ആരാധന നടത്താതെ പട്ടണത്തിനു പുറത്ത് തുറസ്സായ സ്ഥലത്ത് ആരാധന നടത്തി. ഇതറിഞ്ഞ ചക്രവർത്തി തുറസ്സായ സ്ഥലത്ത് ആരാധന നടത്തുന്നവരെ വധിക്കുന്നതിന് ഉത്തരവായി. മൊഡാ

സ്റ്റസ് ഈ വിളംബരം വിശ്വാസികളെ അറിയിച്ചെങ്കിലും അവർ തുറസ്സായ സ്ഥലത്ത് ആരാധനയിൽ പങ്കെടുക്കുകയും രക്തസാക്ഷികളാകുകയും ചെയ്തു.

ഒരു ദിവസം വാലൻസ് ചക്രവർത്തിയുടെ കല്പന നടപ്പാക്കുന്നതിന് ആയുധധാരികളായ പട്ടാളക്കാരോടുകൂടെ മൊഡസ്റ്റസ് പോകുകയായിരുന്നു. അപ്പോൾ ഒരു സ്ത്രീ അവളുടെ കൈക്കുഞ്ഞുമായി തുറസ്സായ സ്ഥലത്തെ ആരാധനയ്ക്കായി പോകുന്നത് കാണുന്നതിനിടയായി. ഈ സ്ത്രീയും കുഞ്ഞും രക്തസാക്ഷികളാകാൻ ഇടയാകുന്നതിനെയോർത്ത് മൊഡസ്റ്റസിന്റെ മനസ്സിൽ ദു:ഖമുണ്ടായി. മൊഡസ്റ്റസ് പട്ടാളക്കാരോടുകൂടെ മടങ്ങി പോകുകയും രാജകല്പന പിൻവലിക്കുന്നതിനും പുരോഹിതന്മാരെ മാത്രം വധിക്കുന്നതിനും ഉത്തരവാകണമെന്നും അപേക്ഷിച്ചു.

പുരോഹിതനായ യൂളോജിയസ് മറ്റ് എൺപതുപേരോടു ചേർന്ന് ശക്തിയായ പ്രതിരോധം സൃഷ്ടിക്കുകയും തൽഫലമായി അവരെയെല്ലാം ത്രാസിലേക്ക് നാടുകടത്തുകയും ചെയ്തു. ത്രാസിലെത്തിയ പുരോഹിതന്മാർക്കും വിശ്വാസികൾക്കും വലിയ സ്വീകരണമാണ് ലഭിച്ചത്. ക്രുദ്ധനായ വാലൻസ് ചക്രവർത്തി അവരെ ഈരണ്ടുപേരായി ദൂരസ്ഥലങ്ങളിലേക്ക് അയച്ചു. പുരോഹിതന്മാരായ യുളോജിയസും പ്രോട്ടോജനസിസും തീബെയ്ദിലെ ആന്റിനസ് എന്ന സ്ഥലത്തേക്ക് അയക്കപ്പെട്ടു. അവിടെ ഒരു മെത്രാപ്പോലീത്തയുണ്ടായിരുന്നെങ്കിലും ആളുകളെല്ലാം പുറജാതിക്കാരായിരുന്നു. രണ്ടു പുരോഹിതന്മാരും ജനങ്ങളുടെ ഇടയിൽ സുവിശേഷവേലകൾ നിർവ്വഹിച്ച് ക്രിസ്തുവിൽ വിശ്വസിച്ചവർക്ക് മാമോദീസ നൽകി.

വാലൻസ് ചക്രവർത്തി മരിച്ചതിനെ തുടർന്ന് തിയൊഡോഷ്യസ് ചക്രവർത്തി (AD 379-395) പിൻഗാമിയായി രാജഭരണം ഏറ്റെടുത്തു. സത്യവിശ്വാസികളായി അവശേഷിക്കുന്നവരെല്ലാം ഉറഹായിലേക്ക് മടങ്ങിവന്നു.

അവരോടുകൂടെ പുരോഹിതന്മാരായ യൂളോജിയസ്സും പ്രൊട്ടോജനസ്സും മടങ്ങിവരികയുണ്ടായി. (നാടുകടത്തപ്പെട്ട്) കാലം ചെയ്ത ഉറഹായിലെ ബാർസസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയായി യൂളോജിയസ്സിനെ സമോസറ്റിയിലെ യൂസേബിയോസ് മെത്രാപ്പോലീത്ത വാഴിച്ചു. പ്രൊട്ടോജനസിനെ മെസപ്പൊട്ടോമിയൻ പട്ടണമായ കർഹയിലെ മെത്രാപ്പോലീത്തയായി വാഴിച്ചു (Smith & Wace, 1880, Vol. II).

യൂളോജിയസ് AD 381ലെ കുസ്തന്തീനോസ്പോലീസിൽ കൂടിയ സുന്നഹദോസിൽ സംബന്ധിച്ചിരുന്നു. ഏറെ പീഡകളേറ്റ യൂളോജിയസ് നാലാം നൂറ്റാണ്ടിന്റെ അന്ത്യത്തിൽ കാലം ചെയ്തതായി കരുതപ്പെടുന്നു. മോർ യൂളോജിയസ് മെത്രാപ്പോലീത്തായുടെ ഓർമ്മ ജൂൺ 21-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 16. മഹാനായ വിശുദ്ധ അർസേനിയസ്

**(AD 354 - AD 450?)**

അർസേനിയസ് ഉദ്ദേശം AD 354ൽ റോമിലെ ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ചു. അർസേനിയസ് പ്രസംഗകലയും, തത്വശാസ്ത്രവും, ഗ്രീക്ക്, ലാറ്റിൻ ഭാഷകളും പഠിച്ചു. പിന്നീട് തത്വശാസ്ത്രവും, ലോക ജീവിതത്തിന്റെ താൽക്കാലിക സുഖങ്ങളും ഉപേക്ഷിച്ച് ദൈവവേലക്കായി സമർപ്പിക്കുകയും റോമിലെ ഒരു ദൈവാലയത്തിൽ ശെമ്മാശനാകുകയും ചെയ്തു (Smith & Wace, 1880, Vol. II; http://home.iprimus.com.au/xenos/arseniosgreat.html).

റോമാ സാമ്രാജ്യത്തിന്റെ കിഴക്കെ പകുതിയിൽ ഭരണം നടത്തിയിരുന്നത് തിയൊഡോഷ്യസ് ഒന്നാമൻ (AD 379–395) ചക്രവർത്തിയായിരുന്നു. തിയോഡോഷ്യസ് ചക്രവർത്തി മക്കളായ അർക്കേഡിയസിന്റെയും ഹൊണേറിയസിന്റെയും പഠനകാര്യങ്ങൾ അർസേനിയസിനെ ഏല്പ്പിച്ചു. വൈമനസ്യത്തോടെയാണെങ്കിലും പോപ്പ് ഡമസോസിന്റെ ആഗ്രഹമനുസരിച്ച് അർസേനിയസ്, ചക്രവർത്തിയുടെ മക്കളെ പഠിപ്പിക്കുന്നതിന് സമ്മതിച്ചു (http://catholicfire.blogspot.co.uk/2008/07/saint-of-day-st-arsenius-great.html).

അർസേനിയസ് കുസ്തന്തിനോപോലീസിൽ എത്തിയപ്പോൾ വലിയ ബഹുമാനത്തോടെ തിയെഡോഷ്യസ് ചക്രവർത്തി സ്വീകരിച്ചു. തിയൊഡോഷ്യസ് ചക്രവർത്തി ഇപ്രകാരം കല്പിച്ചു: ‘‘ഇവർ ചക്രവത്തിയുടെ മക്കളാണെന്നത് മറന്നുകളയണം, അവർ എല്ലാകാര്യങ്ങളിലും പിതാവെന്ന നിലയിലും അദ്ധ്യാപകനെന്ന നിലയിലും അർസേനിയസിന്റെ അടുക്കൽ വിധേയപ്പെട്ടു

നില്ക്കണം.'' വലിയ ഉത്സാഹത്തോടെ അർസേനിയസ് അവരെ പഠിപ്പിച്ചു. എന്നാൽ അർസേനിയസിനെ ഉന്നതനെന്ന നിലയിൽ പരഗണിച്ചിരുന്നത് അദ്ദേഹത്തെ അസ്വസ്ഥനാക്കി. അർസേനിയസ് നാഥനോട് പ്രാർത്ഥിക്കുകയും അതിനുത്തരമായി മനുഷ്യരിൽ നിന്ന് ഓടിമാറുന്നതിന് ആഹ്വാനമുണ്ടായി. തുടർന്ന് ഉദ്ദേശം AD 396ൽ അർസേനിയസ് വിലകൂടിയ വസ്ത്രങ്ങൾ അഴിച്ചുമാറ്റി കീറിപ്പറിഞ്ഞ പഴയ വസ്ത്രങ്ങൾ ധരിച്ച് അലക്സന്ത്രിയായിലേക്കുള്ള കപ്പൽ കയറുകയും മരുഭൂമിയിലെ സ്കീറ്റിലെ ഒരു ആശ്രമത്തിലെത്തുകയും ചെയ്തു.

ആശ്രമത്തിലെ സഹോദരന്മാർ അർസേനിയസിനെ യൂഹാനോൻ എന്ന വിഖ്യാതനായ സന്യാസിയുടെ അടുക്കൽ കൊണ്ടുചെന്നു. അർസേനിയസിന്റെ താഴ്മ പരിശോധിക്കുന്നതിനായി അർസേനിയസിനെ മറ്റു സന്യാസികളുടെ കൂടെ ഭക്ഷണത്തിനിരുത്തിയില്ല. ഒരു ഉണക്ക അപ്പക്കഷ്ണം എറിഞ്ഞുകൊടുത്തുകൊണ്ടു യൂഹാനോൻ പറഞ്ഞു: 'വേണമെങ്കിൽ അത് ഭക്ഷിക്കു.' അർസേനിയസ് മുട്ടുകുത്തി ആ അപ്പകഷ്ണം വായ്കൊണ്ട് കടിച്ചെടുത്തു. അതുകണ്ട യൂഹാനോൻ പറഞ്ഞു: 'ഇവനൊരു വലിയ സന്യാസിയായി തീരും.' തുടർന്ന് അർസേനിയസിനെ സ്വീകരിക്കുകയും സന്യാസവസ്ത്രം ധരിപ്പിക്കുകയും ചെയ്തു.

അർസേനിയസ് സന്യാസി ഒരു ചെറിയ മുറിയിൽ പ്രാർത്ഥനയിൽ കഴിച്ചുകൂട്ടി. മൗനവ്രതം ആചരിച്ചിരുന്ന അർസേനിയസ് ഞായറാഴ്കളിലും മറ്റുപെരുന്നാൾ ദിനങ്ങളിലും പള്ളിയിൽ വന്ന് സംബന്ധിക്കുമായിരുന്നു. നിരന്തരമായ പ്രാർത്ഥനയിൽ മുഴുകിയിരുന്നുവെങ്കിലും ഉപദേശങ്ങൾ സ്വീകരിക്കുന്നതിനാഗ്രഹിച്ച് അദ്ദേഹത്തെ സന്ദർശിക്കുന്നവരെ നിരോധിച്ചിരുന്നില്ല.

അർസേനിയസ് ഈന്തപനയുടെ പട്ടകൾ നനച്ച് കുട്ടകൾ നെയ്യുമായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ പലരും നോമ്പുനോക്കുന്നവരും, അനുതപിക്കുന്നവരും, ജാഗരിക്കുന്നവരുമാണെങ്കിലും അവരുടെ ആത്മാക്കളെ

അഹങ്കാരത്തിൽ നിന്നും, അത്യാഗ്രഹത്തിൽ നിന്നും, അസൂയയിൽനിന്നും കാത്തു സൂക്ഷിക്കുന്നവർ വിരളമാണ്. ഈ കാര്യത്തിൽ ബാഹ്യമായി അലങ്കരിച്ചിരിക്കുന്ന ശവക്കല്ലറകൾപോലെ അവയുടെ ഉള്ളിൽ കുത്തിത്തുളക്കുന്ന ദുർഗ്ഗന്ധമാണുള്ളത്.

ഒരിക്കൽ ഒരു സന്യാസി അർസേനിയസിനോടു ഇപ്രകാരം ചോദിച്ചു: 'അർത്ഥം മനസ്സിലാക്കാതെ വിശുദ്ധ ഗ്രന്ഥം വായിക്കുന്ന ഒരാൾ എന്തുചെയ്യണം?' അർസേനിയസ് പറഞ്ഞു: 'എന്റെ കുട്ടി, വിശുദ്ധ വചനത്തിന്റെ അർത്ഥമോ ശക്തിയോ മനസ്സിലാകുന്നില്ലെങ്കിലും നീ നിരന്തരമായി വിശുദ്ധഗ്രന്ഥം പാരായണം ചെയ്യുകയും പഠിക്കുകയും ചെയ്യണം. കാരണം നമ്മുടെ ചുണ്ടുകളിൽ വിശുദ്ധ വചനം ഉള്ളപ്പോൾ അതുകേൾക്കുന്ന പിശാചുകൾ ഓടിപോകും.' അർസേനിയസ് പറയുമായിരുന്ന മറ്റൊരുകാര്യം: 'ഞാൻ എന്റെ വാക്കുകളെ കുറിച്ച് ദു:ഖിച്ചിട്ടുണ്ടെങ്കിലും, ഒരിക്കലും എന്റെ നിശബ്ദതയെക്കുറിച്ച് ദു:ഖിച്ചിട്ടില്ല' എന്നാണ്.

അർസേനിയസ് അൻപത്തിനാല് വർഷം സന്യാസ ജീവിതത്തിന്റെ അദ്ധ്വാനത്തിലും ബുദ്ധിമുട്ടുകളിലും ജീവിച്ചു. അദ്ദേഹം നാൽപതു വർഷം സ്കീറ്റിലും (ഉദ്ദേശം AD 394 - 434) പത്തുവർഷം (c. AD 434 - 444) മെംപിസിലെ ട്രോയിലും, പിന്നീട് മൂന്നുവർഷം കാനോപസിലും ഒരു വർഷം കൂടി ട്രോയിലും ചിലവഴിക്കുകയും ഉദ്ദേശം AD 450ൽ ട്രോയിൽ വച്ച് കാലം ചെയ്യുകയും ചെയ്തു. കാലം ചെയ്യുന്നതിന് തൊട്ടടുത്ത നിമിഷങ്ങളിൽ അർസേനിയസ് കരയുകയായിരുന്നു. സന്യാസിമാർ ചോദിച്ചു: 'പിതാവെ അവിടത്തേക്ക് ഭയമാണോ?' അർസേനിയസ് പറഞ്ഞു: 'സത്യമായും ഈ സമയം എനിക്കുള്ള ഭയം ഞാൻ സന്യാസിയായ കാലം മുതൽ എന്നിലുണ്ട്' (Smith & Wace, 1877, Vol. I, p. 174).

വിശുദ്ധ അർസേനിയസിന്റെ ഓർമ്മ സുറിയാനി സഭ മെയ് 8-ാം തീയതി ആചരിക്കുന്നു.

# 17. സെനൊ ചക്രവർത്തിയുടെ മകളായ വിശുദ്ധ ഹിലാരിയ

**(അഞ്ചാം നൂറ്റാണ്ട്)**

ചക്രവർത്തിയായ സെനൊ (AD 474-491) സഭയെ സ്നേഹിച്ച ഒരു ഓർത്തഡോക്സ് വിശ്വാസിയായിരുന്നു. ഓർത്തഡോക്സ് വിശ്വാസത്തെ അനുകൂലിച്ച് സെനൊ ചകവർത്തി എഴുതിയ ഹെനോറ്റികോൺ (AD 482) വളരെ പ്രസിദ്ധമാണ്. ചക്രവർത്തിയുടെ രണ്ട് പെൺമക്കളായിരുന്നു ഹിലാരിയയും തവോപെസ്തയും (http://st-takla.org/books/en/church/synaxarium/05-topah/21-toba-hilaria.html).

സെനൊ ചക്രവർത്തി രണ്ടു മക്കളെയും ഓർത്തഡോക്സ് വിശ്വാസത്തിന്റെ അടിസ്ഥാന പ്രമാണങ്ങൾ പഠിപ്പിച്ചിരുന്നു. മൂത്ത മകളായ ഹിലാരിയ ചെറിയ പ്രായത്തിൽ തന്നെ ഏകാന്തജീവിതം ആഗ്രഹിച്ചിരുന്നു. ഹിലാരിയക്ക് പതിനെട്ടുവയസ്സായപ്പോൾ അവൾ പുരുഷവേഷം ധരിച്ച് ഈജിപ്റ്റിലേക്ക് യാത്രതിരിച്ചു. അവൾ അലക്സന്ത്രിയയിലെ പത്രോസ് ശ്ലീഹായുടെ പള്ളിയിലും വിശുദ്ധ മർക്കോസ് ഏവൻഗേലിസ്തായുടെ പള്ളിയിലും പ്രാർത്ഥനകൾ നടത്തി. അവൾ തിയൊഡോറസ് ശെമ്മാശനോടുകൂടെ ദയറായിലേക്കു പോയി. ആദ്യം, സന്യാസിയായ വിശുദ്ധ മെന്നാസിന്റെ അടുക്കലും പിന്നീട് വിശുദ്ധ പാംബോയുടെ അടുക്കലും പോയി. അവർ ഹിലാരിയ ഒരു സ്ത്രീയാണെന്ന് തിരിച്ചറിഞ്ഞില്ല.

മൂന്ന് വർഷങ്ങൾക്ക് ശേഷം ഹിലാരിയ ഒരു സ്ത്രീയാണെന്ന് പാംബൊയ്ക്ക് ദർശനമുണ്ടായി. അപവാദങ്ങൾ ഒഴിവാക്കാനായി ആ കാര്യം ആരോടും വെളിപ്പെടുത്തരുതെന്ന് പാംബൊ ഹിലാരിയയോടു പറഞ്ഞു.

ഒൻപതു വർഷത്തിനുശേഷവും താടി മീശകൾ ഉണ്ടാകാതിരുന്നതിനാൽ ഹിലാരിയ ഷണ്ഡൻ എന്നറിയപ്പെട്ടു (http://www.tertullian.org/fathers/hilaria_02_intro.htm).

കുസ്തന്തിനോപോലീസിലായിരുന്ന ഹിലാരിയയുടെ ഇളയ സഹോദരി തവോപെസ്ത ഒരു ദുരാത്മാവിനാൽ ബാധിക്കപ്പെട്ടു. എന്തുചെയ്യണമെന്നറിയാതെ സെനൊ ചക്രവർത്തി തവോപെസ്തയെ സ്കീറ്റിലെ സന്യാസികളുടെ അടുക്കൽ അയച്ചു. തവോപെസ്തയെ വിശുദ്ധ പാംബോയുടെ അടുക്കൽ കൊണ്ടുവന്നു. ആ സമയത്ത് എല്ലാവരേയും അമ്പരിപ്പിച്ചുകൊണ്ട് ഹിലാരിയ തേങ്ങികരയുവാൻ തുടങ്ങി. ഹിലാരിയായുടെ ദീനരോദനം കണ്ട പാംബോ തവോപെസ്തയുടെ പരിചരണം ഹിലാരിയയെ ഏല്പിച്ചു.

ഹിലാരിയ ഒരാഴ്ച പ്രാർത്ഥനയിൽ മുഴുകുകയും സഹോദരി സൗഖ്യം പ്രാപിക്കുകയും ചെയ്തു. എന്നാൽ സഹോദരിയായ തവോപെസ്ത ഹിലാരിയയെ തിരിച്ചറിഞ്ഞില്ല. സൗഖ്യം പ്രാപിച്ച തവോപെസ്ത കൂദാശകൾ സ്വീകരിക്കുകയും പിതാവിന്റെ കൊട്ടാരത്തിലേക്കു മടങ്ങുകയും ചെയ്തു. തവോപെസ്ത ഉണ്ടായകാര്യങ്ങൾ പിതാവിനോട് വിവരിച്ചു. സന്യാസിയായ ഹിലാരിയ തന്നെ ആശ്വസിപ്പിച്ചെന്നും നിരവധി തവണ ചുംബിച്ചെന്നും തങ്ങൾ ഒരു കിടക്കയിലാണ് കിടന്നതെന്നും പറഞ്ഞു കേൾപ്പിച്ചു. ഇതുകേട്ട ചക്രവർത്തി മറ്റൊരാളെ കൂടെ കുസ്തന്തിനോപോലീസിൽ സൗഖ്യപ്പെടുത്താനുണ്ട് എന്ന വ്യാജേന ഹിലാരിയയെ അങ്ങോട്ട് വിളിച്ചുവരുത്തി. തുടർന്ന് ഹിലാരിയ പിതാവിനോടു കാര്യങ്ങൾ വിശദീകരിക്കുകയും തന്നെ ആശ്രമത്തിലേക്ക് മടങ്ങിപ്പോകാൻ അനുവദിക്കണമെന്നഭ്യർത്ഥിക്കുകയും ചെയ്തു.

ഹിലാരിയ സ്കീറ്റിലെ ആശ്രമത്തിലേക്കു മടങ്ങുകയും പന്ത്രണ്ടു വർഷങ്ങൾക്കുശേഷം തന്റെ നാഥനായവന്റെ അടുക്കലേക്കു യാത്രയാകുകയും ചെയ്തു. സന്യാസശ്രേഷ്ഠനായ പാംബൊയാണ് ഹാലാരിയയുടെ ജീവ

ചരിത്രം രചിച്ചത്. വിശുദ്ധ ഹിലാരിയയുടെ ഓർമ്മ സുറിയാനി സഭ നവംബർ 27-ാം തീയതി ആചരിക്കുന്നു.

**കുറിപ്പ്:** വിശുദ്ധ ഹിലാരിയയുടെയും സഹോദരനായ ലാസറിന്റെയും ഓർമ്മദിനമായി ജനുവരി 13 കലണ്ടറുകളിൽ കാണുന്നെങ്കിലും ഹിലാരിയക്ക് ഒരു സഹോദരി (താവോപെസ്ത) മാത്രമാണുണ്ടായിരുന്നതെന്നാണ് ആശ്രിതഗ്രന്ഥങ്ങളിലെല്ലാം കാണുന്നത്.

# 18. സന്യാസിയും എഴുത്തുകാരനുമായ എവാഗ്രിസ്

**(AD 344? - AD 398)**

സന്യാസിയും എഴുത്തുകാരനുമായ എവാഗ്രിസ് പൊന്തോസ് ഗലാറ്റിക്കസിലെ ഐബോറ എന്ന സ്ഥലത്ത് ഉദ്ദേശം AD 344ൽ ജനിച്ചു (Wace, 1911). എവാഗ്രിസിനെ കൈസര്യയിലെ മോർ ബസ്സേലിയോസ് വായനക്കാരനായും പിന്നീട് നസിയാൻസനിലെ മോർ ഗ്രീഗോറിയോസ് പൂർണ്ണ ശെമ്മാശനായും പട്ടം കൊടുത്തു (Palladius, 1898; Smith & Wace, 1880, Vol. II; Wace, 1911; Malaty, 2005). മോർ ഗ്രീഗോറിയോസ് എവാഗ്രിസ് ശെമ്മാശനെ AD 381ൽ കൂടിയ കുസ്തന്തീനോപോലീസിലെ സുന്നഹദോസിൽ സംബന്ധിക്കുന്നതിന് കൂടെ കൊണ്ടുപോയിരുന്നു. പുതുതായി വാഴിക്കപ്പെട്ട നെക്റ്റാറിയസ് മെത്രാപ്പോലീത്തയുടെ സഹായത്തിനായി എവാഗ്രിയസ് അവിടെ തന്നെ താമസിച്ചു. എവാഗ്രിസ് വേദവിപരീതങ്ങൾക്കെതിരായി ശക്തിയോടെ വാദിക്കുന്നതിൽ നിപുണനായിരുന്നു (Wace, 1911).

ഒരു ഉയർന്ന മുൻ ഉദ്യോഗസ്ഥന്റെ ഭാര്യ നിമിത്തം എവാഗ്രിസ് ജഡിക ചിന്തകളിൽ വീഴുന്നതിനിടയായി. എവാഗ്രിസ് കടുത്ത പനി ബാധിച്ച് ആറുമാസത്തോളം ഏറെ ബുദ്ധിമുട്ടുകയുണ്ടായി. എവാഗ്രിസ് അവിടെ നിന്നും യെരുശലേമിലേക്കു പോയി. അവിടെയെത്തിയ എവാഗ്രിസിനെ അനുഗ്രഹീതയായ മെലാനിയ ശുശ്രൂഷിച്ചു. മെലാനിയ പറഞ്ഞു: ''മകനെ, നിന്റെ രോഗം എന്നെ ദുഖിപ്പിക്കുന്നു. അതുകൊണ്ട് നിന്റെ വിചാരങ്ങൾ എന്നോട് പറയുക. എവാഗ്രിസ് എല്ലാ കാര്യങ്ങളും മെലാനിയയോടു ഏറ്റു പറഞ്ഞു.'' മെലാനിയ പറഞ്ഞു: 'ഒരു സന്യാസ

ജീവിതം നയിച്ചുകൊള്ളാമെന്ന് ദൈവതിരുമുൻപാകെ നീ എനിക്കു വാക്കുതരണം. പാപിയായ ഞാൻ നിനക്കു ഒരു ജീവിതം ലഭിക്കുന്നതിന് പ്രാർത്ഥിക്കാം' (Malaty, 2005, p. 239). എവാഗ്രിസ് ആയത് സമ്മതിക്കുകയും തുടർന്ന് ഏതാനും ദിവസത്തിനുള്ളിൽ സുഖം പ്രാപിക്കുകയും ഉദ്ദേശം AD 382ൽ ഈജിപ്റ്റിലെ നൈട്രിയ മലയിലേക്കു പോകുകയും ചെയ്തു.

രണ്ടുവർഷം നൈട്രിയയിൽ താമസിച്ചശേഷം മൂന്നാം വർഷം മരുഭൂമിയിൽ പ്രവേശിച്ചു. അങ്ങനെ സെല്ലിയ എന്ന് വിളിക്കപ്പെടുന്ന സ്ഥലത്ത് പതിനാലു വർഷം താമസിച്ചു. വിശുദ്ധിയിൽ വളർന്നശേഷം ആന്റി റെറ്റിക്ക എന്നറിയപ്പെടുന്ന സന്യാസികൾക്കുള്ള മൂന്നു പുസ്തകങ്ങൾ രചിച്ചു. അവയിൽ സാത്താനെതിരായി പോരാടുന്നതിനെക്കുറിച്ചാണ് വിവരിച്ചിരിക്കുന്നത്. അല ക്സാന്ത്രിയായിലെ തെയോഫീലോസ് മെത്രാപ്പോലീത്ത എവാഗ്രിസിനെ മെത്രാപ്പോലീത്തയായി വാഴിക്കുന്നതി നാഗ്രഹിച്ചെങ്കിലും എവാഗ്രിസ് അതിനു സമ്മതിച്ചില്ല (Wace, 1911). ഒരിക്കൽ എവാഗ്രിസ് പറഞ്ഞു: 'എപ്പോഴും മരണത്തെക്കുറിച്ച് ഓർത്തുകൊള്ളണം. നിത്യമായ ന്യായ വിധിയെ വിസ്മരിക്കരുത്. അങ്ങനെയെങ്കിൽ നിന്റെ ആത്മാവിന് ഒരു തെറ്റും പറ്റികയില്ലാ' (Malaty 2005, p. 239).

പ്രാർത്ഥനയെക്കുറിച്ച് എവാഗ്രിസ് എഴുതിയിരിക്കു ന്നതിപ്രകാരമാണ്. 'പ്രാർത്ഥന സൗമ്യതയുടെ പുഷ്പ മാണ്. അത് കോപത്തിൽ നിന്ന് സ്വാതന്ത്ര്യം നൽകുന്നു. പ്രാർത്ഥന സന്തോഷത്തിന്റെയും കൃതജ്ഞതയുടെയും ഫലമാണ്. പ്രാർത്ഥന മനഃതകർച്ചയ്ക്കും ആശയില്ലാത്ത അവസ്ഥയ്ക്കുമുള്ള പരിഹാരമാണ്. ഏകാഗ്രതയോടെ പ്രാർത്ഥിക്കുന്നതിന് നീ നിനക്കുള്ളതെല്ലാം വിറ്റ് ദരി ദ്രർക്ക് കൊടുക്കുകയും നിന്റെ കുരിശെടുത്ത് എന്നെ അനുഗമിക്കുകയും ചെയ്ക. മൂല്യമുള്ള ജീവിതം നയി ക്കുന്നതിന് ഓരോ നാഴികയിലും നീ നിന്നെ തന്നെ ത്യജിക്കണം . . . പ്രാർത്ഥന ആത്മാവിനെ ദൈവത്തിങ്ക

ലേക്ക് ഉയർത്തുന്നതിനുള്ള ഉപാധിയാണ്. നീ പ്രാർത്ഥന ആഗ്രഹിക്കുന്നെങ്കിൽ എല്ലാം നേടുന്നതിനായി എല്ലാം ത്യജിക്കണം' (Malaty, 2005, p. 239).

ഒരിക്കൽ, പതിനെട്ടു വർഷത്തിനുശേഷം തനിക്ക് എന്തു സംഭവിക്കുമെന്ന് എവാഗ്രിസ് തന്റെ ശിഷ്യന്മാരിൽ ഒരുവനോട് പറയുകയുണ്ടായി. 'ഞാൻ ഈ മരുഭൂമിയിൽ വന്നു പാർത്ത സമയം മുതൽ ഞാൻ ഒരു ഇലക്കറിയോ, പഴമോ, മുന്തിരിയൊ, മാംസമൊ ഭക്ഷിക്കുകയോ, കുളിക്കുകയൊ ചെയ്തട്ടില്ല.' പിന്നീട് പതിനാറു വർഷം പാകം ചെയ്യാത്ത ഭക്ഷണം കഴിച്ച് ജീവിച്ചശേഷം പാകം ചെയ്ത ഭക്ഷണം കഴിക്കണമെന്ന ആഗ്രഹമുണ്ടായിയെങ്കിലും റൊട്ടിപോലും കഴിച്ചിട്ടില്ല.' ഏതാനം ഔഷധ ചെടികളും കഞ്ഞിയും പരിപ്പും ഭക്ഷിച്ച് രണ്ടു വർഷം കൂടെ ജീവിച്ച് മരണം പ്രാപിച്ചു. എവാഗ്രിസിന് അൻപത്തിനാലു വയസ്സുള്ളപ്പോൾ AD 398ൽ മരിക്കുന്നതിന് അല്പം മുൻപായി അദ്ദേഹം ഇപ്രകാരം പറഞ്ഞു. 'അദ്ധ്വാനത്തിന്റെയും പരിശ്രമത്തിന്റെയും നിരന്തരമായ പ്രാർത്ഥനയുടെയും ദീർഘമായ ജീവിതത്താൽ മൂന്നു വർഷമായി ജഢീക ആഗ്രഹങ്ങളാൽ എനിക്ക് ക്ലേശിക്കേണ്ടി വന്നിട്ടില്ല.'

സന്യാസിയും എഴുത്തുകാരനുമായ വിശുദ്ധ എവാഗ്രിസിന്റെ ഓർമ്മ സുറിയാനി സഭ ജനുവരി 16-ാം തീയതി ആചരിക്കുന്നു.

# 19. രക്തസാക്ഷിയായ വിശുദ്ധ യൂജിനിയ

**(AD 2-3 നൂറ്റാണ്ട്)**

ഫിലിപ്പിന്റെയും ക്ലൗദിയയുടെയും മകളായ യൂജിനിയ റോമിൽ ജനിച്ചു. പിതാവായ ഫിലിപ്പിനെ കമ്മോഡസ് ചക്രവർത്തി (AD 180–192) ഈജിപ്റ്റിന്റെ ഭരണ ചുമതല ഏല്പ്പിച്ചതിനാൽ ക്ലൗദിയ അലക്സാന്ത്രിയായിലായിരുന്നു താമസിച്ചിരുന്നത്. സുന്ദരിയായിരുന്ന യൂജിനിയയെ വിവാഹം കഴിക്കുന്നതിന് പല യുവാക്കളും ആഗ്രഹിച്ചിരുന്നെങ്കിലും യൂജിനിയ അതെല്ലാം നിരസിച്ചു (https://oca.org/saints/lives/2000/12/24/103631-nun-martyr-eugenia-of-rome).

ദൈവാനുഗ്രഹത്താൽ യൂജിനിയ പൗലോസ് അപ്പോസ്തോലന്റെ ലേഖനങ്ങൾ പരിചയപ്പെടുവാനിടയായി. അവൾ ക്രിസ്തീയ വിശ്വാസം സ്വീകരിക്കുവാനാഗ്രഹിച്ചെങ്കിലും മാതാപിതാക്കന്മാരെ ആ കാര്യം അറിയിച്ചിരുന്നില്ല. കമ്മോഡസ് ചക്രവർത്തി ക്രിസ്ത്യാനികളെ അലക്സന്ത്രിയയിൽ നിന്നുംനാടുകടത്തുന്നതിന് ഉത്തരവിട്ടിരുന്നു. ക്രിസ്തീയ വിശ്വാസത്തെ സംബന്ധിച്ച് കൂടുതൽ പഠിക്കുന്നതിനുവേണ്ടി യൂജിനിയ രണ്ട് പരിചാരികന്മാരായ പ്രോട്ടസ്, ഹിയസിന്തസ് എന്നിവരോടു കൂടെ പുരുഷവേഷം ധരിച്ച് പട്ടണത്തിന് പുറത്തേക്ക് യാത്രചെയ്തു. ഒരു ആശ്രമത്തിലെ ഏലിയാസ് (ഹെലനോപോലീസിലെ ഹെലനസ്?) മെത്രാപ്പോലീത്ത അവരെ സ്നാനം കഴിപ്പിച്ചു.

വിശുദ്ധ യൂജിനിയക്ക് അവളുടെ സന്യാസചര്യകൾ വഴിയായി സൗഖ്യനൽവര സിദ്ധി ലഭിച്ചിരുന്നു. പിന്നീട് യൂജിനിയയുടെ മാതാപിതാക്കന്മാരും സഹോദരങ്ങളും

സ്നാനം ഏല്ക്കുകയുണ്ടായി. പിതാവായ ഫിലിപ്പിനെ ജോലിയിൽ നിന്നും നീക്കം ചെയ്യുകയും അലക്സന്ത്രിയയിലെ ക്രിസ്ത്യാനികൾ ഫിലിപ്പിനെ അവരുടെ മെത്രാപ്പോലീത്തയായി തെരഞ്ഞെടുക്കുകയും ചെയ്തു. പുതുതായി ഫിലിപ്പിനു പകരം ചുമതലയേറ്റ ഉദ്യോഗസ്ഥൻ ഫിലിപ്പിനെ കൊലചെയ്യുന്നതിന് പട്ടാളക്കാരെ അയച്ചു. ഫിലിപ്പ് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ അദ്ദേഹത്തെ മുറിവേല്പിക്കുകയും മൂന്നു ദിവസത്തിനുശേഷം നിര്യാതനാകുകയും ചെയ്തു.

യൂജിനയയുടെ മാതാവായ ക്ലൗദിയ മക്കളോടും പരിചാരകന്മാരോടും കൂടെ റോമിലേക്ക് മടങ്ങിപോയി. യൂജിനിയ അവളുടെ സന്യാസ ജീവിതം തുടരുകയും അനേകം യുവതികളെ ക്രിസ്തുവിങ്കലേക്കു കൊണ്ടുവരികയും ചെയ്തു. ക്ലൗദിയ റോമിൽ അലഞ്ഞു നടക്കുന്നവരെ സംരക്ഷിക്കുന്നതിന് ഒരു സത്രം പണിയുകയും ദരിദ്രരെ സഹായിക്കുകയും ചെയ്തു. സമാധാനപരമായി കുറെ വർഷങ്ങൾ പിന്നിട്ടപ്പോൾ ഗലീനസ് ചക്രവർത്തി (AD 260-268) ക്രിസ്ത്യാനികളെ പീഡിപ്പിക്കുന്നതിന്റെ തീവ്രത വർദ്ധിപ്പിക്കുകയും പലരും ക്ലൗദിയയുടെയും യൂജിനിയയുടെയും അടുക്കൽ അഭയം തേടുകയും ചെയ്തു.

ബാസ്സില എന്ന ചക്രവർത്തി കുടുംബത്തിലെ ഒരു അനാഥ റോമൻ പെൺകുട്ടി ക്രിസ്ത്യാനികളെ കുറിച്ചും യൂജിനിയയെക്കുറിച്ചും കേൾക്കുന്നതിനിടയായി. അവൾ ക്രിസ്ത്യാനികളുടെ പഠിപ്പിക്കലുകളെ സംബന്ധിച്ച് അവളെ എഴുതിയറിയിക്കുന്നതിനായി ഒരു വിശ്വസ്ത പരിചാരകയെ യൂജിനയയുടെ അടുക്കൽ അയച്ചു. യൂജിനിയ അവളുടെ സ്നേഹിതരേയും സഹസന്യാസികളായ പ്രോട്ടസിനെയും ഹിയസിന്തയേയും ബാസ്സിലയോടു സംസാരിക്കുന്നതിനയച്ചു. തുടർന്ന് ബാസ്സില വിശുദ്ധ മാമോദീസ സ്വീകരിച്ചു ബാസ്സില പോംപെയുമായി വിവാഹം നിശ്ചയിച്ചിരുന്നു. ബാസ്സില വിവാഹത്തിനു സമ്മതിയ്ക്കായ്കയാൽ വാളിനാൽ കൊല്ലപ്പെട്ടു.

യൂജിനിയയെ ഒരു കുഴിയിൽ പത്തു ദിവസം പാർപ്പിക്കുകയും ഒടുവിൽ വാളാൽ കൊല്ലപ്പെടുകയും ചെയ്തു. യൂജിനിയയുടെ ഓർമ്മ അവളുടെ മാതാപിതാക്കന്മാരുടെ ഓർമ്മയോടുകൂടെ ഡിസംബർ 24-ാം തീയ്യതി സുറിയാനി സഭ ആചരിക്കുന്നു.

# 20. രക്തസാക്ഷിയായ വിശുദ്ധ മമ്മാസ്

**(AD 260? - AD 275?)**

മമ്മാസ് ഏഷ്യ മൈനറിലെ പഫലഗോണിയയിൽ ഉദ്ദേശം AD 260ൽ ജനിച്ചു. മമ്മാസിന്റെ പിതാവായ തിയൊഡോറ്റസും മാതാവായ റൂഫിനയും ദൈവഭക്ത രായിരുന്നു. അവർ വിശ്വാസം ഏറ്റുപറഞ്ഞതിനാൽ കപ്പ ദോക്യയിലെ കൈസര്യയിൽ വച്ച് തടവിലാക്കപ്പെട്ടു.

തന്റെ ബലഹീനത മനസ്സിലാക്കിയിരുന്ന തിയൊ ഡോറ്റസ് കഠിനമായ പീഢകൾ അനുഭവിക്കുന്നതിനു മുൻപ് തന്റെ ജീവിനെടുക്കണമെന്ന് നാഥനോട് പ്രാർ ത്ഥിച്ചു. അപ്രകാരം തടവിൽ വച്ച് നിര്യാതനായി. തിയൊഡോറ്റസിന്റെ മരണശേഷം പ്രായം തികയാത്ത ഒരു കുഞ്ഞിനെ പ്രസവിച്ച റൂഫിനയും നിര്യാതയായി. അനാഥനായ കുഞ്ഞിന് ദൈവം സംരക്ഷകനായിരിക്കട്ടെ എന്ന പ്രാർത്ഥനയായിരുന്നു റൂഫിനക്കുണ്ടായിരുന്നത് (https://oca.org/saints/lives/2008/09/02/102459-martyr-mamas-of-caesarea-in-cappadocia).

റൂഫിനയുടെ അന്ത്യനാളിലെ പ്രാർത്ഥന ദൈവം കേട്ട് അമ്മിയ എന്ന വിധവ അനാഥനായ കുഞ്ഞിന്റെ സംരക്ഷണം ഏറ്റെടുത്ത് സ്വന്തം കുഞ്ഞിനെപോലെ വളർത്തി. വളർത്തമ്മയായ അമ്മിയ മമ്മാസിനെ ദൈവ ഭയത്തിൽ വളർത്തുകയും വിദ്യാഭ്യാസം നൽകുകയും ചെയ്തു. മമ്മാസ് തന്റെ ജീവിത മാതൃകകൊണ്ടും ജ്ഞാനപൂർണ്ണമായ സംഭാഷണം കൊണ്ടും സമപ്രായ ക്കാരായ പലരേയും ക്രിസ്തീയ വിശ്വാസത്തിലേക്കു ആനയിച്ചു.

ഗവർണറായ ഡെമൊക്രിറ്റസ് മമ്മാസിന്റെ പ്രവർത്തനങ്ങൾ അറിയുന്നതിനിടയാകുകയും ബന്ധിക്കപ്പെട്ട് വിചാരണക്കായി കൊണ്ടുവരപ്പെടുകയും ചെയ്തു. ഡെമൊക്രിറ്റസ് മമ്മാസിനെ പീഢനങ്ങൾ ഏല്പ്പിക്കാതെ ചക്രവർത്തിയായ ഔറേലിയന്റെ (AD 270-275) അടുക്കൽ അയച്ചു. മമ്മാസ് വിശ്വാസം ഏറ്റുപറയുകയും തുടർന്ന് കഠിന പീഢനകൾ ഏല്ക്കുകയും മുക്കി കൊല്ലുന്നതിന് ശ്രമിക്കുകയും ദൈവത്തിന്റെ മാലാഖ മമ്മാസിനെ രക്ഷിക്കുകയും ചെയ്തു. അതിനുശേഷം മമ്മാസ് കൈസര്യയിൽ നിന്ന് അധികം ദൂരത്തല്ലാത്ത വിജനപ്രദേശത്ത് തീഷ്ണമായ സന്യാസചര്യകളിൽ ജീവിക്കുകയും ചെയ്തു.

മമ്മാസിന് വന്യമൃഗങ്ങൾ കുട്ടാളികളായിരുന്നു. മാനിന്റെയും കാട്ടാടിന്റെയും പാൽ മമ്മാസിന് ആഹാരമായിരുന്നു. ദരിദ്രരായവർക്ക് മമ്മാസ് പാൽക്കട്ടി ഉണ്ടാക്കി കൊടുക്കുമായിരുന്നു. കൈസര്യയിലെങ്ങും മമ്മാസിന്റെ നാമം പ്രസിദ്ധമായി.

മമ്മാസിനെ അറസ്റ്റ് ചെയ്യുന്നതിനായി ഗവർണർ പട്ടാളക്കാരെ അയച്ചു. മമ്മാസ് ഒരു ആട്ടിടയനാണെന്ന് കരുതിയ പട്ടാളക്കാരോട് മമ്മാസ് തന്നെതന്നെ വെളിപ്പെടുത്തുകയും അവരോടു കൂടെ പോകുകയും ചെയ്തു. അലക്സാണ്ടർ എന്ന ഡെപ്യൂട്ടി ഗവർണർ മമ്മാസിനെ നിരന്തരമായും കഠിനമായും പീഢിപ്പിച്ചു. വന്യമൃഗങ്ങൾക്ക് എറിഞ്ഞുകൊടുക്കപ്പെട്ട മമ്മാസിനെ മൃഗങ്ങളൊന്നും തൊടുകപോലും ചെയ്തില്ല. ഒടുവിൽ മമ്മാസിനെ ജീവഹാനിവരത്തക്കവിധം കുന്തത്താൽ മുറിവേൽപ്പിക്കുകയും പട്ടണത്തിനു പുറത്ത് ഒരു ഗുഹയിൽ രക്തസാക്ഷിയാകുകയും ചെയ്തു.

കൈസര്യയിലെ മോർ ബസ്സേലിയോസും നസിയാൻസനിലെ മോർ ഗ്രീഗോറിയോസും വിശുദ്ധ മമ്മാസിനെക്കുറിച്ച് ഏറെ ആദരവോടെയാണ് സംസാരിച്ചിട്ടുള്ളത് (Thurston & Attwater, 1990, Vol. III). നിങ്ങൾ രക്തസാക്ഷിയായ

വിശുദ്ധ മമ്മാസിനെ ഓർക്കണം. ഇവിടെ (കൈസര്യ യിൽ) ജീവിക്കുന്ന നിങ്ങൾക്ക് അദ്ദേഹം ഒരു സഹായ കനാണ്. 'അവന്റെ മദ്ധ്യസ്ഥത യാചിക്കുന്നവർ സഹാ യങ്ങൾ പ്രാപിക്കുന്നു. ജീവിതത്തിൽ വഴിതെറ്റിയവരെ അദ്ദേഹം ശരിയായ പാതയിൽ കൊണ്ടുവന്നിട്ടുണ്ട്.'

വി. മമ്മാസിന്റെ ഓർമ്മ മെയ് 3, 29 എന്നീ തിയ തികളിലും സെപ്റ്റംബർ 2-ാം തീയതിയും സുറിയാനി സഭ ആചരിക്കുന്നു.

# 21. രക്തസാക്ഷിയായ വിശുദ്ധ ഈറിനി

**(AD ? - AD 384?)**

മഹാനായ കുസ്തന്തീനോസ് ചക്രവർത്തിയുടെ ഭരണകാലത്ത് പേർഷ്യൻ നഗരമായ മാഗിഡസിൽ ഈറിനി ജനിച്ചു. ഈറിനി എന്ന ഗ്രീക്കു പദത്തിന് സമാധാനം എന്നാണർത്ഥം (. http://www.antiochian.org/111681 4202). ആ പ്രദേശത്തിന്റെ ഗവർണറായ ലിസിനിയസിന്റെ മകളായിരുന്നു ഈറിനി. ലിസിനിയസ് തന്റെ ഏക മകളായ ഈറിനിയെ (ഐറീൻ) അന്നത്തെ രീതിയിൽ കൊട്ടാരത്തിൽ വളർത്തി. എട്ടുവയസ്സായപ്പോൾ പ്രശസ്തനായ അപ്പിലാനിയോസിന്റെ കീഴിൽ വിദ്യാഭ്യാസം ആരംഭിക്കുകയും ചെയ്തു.

പത്തുവർഷം ഈറിനിയെ പഠിപ്പിച്ച അപ്പിലാനിയോസാണ് ഈറിനിയുടെ ജീവചരിത്രം എഴുതിയിട്ടുള്ളത്. കർത്താവിന്റെ മാലാഖ ഈറിനിക്കു പ്രത്യക്ഷപ്പെടുകയും അവളെ സ്വന്തജനത്തിന്റെ ഇടയിൽ മശിഹായുടെ ശബ്ദമായി തെരഞ്ഞെടുത്തിരിക്കുന്നുവെന്നറിയിക്കുകയും ചെയ്തു. ഈറിനി ഇക്കാര്യം അപ്പിലാനിയോസിനെ അറിയിച്ചപ്പോൾ അദ്ദേഹം ഇപ്രകാരം പറഞ്ഞു: ‘ആ വഴിക്കുള്ള യാത്രയിൽ ഏറെ പ്രതിബന്ധങ്ങളുണ്ടാകും അത് ശ്രമകരമായിരിക്കും.’ എന്നാൽ ഈറിനിയുടെ വിശ്വാസം അവളെ അതിനു പ്രാപ്തയാക്കുമെന്ന് അവൾ ഉറച്ചുവിശ്വസിച്ചു.

പിതാവായ ലിസിനിയസ് ഈറിനിയുടെ ക്രിസ്തുമതത്തോടുള്ള അഭിനിവേശം യൗവനത്തിന്റെ ഉത്സാഹമാണെന്നും ആ ഭ്രാന്ത് ഉപേക്ഷിക്കുന്നതാണ് നല്ലതെന്നും അവളെ ഉപദേശിച്ചു. ഈറിനി ക്രിസ്തുവിലുള്ള അവളുടെ വിശ്വാസത്തെ ആവർത്തിച്ചു പ്രഖ്യാപിച്ചപ്പോൾ

അത് സഹിക്കാവുന്നതല്ല എന്ന് ലിസിനിയസ് ശക്തമായ മുന്നറിയിപ്പ് നൽകി. ഈറിനി ഇതുകൊണ്ടൊന്നും പിൻ മാറാത്തതിനാൽ അവളെ കുതിരകളെക്കൊണ്ട് ചവിട്ടി മെതിപ്പിക്കുന്നതിന് പൊതുസ്ഥലത്ത് കൊണ്ടുവരികയും അബദ്ധത്തിൽ ലിസിനിയസ് ചവിട്ടി മെതിക്കപ്പെടുകയും ചെയ്തു. ഈറിനി തന്റെ പിതാവിന്റെ അടുത്ത് ഓടിയെ ത്തുകയും പ്രാർത്ഥിക്കുകയും തുടർന്ന് സുഖപ്പെടുകയും ചെയ്തു. തുടർന്ന് ലിസിനിയസ് അനുതപിക്കുകയും മാമോദീസ ഏല്ക്കുകയും ചെയ്തു. ഈ കാരണത്താൽ പേർഷ്യൻ രാജാവായ സെഡീസിയൻ, ലിസിനിയസിനെ ഗവർണർ സ്ഥാനത്തു നിന്നു നീക്കി.

ഈറിനിയെ ഒരു മന്ത്രവാദിയായി കരുതിയ സെഡി സിയൻ ഈറിനി ക്രിസ്തുമത വിശ്വാസം ഉപേക്ഷിച്ചാൽ പിതാവിന് ഗവർണറായി ജോലി തിരിച്ചു നൽകാമെന്ന് വാഗ്ദാനം ചെയ്തു. മാത്രവുമല്ല ഈറിനിയെ സ്വതന്ത്ര യാക്കാമെന്നും ഉറപ്പു കൊടുത്തു. ഈറിനി വിശ്വാസം ത്യജിക്കുന്നതിന് സന്നദ്ധയായില്ല. തുടർന്ന് ജയിലിലടച്ചു. അവിടെ ജീവൻ നിലനിർത്തുന്നതിന് അത്യാവശ്യം വേണ്ട ഭക്ഷണം മാത്രം നൽകുകയും മനുഷ്യത്വരഹി തമായ ക്രൂരതയ്ക്ക് വിധേയയാക്കുകയും ചെയ്തു. സെഡീസിയൻ മരിച്ചതിനുശേഷം ഈറിനിയെ ജയിലിൽ നിന്ന് വിട്ടയച്ചു.

ആരോഗ്യം വീണ്ടെടുത്തശേഷം ഈറിനി ആ ദേശ ത്തെല്ലാം മിശിഹായുടെ സുവിശേഷം അറിയിക്കുകയും ആയിരങ്ങളെ ക്രിസ്തുവിങ്കലേക്ക് പരിവർത്തനം ചെയ്യു കയും ചെയ്തു. സെഡീസിയൻ രാജാവിന്റെ പിൻഗാമിക ളായ സാവർ, നുമേറിയനസ്, സവോറിയൻ എന്നിവർക്ക് ഈറിനിയുടെ പ്രവർത്തനങ്ങൾ തടയാനായില്ല. പിന്നീട് ഈറിനി ജയിലിലടക്കപ്പെടുകയും, പീഡിപ്പിക്കപ്പെടു കയും ചെയ്തിട്ട് പ്രയോജനമില്ലെന്ന് മനസ്സിലായതിനാൽ AD 384 മെയ് മാസം 5-ാം തീയതി ശിരഛേദനം ചെയ്തു. ഈറിനിയുടെ ഓർമ്മ സുറിയാനി സഭ മെയ് 5-ാം തീയതി ആചരിക്കുന്നു.

## 22. ഹെരാക്ലിയയിലെ മോർ തോമ

### (AD ? - AD 627?)

തോമസ് പലസ്തീനിലെ ഒരു ഗ്രാമമായ ഹെരാക്ലിയയിൽ ജനിച്ചു. തോമസ് കെന്നശ്രീൻ ദയറായിൽ പഠിക്കുകയും സുറിയാനിയും ഗ്രീക്കും സ്വായത്തമാക്കുകയും ചെയ്തു. റ്റർ ഈൽ ദയറായിൽ സന്യാസിയായ തോമസ് അഗാധമായ പാണ്ഡിത്യം നേടുകയും വളരെ അധികം രചനകൾ നിർവ്വഹിക്കുകയും ചെയ്തു (http://www.soc-wus.org/ourchurch/Mor%20Tuma% 20Harqaloyo.htm).

ആറാം നൂറ്റാണ്ടിന്റെ അവസാനദശകത്തിൽ തോമസ് സന്യാസി മാബൂഗിലെ മെത്രപ്പോലീത്തയായി വാഴിക്കപ്പെട്ടു. രാജാവിനെ അനുകൂലിച്ച മെലിറ്റിനിലെ ഡൊമിഷ്യൻ മെത്രാപ്പോലീത്ത, മൗറീസ് ചക്രവർത്തിയുടെ സഹായത്തോടെ മോർ തോമ മെത്രാപ്പോലീത്തയെ പീഡിപ്പിക്കുകയും AD 599ൽ മോർ തോമ മെത്രാപ്പോലീത്ത ഈജിപിറ്റിലേക്ക് രക്ഷപ്പെടുകയും ചെയ്തു. പിന്നീട് മടങ്ങി വന്നെങ്കിലും പേർഷ്യൻ അധിനിവേശമുണ്ടായപ്പോൾ രണ്ടാമതും ഈജിപ്റ്റിലേക്കു പോകുകയും അലക്സന്ത്രിയായ്ക്കു സമീപമുള്ള എനാറ്റൻ ദയറായിൽ താമസിക്കുകയും ചെയ്തു. അവിടെ താമസിച്ചിരുന്ന കാലഘട്ടത്തിൽ പുതിയ നിയമത്തിന്റെ ഒരു പരിഷ്ക്കരിച്ച പതിപ്പ് AD 616ൽ തയ്യാറാക്കുകയും ചെയ്തു. ഈ പതിപ്പ് പണ്ഡിതരായ ദൈവശാസ്ത്രജ്ഞന്മാരുടെ ഇടയിൽ ഉന്നതമായ സ്ഥനം അലങ്കരിക്കുകയും 'ഹെരാക്ലിയൻ പതിപ്പ്' എന്നറിയപ്പെടുകയും ചെയ്യുന്നു (Aphrem I, 2003).

മേൽ പറഞ്ഞ സുറിയാനി പുതിയനിയമത്തിന്റെ പരിഷ്ക്കരിച്ച പതിപ്പ് മോർ തോമാ മെത്രാപ്പോലീത്താ

യുടെ നാമം അനശ്വരമാക്കി തീർത്തു (for a detailed discussion, see, Smith & Wace, 1887, Vol. IV, pp. 1015-1021). ഈ പതിപ്പ് കിഴക്കും പടിഞ്ഞാറുമുള്ള പുസ്തകശാലകളിൽ സൂക്ഷിക്കപ്പെടുകയും സഭയുടെ ആരാധനകളിൽ ഉപയോഗത്തിലിരിക്കുകയും ചെയ്യുന്നു. ഓക്സ്ഫോർഡ് ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന സങ്കീർത്തന പുസ്തകത്തിലെ ഒരു കുറിപ്പിൽ ഈ സങ്കീർത്തനങ്ങൾ ആദ്യമായി മോർ ആദായി ശ്ലീഹാ വിവർത്തനം ചെയ്തുവെന്നും വീണ്ടും മാബൂഗിലെ മോർ ഫീലക്സീനോസ് തർജ്ജമ ചെയ്തുവെന്നും പിന്നീട് അലക്സന്ത്രിയായിൽ വച്ച് മോർ തോമാ മെത്രപ്പോലീത്ത പരിഷ്കരിച്ചുവെന്നു രേഖപ്പെടുത്തിയിട്ടുണ്ട് (Aphrem I, 2003).

മോറാൻ അത്താനാസിയോസ് ഒന്നാമൻ ഗമാലൊ പാത്രിയർക്കീസ് (AD 595-631) ബാവായോടുകൂടെ മോർ തോമ മെത്രാപ്പോലീത്ത അലക്സന്ത്രിയൻ സഭയുമായുള്ള ഐക്യ ചർച്ചകളിൽ പങ്കെടുത്തു. ഹെരാസിയസ് ചക്രവർത്തിയെ AD 627ൽ മാബൂഗിൽവച്ച് സന്ദർശിക്കുന്നതിന് പാത്രിയർക്കീസ് ബാവായോടുകൂടെ പോകുകയുണ്ടായി.

മോർ തോമാ മെത്രാപ്പോലീത്ത 'നിത്യനും ആർദ്രതയുള്ളവനുമായ നാഥ' എന്നു തുടങ്ങുന്ന ഒരു വി. കുർബ്ബാന ക്രമം ക്രമീകരിച്ചിട്ടുണ്ട്. ഇതുകൂടാതെ ദീവന്നാസിയോസ് അറിയൊപാഗേറ്റ്, മോർ ബാസ്സേലിയോസ്, നസിയാൻസനിലെ മോർ ഗ്രീഗോറിയോസ്, സ്വർണ്ണനാവുകാരനായ മോർ ഈവാനിയോസ് എന്നിവരുടെ ക്രമങ്ങൾ മോർ തോമ സുറിയാനിയിലേക്ക് വിവർത്തനം ചെയ്തു. ഇദ്ദേഹം കാലം ചെയ്ത വർഷം ലഭ്യമല്ല (Smith & Wace, 1887, Vol. IV). ഹെരാക്ലിയയിലെ മോർ തോമാ മെത്രാപ്പോലീത്തായുടെ ഓർമ്മ ജൂൺ 26-ാം തീയതി സുറിയാനി സഭ ആചരിക്കുന്നു.

# 23. റ്റെല്ലയിലെ മോർ യൂഹാനോൻ

**(AD 483 - AD 538)**

റ്റെല്ലയിലെ മോർ യൂഹാനോൻ (ജോൺ ബർ കുർസോസ്) AD 483ൽ അൽ റാക്കയിൽ ജനിച്ചു. യൂഹാനോന്റെ മാതാപിതാക്കന്മാർ ധനികരായിരുന്നു. അതിനാൽ യൂഹാനോൻ നല്ല വിദ്യാഭ്യാസം നേടുകയും സുറിയാനിയിലും ഗ്രീക്കു ഭാഷയിലും പ്രാവീണ്യം നേടുകയും ചെയ്തു (Aphrem I, 2003; Malaty, 2005).

യൂഹാനോൻ കുറച്ചുകാലം പട്ടാളത്തിൽ സേവനമനുഷ്ടിക്കുകയും പിന്നീട് AD 506ൽ മോർ സാഖാ ദയറായിൽ ചേർന്നു സന്യാസം സ്വീകരിക്കുകയും ചെയ്തു. തുടർന്ന് ദൈവശാസ്ത്രവും മറ്റുവിഷയങ്ങളും പഠിച്ച് പുരോഹിതനാകുകയും ചെയ്തു.

AD 519ൽ യൂഹാനോൻ റ്റെല്ലയുടെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. പാത്രിയർക്കീസ് ബാവായുടെ ഒരു പൊതുപ്രതിനിധിയായി മോറാൻ സേവേറിയോസ് പാത്രിയർക്കീസ് (AD 512-538) മോർ യൂഹാനോനെ നിയമിക്കുകയുണ്ടായി. സത്യവിശ്വാസം മുറുകെ പിടിച്ചതിനാൽ ഉദ്ദേശം AD 521ൽ ജസ്റ്റിൻ ഒന്നാമൻ മോർ യൂഹാനോനെ നാടുകടത്തി. സത്യവിശ്വാസം പ്രചരിപ്പിച്ചും അനേകം ശെമ്മാശന്മാരേയും പുരോഹിതന്മാരേയും വാഴിച്ചും മോർ യൂഹനോൻ സഭയെ നിലനിർത്തി. പിന്നീട് ജസീറയിൽ അഭയം കണ്ടെത്തുകയും ഒടുവിൽ സിഞ്ചാറിൽ വന്നു താമസിക്കുകയും ചെയ്തു. അവിടെ പതിനാറു വർഷം ചിലവഴിക്കുകയും ചെയ്തു.

മോർ യൂഹാനോൻ സത്യവിശ്വാസം സംരക്ഷിക്കുന്നതിനുവേണ്ടി മൂന്നു തവണ പേർഷ്യ സന്ദർശിക്കു

കയും AD 532–533 കാലഘട്ടത്തിൽ കുസ്തന്തിനോസ് പോലീസിലേക്കു പോകുകയും ചെയ്തു. സിസിബിനിലെ ഗവർണർ മോർ യൂഹാനോനെ അറസ്റ്റു ചെയ്യുകയും AD 537 ൽ റാസ് അയിനിൽ ഒരു കൗൺസിൽകൂടി മോർ യൂഹാനോനെ സത്യവിശ്വാസത്തിൽ നിന്ന് പിൻതിരിപ്പിക്കാൻ ശ്രമിച്ചെങ്കിലും വിജയിച്ചില്ല. തുടർന്ന് മോർ യൂഹാനോനെ തടവിലാക്കുകയും ബുദ്ധിമുട്ടിക്കുകയും ചെയ്തു.

മോർ യൂഹാനോൻ എല്ലാ കഷ്ടപ്പാടുകളും സഹിച്ച് അൻപത്തിയഞ്ചാമത്തെ വയസ്സിൽ AD 538 ഫെബ്രുവരി 6–ാം തീയതി കാലം ചെയ്തു. മോർ യൂഹാനോന്റെ ശിഷ്യനും സഹാചാരിയുമായിരുന്ന ഏലിയ സന്യാസിയാണ് മോർ യൂഹാനോന്റെ ജീവചരിത്രം എഴുതിയത്. മോർ യൂഹാനോന്റെ ദയറായിൽ താമസിച്ചിരുന്ന സന്യാസികൾക്കുവേണ്ടി എഴുതിയ 48 നിയമങ്ങൾ, ഗ്രാമങ്ങളിൽ ശുശ്രൂഷ ചെയ്യുന്ന കശീശ്ശന്മാർക്കായി എഴുതിയ 27 നിയമങ്ങൾ, ത്രൈശുദ്ധകീർത്തനത്തെ സംബന്ധിക്കുന്ന വ്യാഖ്യാനം എന്നിവ റ്റെല്ലയിലെ മോർ യൂഹാനോന്റെ പ്രധാനപ്പെട്ട രചനകളാണ്. അതുകൂടാതെ സത്യവിശ്വാസം ഏറ്റുപറയുന്നതിനെ സംബന്ധിച്ച് അദ്ദേഹം ഇപ്രകാരം എഴുതി. 'അപ്പോസ്തോലനായ പൗലോസ് നമുക്കുവേണ്ടി ഒരു ആത്മീക അടിസ്ഥാനം ഇട്ടിട്ടുണ്ട് അത് വേദവിപരീതമാകുന്ന തിരമാലകൾക്ക് ഇളക്കുവാൻ കഴിയുകയില്ല.'

മോർ യൂഹാനോൻ സത്യവിശ്വാസം സംരക്ഷിക്കുന്നുതിന് അക്ഷീണം പ്രയത്നിച്ച ഒരു പിതാവാണ്. മോർ യൂഹാനോന്റെ ഓർമ്മ സുറിയാനി സഭ ഫെബ്രുവരി 6–ാം തീയതി ആചരിക്കുന്നു.

# 24. മർദ്ദീനിലെ മോർ യൂഹാനോൻ

(AD ? - AD 1165)

യൂഹാനോന്റെ ആദ്യത്തെ പേര് ജോസഫ് എന്നായിരുന്നു. എഡേസ്സായിൽ ജനിച്ച യൂഹാനോൻ എഡേസ്സായിലെ ഒരു മലയിൽ സന്യാസ ജീവിതം നയിച്ചു.

AD 1125ൽ മർദ്ദീനിന്റെയും സമീപ പ്രദേശങ്ങളായ ദാര, കബൂർ, കഫർ റ്റുറ്റ്, ടൽബാസെം എന്നിവയുടെ മെത്രാപ്പോലീത്തയായി സന്യാസിയായ യൂഹാനോൻ വാഴിക്കപ്പെട്ടു. മെത്രാപ്പോലീത്തയായ ശേഷം മോർ യൂഹാനോൻ ഭദ്രാസനത്തിന്റെ വളർച്ചയ്ക്കുവേണ്ടി കഠിനാദ്ധ്വാനം ചെയ്തു (Aphrem I, 2003).

മോർ ഹനനിയ ദയറാ (ദയർ ഉൾ സ്ഫ്രാൻ) പുനരുദ്ധരിക്കുകയും അതോടൊപ്പം ഇരുപത്തിനാല് ദയറാകളും പള്ളികളും പുനരുദ്ധരിക്കുകയും പുതുതായി നിർമ്മിക്കുകയും ചെയ്തു. AD 1153 ൽ മോർ ഇഗ്നാത്തിയോസ് രണ്ടാമൻ മഫ്രിയാനയുടെ അദ്ധ്യക്ഷതയിൽ മോർ ഹനനിയ ദയറായിൽ കൂടിയ കൗൺസിലിൽ സന്യാസികൾക്കായി കാനോനുകൾ പ്രാബല്യത്തിൽ വരുത്തി. ദയറാകളിൽ ധാരാളം സന്യാസികൾ ചേരുകയുണ്ടായി. കൗൺസിലിൽ നടപ്പിൽ വരുത്തിയ നാല്പതു കാനോനുകൾക്കു പുറമെ മോർ യൂഹാനോന്റെ ഭദ്രാസനത്തിലുള്ള സന്യാസിമാർക്കായി നാല്പത്തിയൊന്നു കാനോനുകളും ക്രമീകരിച്ചു.

മോർ യൂഹാനോൻ മെത്രാപ്പോലീത്ത കെട്ടിടങ്ങൾ രൂപ കല്പന ചെയ്യുന്നതിൽ പ്രഗൽഭനായിരുന്നു. അക്കാലത്തെ നിർമ്മാണ തത്വങ്ങളിൽ അദ്ദേഹത്തിന് ശ്ലാഘനീയമായ പ്രാവീണ്യമുണ്ടായിരുന്നു. അക്കാരണത്താൽ അദ്ദേഹം ഒരു ശ്രദ്ധാകേന്ദ്രമായിരുന്നു.

AD 1155 ൽ യേശു എന്ന ഒരാളെ അഭിസംബോധന ചെയ്തുകൊണ്ട് വി. മൂറോന്റെ ചേരുവകളെ സംബന്ധിച്ചും അതിന്റെ രഹസ്യത്തെ സംബന്ധിച്ചും ഒരു വിവരണവും രചിച്ചു. മുപ്പത്തിയാറു പേജുള്ള ഈ രചനയിൽ എതാനും അനുഷ്ഠാനങ്ങൾ സംബന്ധിച്ചും പ്രതിപാദിച്ചിട്ടുണ്ട്.

മോറാൻ മിഖായേൽ അദ്ദേഹത്തെ അനുസ്മരിച്ചുകൊണ്ട് ഒരു പദ്യം രചിച്ചിട്ടുണ്ട്. മോർ യൂഹാനോൻ AD 1165 ജൂലൈ 12-ാം തീയതി കാലം ചെയ്തു. മർദ്ദീനിലെ മോർ യൂഹാനോന്റെ ഓർമ്മ സുറിയാനി സഭ ജൂലെ 12-ാം തീയ്യതി ആചരിക്കുന്നു.

# 25. രക്തസാക്ഷിയായ തിയോഡോറ്റസ്

**(AD ? - AD 304)**

തിയോഡോറ്റസിനെ തെക്കൂസാ എന്ന സ്ത്രീയാണ് വളർത്തിയത്. ഇദ്ദേഹം ഗലാതൃയിലെ ആൻക്രിയ എന്ന സ്ഥലത്ത് ഒരു സത്രത്തിന്റെ സൂക്ഷിപ്പുകാരനായിരുന്നു. (Thurston & Attwater, 1990, Vol. II). ക്രിസ്തീയ വിശ്വാസത്തിൽ തീഷ്ണതയുണ്ടായിരുന്ന തിയോഡോറ്റസ് പലചരക്ക് കട നടത്തുന്നവനായിരുന്നുവെന്നും കടയിൽനിന്ന് വിൽക്കുന്ന സാധനങ്ങളെല്ലാം ആദ്യം ദേവന് സമർപ്പിച്ചതിനുശേഷമേ വിൽക്കാവൂവെന്ന് ഗവർണറായ തിയോടെക്നസ് ഉത്തരവിട്ടിരുന്നു. എന്നാൽ തിയോഡോറ്റസ് ക്രിസ്ത്യാനികൾക്ക് ദേവന് സമർപ്പിക്കാത്ത അപ്പവും വീഞ്ഞും വിറ്റുവന്നു (Smith & Wace, 1887, Vol. IV).

ഡയോക്ലീഷ്യന്റെ പീഢയുടെ ആദ്യ വർഷങ്ങളിൽ ഗ്രാമങ്ങളിലുള്ള ക്രിസ്ത്യാനികൾ അവരുടെ ജോലികൾ നിർവ്വഹിക്കുകയും ദിവസേനയുള്ള ആരാധനകൾ നടത്തുകയും ചെയ്തിരുന്നു. എന്നാൽ പട്ടണങ്ങളിലുള്ളവർ ഗവർണറായ തിയോടെക്നസിന്റെ കൈകളാൽ കൊടിയ പീഢനങ്ങളും മരണവും ഏൽക്കേണ്ടിവന്നു. തിയോഡോറ്റസ് തടവിലാക്കപ്പെട്ടിരുന്ന ക്രിസ്ത്യാനികളെ സഹായിക്കുകയും സ്വജീവൻ അപകടത്തിലാവുമെന്നറിഞ്ഞിട്ടും രക്തസാക്ഷികളുടെ മൃതദേഹങ്ങൾ സംസ്കരിക്കുകയും ചെയ്തിരുന്നു.

അതിനടുത്ത നാളുകളിൽ അർത്തീമിസിന്റെയും അത്തീനിന്റെയും ഉത്സവത്തിനോടനുബന്ധിച്ച് ദേവികളുടെ വിഗ്രഹങ്ങൾ കുളത്തിൽ കഴുകുകയും ദേവിക്കു സമർപ്പിക്കപ്പെട്ട സ്ത്രീകൾ പൊതു ജനങ്ങൾ കാൺകെ കുളിക്കുകയും ചെയ്തിരുന്നു. ആ സമയത്ത് തിയോഡോ

റ്റസിന്റെ വളർത്തമ്മയായ തെക്കൂസാ ഉൾപ്പടെ ഏഴ് ക്രിസ്ത്യാനികളായ സ്ത്രീകൾ തടവിലാക്കപ്പെട്ടിരുന്നു. ഈ സ്ത്രീകൾ ദേവികളുടെ പൂജാരിണികൾ ധരിക്കുന്ന ഉടയാടകളും ആഭരണങ്ങളും ധരിക്കണമെന്ന് തിയോടെക്നസ് ആവശ്യപ്പെട്ടു. അവർ ആ ആജ്ഞ നിരസിച്ചതിനാൽ അവരെ നഗ്നരാക്കി ഒരു തുറന്ന രഥത്തിൽ വിഗ്രഹങ്ങൾക്കു പുറകിലായി പ്രദർശിപ്പിക്കുകയും പിന്നീട് അവരുടെ ശരീരത്തിൽ കല്ലുകൾകെട്ടി മുക്കി കൊല്ലുകയും ചെയ്തു. തിയോഡോറ്റസ് ഈ മൃതശരീരങ്ങൾ പുറത്തെടുക്കുകയും കബറടക്കുകയും ചെയ്തു. അതിന്റെ പ്രതികാരമെന്നോണം തിയോഡോറ്റസിനെ അറസ്റ്റ് ചെയ്യുകയും ശിരഛേദനം ചെയ്യുകയും ചെയ്തു.

തിയോഡോറ്റസിന്റെ ശരീരം ദഹിപ്പിക്കുന്നതിനു ചിതയിൽ കിടത്തി. ആ സമയത്ത് ഒരു വലിയ പ്രകാശം ചിതയ്ക്കു ചുറ്റും കാണപ്പെടുകയും എല്ലാവരും ഭയചകിതരാകുകയും ചെയ്തു. തുടർന്ന് തിയോടെക്നസ് രാത്രി മുഴുവനും ആ ചിതയ്ക്ക് കാവലേർപ്പെടുത്തി. ഫ്രോൺറ്റോ എന്ന ഒരു കൃഷിക്കാരൻ (വൈദികൻ?) മുന്തിരിത്തോട്ടത്തിലെ വീഞ്ഞ് വിൽക്കുന്നതിനായി ആൻക്രിയയിലേക്കു വന്നപ്പോൾ ഏതാനും കാവൽക്കാർ രാത്രി കാവൽ നിൽക്കുന്നതിനുള്ള ഒരു കുടിലുണ്ടാക്കുന്നതായി കണ്ടു. കാര്യങ്ങൾ ഗ്രഹിച്ച ഫ്രോൺറ്റോ അവരെ വീഞ്ഞ് കുടിപ്പിച്ച് മത്തരാക്കുകയും തിയോഡോറ്റസിന്റെ മൃതശരീരം അവിടെ നിന്നും എടുത്ത് തിയോഡോറ്റസ് അടയാളപ്പെടുത്തിയിരുന്ന ഒരു രക്തസാക്ഷി മണ്ഡപത്തിൽ അടക്കുകയും ചെയ്തു. തിയോഡോറ്റസിനോട് കൂടെ തടവിലായിരുന്നു എന്ന് കരുതപ്പെടുന്ന നൈലസ്സാണ് ഈ ചരിത്രം രേഖപ്പെടുത്തിയിട്ടുള്ളത്.

തിയോഡോറ്റസിന്റെ ഓർമ്മ സുറിയാനി സഭ ഫെബ്രുവരി 11-ാം തീയതി ആചരിക്കുന്നു.

# 26. ബെസന്റിയൻ രാജ്ഞിയായ തിയഡോറാ

### (c. AD 500? - AD 548)

AD 451 ൽ കൽക്കദൂന സുന്നഹദോസ് ചേരുകയുണ്ടായി. ബൈസന്റയിൽ സംസ്ഥാനത്ത് കൽക്കദൂന സുന്നഹദോസിന്റെ തീരുമാനങ്ങൾ അംഗീകരിക്കാത്തവർക്ക് കൊടിയ പീഢനങ്ങൾ അനുഭവിക്കേണ്ടിവന്നു. അനേകർ കൊല്ലപ്പെടുകയോ നാടുകടത്തപ്പെടുകയോ ചെയ്തു. ഈ പ്രതിസന്ധിഘട്ടത്തിൽ ദൈവത്താൽ നിയോഗിക്കപ്പെട്ട പിതാവായിരുന്നു മോർ യാക്കോബ് ബുർദൊനോ (d. AD 578). നീതിമാൻമാരായ അപ്പോസ്തലന്മാരും സഭാപിതാക്കന്മാരും ഭരമേൽപ്പിച്ച സത്യവിശ്വാസം സംരക്ഷിക്കുന്നതിന് മോർ യാക്കോബ് ബുർദൊനൊ സഭാമക്കളെ ധൈര്യപ്പെടുത്തി (Zakka I, 2000).

കുസ്തന്തീനോസ് പോലീസിലെത്തിയ മോർ യാക്കോബ് ബുർദൊനൊയെ തിയൊഡോറാ രാജ്ഞി വലിയ ആദരവോടെ സ്വീകരിച്ചു. കൽക്കദൂന സുന്നഹദോസിന്റെ തീരുമാനങ്ങളെ നിരാകരിച്ച സുറിയാനി സഭയിലെയും കോപ്റ്റിക് സഭയിലെയും മെത്രാപ്പോലീത്തമാരെ രാജ്ഞി സഹായിച്ചു. അവരുടെ പങ്കപ്പാടുകൾ ലഘൂകരിക്കുന്നതിന് ശ്രമിക്കുകയും അവർക്ക് കൊട്ടാരത്തിൽ അഭയം നൽകുകയും ചെയ്തു.

തിയൊഡോറാ രാജ്ഞി AD 527 മുതൽ 548 വരെ ബൈസന്റിയത്തിലെ രാജ്ഞിയായിരുന്നു. തിയൊഡോറാ AD 500 (497?) ൽ സിറിയൻ പട്ടണമായ മാബൂഗിൽ ജനിച്ചു. തിയൊഡോറയുടെ പിതാവ് മെനോയുടെ മകനായ തെയൊഫിൽ (അക്കാസിയസ്?) സുറിയാനി സഭയിലെ

ഒരു പുരോഹിതനായിരുന്നു. തിയൊഡോറാ പുരോഹിതനായ പിതാവിന്റെ ഭവനത്തിൽ ക്രിസ്തീയ അന്തരീക്ഷത്തിൽ വളർത്തപ്പെട്ടു. പിതാവായ തെയോഫിൽ തിയൊഡോറക്ക് ഏഴ് വയസ്സ് പ്രായമായപ്പോൾ നിര്യാതനായി (Wace, 1911).

തിയൊഡോറ ബുദ്ധിമതിയും അതീവ സുന്ദരിയുമായിരുന്നു. അതുകൊണ്ട് തന്നെ ജസ്റ്റീനിയൻ അന്നത്തെ റോമൻ നിയമത്തിന് വിരുദ്ധമായി (റോമൻ പൗരനല്ലാത്ത) തിയൊഡോറയെ വിവാഹം കഴിക്കുന്നതിനാഗ്രഹിച്ചു. ജസ്റ്റീനിയനും തിയൊഡോറയും AD 525 ൽ വിവാഹിതരായി (Britannica, 2016). AD 527 ൽ ചക്രവർത്തിയായ ജസ്റ്റിനും, ജസ്റ്റീനിയന്റെ പിതാവും നിര്യാതരായി. തുടർന്ന് AD 527 ഏപ്രിൽ 4ാം തീയതി ജസ്റ്റീനിയനും തിയൊഡോറയും രാജാവും രാജ്ഞിയുമായി അവരോധിക്കപ്പെട്ടു. ഭരണാധികാരികളും ന്യായാധിപന്മാരും രണ്ടു പേരെയും ഭരണാധികാരികളായി അംഗീകരിച്ച് പ്രതിജ്ഞകളെടുക്കുകയുണ്ടായി.

ജസ്ററീനിയൻ കൽക്കദൂന സുന്നഹദോസിന്റെ തീരുമാനങ്ങളെ അനുകൂലിക്കുന്ന വ്യക്തിയായിരുന്നു. എന്നാൽ രാജ്ഞിയായ തിയൊഡോറ സുറിയാനി സഭാ പിതാക്കൻമാരുടെ വിശ്വാസം മുറുകെ പിടിക്കുന്നവളും കൽക്കദൂനാ സുന്നഹദോസിന്റെ തീരുമാനങ്ങളെ നിരസിക്കുന്നവളുമായിരുന്നു. പീഢനങ്ങളുടെ കൊടുങ്കാറ്റുകൾക്ക് തിയൊഡോറയുടെ വിശ്വാസത്തെ ഇളക്കുന്നതിന് സാധിച്ചില്ല (Zakka I, 2000; http://www.soc-wus.org/ourchurch/St.%20Theodora%20Empress.htm).

തിയഡോറ രാജ്ഞിയുടെ ബുദ്ധി വൈഭവവും രാഷ്ട്രീയ കാര്യങ്ങളിലെ ഗ്രഹണ വൈദഗ്ദ്യവും മൂലം ജസ്റ്റീനിയൻ ചക്രവർത്തിയുടെ വിശ്വസ്ത ഉപദേശകയായിരുന്നു തിയൊഡോറ. AD 532 ജനുവരി മാസത്തിലുണ്ടായ നിക്ക വിപ്ലവം അതിജീവിക്കുന്നതിന് ജസ്റ്റീനിയനെ പ്രാപ്തനാക്കിയത് തിയൊഡോറയായിരുന്നു. ഹിപ്പോഡ്രോമിൽ രണ്ടു വിരുദ്ധ ഗ്രൂപ്പുകൾ കലാപം ആരംഭിച്ചു.

ജസ്റ്റീനിയനും അദ്ദേഹത്തിന്റെ ഉദ്യോഗസ്ഥൻമാർക്കും ആ കലാപം നിയന്തിക്കുന്നതിന് സാധിച്ചില്ല. അവർ ആ ദേശത്തു നിന്ന് പാലായനം ചെയ്യുന്നതിനു തയ്യാറായി. ആ സന്ദർഭത്തിൽ തിയൊഡോറ രാജ്ഞി അത്യുജ്ജല മായ ഒരു പ്രസംഗം നടത്തി. അതിപ്രകാരമായിരുന്നു. 'ഏതൊരു മനുഷ്യനും ഉടൻ തന്നെയൊ പിന്നീടൊ മരി ക്കണം. എന്നാൽ ഒരു ചക്രവർത്തിക്ക് എങ്ങനെ ഒരു അഭ യാർത്ഥിയാകാൻ കഴിയും? ഒരു സുരക്ഷിത സ്ഥാനത്ത് എത്തികഴിയുമ്പോൾ മരണമായിരുന്നു കൂടുതൽ അഭി കാമ്യമായി തെരഞ്ഞെടുക്കേണ്ടിയിരുന്നതെന്നോർത്ത് ഖേദിക്കേണ്ടി വരികയില്ലേ?' ഈ പ്രസംഗത്തിൽ നിന്ന് ആവേശം ഉൾകൊണ്ട് ഹിപ്പോഡ്രോം ആക്രമിക്കുകയും ജസ്റ്റീനിയൻ വിജയം വരിക്കുകയും ചെയ്തു.

മുൻകാലങ്ങളിൽ രാജ്ഞിമാർ ഭരണകാര്യങ്ങളിൽ ഇടപെടുമായിരുന്നില്ല. തിയൊഡോറ ഈ പാരമ്പര്യത്തിന് ഒരു മാറ്റം വരുത്തി. പല നവീകരണ തീരുമാനങ്ങളിലും തിയൊഡോറ ശക്തമായ സ്വാധീനം ചെലുത്തി. സ്ത്രീക ളുടെ അവകാശങ്ങൾ വിപുലീകരിക്കുന്നതിനുള്ള പല തീരുമാനങ്ങളും കൈക്കൊണ്ടത് തിയൊഡോറ രാജ്ഞി യുടെ പ്രേരണയാലായിരുന്നു. തിയൊഡോറ രാജ്ഞി യുടെ പേര് അക്കാലത്ത് പ്രാബല്യത്തിൽ വരുത്തിയ മിക്കവാറും നിയമങ്ങളിൽ കാണാവുന്നതാണ് (Britannica, 2016). ആസ്പത്രികളും ഭവനരഹിതരായ സ്ത്രീകൾക്ക് താമസിക്കുന്നതിനുള്ള കോൺവെന്റുകളും നിർമ്മിക്കുന്ന തിനും, പാലങ്ങളും, ഇരുപത്തിയഞ്ചു പള്ളികളും നിർ മ്മിക്കുന്നതിനും തിയൊഡോറ മുൻകൈ എടുത്തു.

എഫേസോസിലെ സുറിയാനി ദിനവൃത്താന്തകനായ വിശുദ്ധ ജോണിന്റെ (d. AD 586?) എഴുത്തുകളിൽ നിന്നാണ് തിയോഡോറ രാജ്ഞിയെ കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമായിട്ടുള്ളത് (Zakka I, 2000). എന്നാൽ തിയൊഡോറ രാജ്ഞിയുടെ ദിനവൃത്താന്തകൻ പ്രോകൊപ്പിയസ് തിയൊഡോറയെ സംബന്ധിച്ച് മോശമായി ചിത്രീകരിച്ചി ട്ടുണ്ട് (Wace, 1911).

തിയൊഡോറ അവളുടെ മരണക്കിടക്കയിൽ ജസ്റ്റീനിയനെക്കൊണ്ട് 'അഭയാർത്ഥികളായ സത്യവിശ്വാസികളുടെ ചെറിയ സമൂഹത്തെ (കൽക്കദൂനരല്ലാത്ത) സംരക്ഷിക്കുമെന്ന്' സത്യം ചെയ്യിപ്പിച്ചു. അപ്രകാരം ജസ്റ്റീനിയൻ വാക്കുപാലിക്കുകയും ചെയ്തു. തിയൊഡോറ AD 548 ജൂൺ 28-ാം തീയ്യതി 48-ാമത്തെ (51-ാമത്തെ?) വയസ്സിൽ നിത്യവിശ്രമത്തിൽ പ്രവേശിച്ചു. തിയൊഡോറയെ അവർ തന്നെ പണിതുയർത്തിയ കുസ്തന്തീനോപോലീസിലെ വിശുദ്ധ അപ്പോസ്തോലന്റെ പള്ളിയിൽ കബറടക്കി. സുറിയാനി, കോപ്റ്റിക്ക് സഭകളിലെ പിതാക്കന്മാരെയും വിശ്വാസികളെയും സഹായിക്കുകയും സംരക്ഷിക്കുകയും ചെയ്ത തിയൊഡോറ രാജ്ഞിയുടെ ഓർമ്മ സുറിയാനി സഭ ജൂൺ 28-ാം തീയതി ആചരിക്കുന്നു.

# 27. ഏകാന്തവാസിയായിരുന്ന മോർ പലേഡിയസ്

## (c. AD 367? - AD 425?)

പലേഡിയസ് ഉദ്ദേശം AD 367 (363?) ൽ ഗലാത്യയിൽ ജനിച്ചു (Cayre, 1935, Vol. I). പലേഡിയസിന് ഇരുപത്തിയഞ്ചു വയസ്സുള്ളപ്പോൾ സന്യാസം സ്വീകരിച്ചു. ഇദ്ദേഹം എവാഗ്രീസിന്റെ (d. AD 399) ശിഷ്യനായിരുന്നു (Malaty, 2005). അക്കാലത്തെ സുപ്രസിദ്ധരായ ഏകാന്തവാസികളെ സന്ദർശിക്കുകയും അവരുടെ സന്യാസരീതികളെ മനസ്സിലാക്കുന്നതിന് ധാരാളം സ്ഥലങ്ങളിലേക്ക് യാത്ര ചെയ്യുകയും ചെയ്തു (Wace, 1911).

AD 387 ൽ പലേഡിയസ് ബേത്‌ലഹേം സന്ദർശിക്കുകയും യരുശലേമിൽ വച്ച് മെലാനിയ, റൂഫിനസ് എന്നിവരെ കണ്ടുമുട്ടുകയും ചെയ്തു. AD 388ൽ പലേഡിയസ് അലക്സന്ത്രിയായും സമീപ പ്രദേശങ്ങളിലെ ദയറാകളും സന്ദർശിക്കുകയുണ്ടായി (Malaty, 2005). ആ യാത്രയിൽ ദിദിമോസിനെ (d. AD 395) കണ്ടുമുട്ടുകയുണ്ടായി. തുടർന്ന് AD 390 ൽ പലേഡിയസ് നൈട്രിയായിലെ മരുഭൂമിയിലേക്ക് പിൻവാങ്ങി.

ഒരു വർഷം നൈട്രിയൻ മരുഭൂമിയിൽ താമസിച്ച ശേഷം മരുഭൂമിയുടെ ഉൾഭാഗങ്ങളിലേക്കു പോകുകയും ഒൻപതു വർഷം അവിടെ ചിലവഴിക്കുകയും ചെയ്തു (Cayre, 1935, Vol. I). ആ കാലഘട്ടത്തിൽ പലേഡിയസ്, മക്കാറിയോസ് (d. AD 390), എവാഗ്രീസ് (d. AD 399) എന്നിവരുമായി സംഭാഷണത്തിലേർപ്പെട്ടു. ഈജിപ്റ്റിലെല്ലായിടത്തും ഈ കാലഘട്ടത്തിൽ യാത്ര ചെയ്യുകയും പ്രധാനപ്പെട്ട എല്ലാ സന്യാസ ആശ്രമങ്ങളും സന്ദർശിക്കുകയും ചെയ്തു.

പലേഡിയസിന്റെ ആരോഗ്യനില മോശമായതിനാൽ പലസ്തീനിലേക്ക് മടങ്ങിവരികയും തുടർന്ന് ബിഥിനിയായിൽ വന്നെത്തുകയും ചെയ്തു. അവിടെ വച്ച് ഉദ്ദേശം AD 400 ൽ മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് വിളിക്കപ്പെട്ടു (Cayre, 1935, Vol. I; Malaty, 2005). സ്വർണ്ണ നാവുകാരനായ മോർ ഈവാനിയോസ് (ജോൺ ക്രിസോസ്റ്റം) പലേഡിയസിനെ ഹെലനൊപോലീസിലെ മെത്രാപ്പോലീത്തയായി വാഴിച്ചു. മോർ ഈവാനിയോസിനെ (AD 347-407) അനുഗമിച്ചവർക്കു നേരെയുണ്ടായ പീഢനത്തിന്റെ ആദ്യത്തെ ഇരയായിരുന്നു മോർ പലേഡിയസ്. മോർ ഈവാനിയോസിനെ അനുകൂലിക്കുന്ന മെത്രാപ്പോലീത്തന്മാരെയോ, പുരോഹിതരെയോ, വിശ്വാസികളെയൊ ഭവനങ്ങളിൽ താമസിപ്പിക്കുന്നവരുടെ വസ്തുവകകൾ കണ്ടുകെട്ടുമെന്ന് ഒരു വിളംബരം ഉണ്ടായി. അതേ തുടർന്ന് മോർ പലേഡിയോസും മറ്റുള്ള അനുയായികളും റോമിലേക്ക് പാലായനം ചെയ്തു.

AD 405ൽ മോർ പലേഡിയസിനെയും മറ്റുള്ളവരേയും റോമിൽ ഔദാര്യത്തോടെ സ്വീകരിക്കുകയുണ്ടായി. ഈ നല്ല അനുഭവത്തെ മോർ പലേഡിയസ് നന്ദിപൂർവ്വം അനുസ്മരിക്കുകയും മോർ ഈവാനിയോസ് റോമിലെ കുലീന സ്ത്രീകൾക്കും, പിനിയാനസിനും അദ്ദേഹത്തിന്റെ ഭാര്യക്കും നന്ദി അറിയിച്ചുകൊണ്ട് കുക്കുസസിൽ നിന്നും കത്തയക്കുകയും ചെയ്തു (Wace, 1911).

